2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | ത്രൈമാസിക | ₹ 10

# നക്ഷത്രരാജ്യം

The National, State, District, Village star news Kerala & India

ത്രൈമാസിക

CINEMA SPORTS ARTS & LITERATURE

**ONAM SPECIAL**





യു.എ ഖാദർ (കഥ)
രാജൻ ചിന്നങ്ങത്ത് (കഥ)
എം.എസ് കുമാർ (കഥ)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
മുണ്ട്യാടി ദാമോദരൻ (കവിത)
പൂനൂർ കെ കരുണാകരൻ (കവിത)
ഇബ്രാഹിം മൂർക്കനാട് (കവിത)
അഡ്വ. ടി.എം ഗോപാലകൃഷ്ണൻ (ലേഖനം)
അഷ്റഫ് വി നെടിയനാട് (കഥ)
എം.കെ രവീന്ദ്രൻ വൈദ്യർ (കവിത)
വാസുദേവൻ വിളയൂർ (കവിത)
രത്നാകരൻ ചെറുവത്ത് (കഥ)
മഞ്ചേരി ബാലചന്ദ്രൻ (കഥ)
ജനാർദ്ദനൻ കടുങ്ങപുരം (കവിത)


MONA
Ammal
METALS
West Mankavu
Kozhikode - 29
9388429688
9447010727
ഓണാശംസകൾ
ഓണത്തിനോടനുബന്ധിച്ച്
10 % ഡിസ്കൗണ്ട്


MS
KRISHNA
METER SERVICE
13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908
We are undertaking Repair & Servicing of all kinds of
Speed Meter and Electronic fare Meters
Dealers in Smart Electronic fare meter for Auto & Call Taxi

SINCE 2008




**ചാർമി കൗർ**
**(ഫിലിം സ്റ്റാർ)**

Nakshatra Rajyam
TRI Monthly (QUARTARLY) Magazine
2018 AUGUST, SEPTEMBER, OCTOBER
**RNI Title Code: KERMAL 16195 Dt: 22-06-2018**
issue 1 volume 1
Managing Editor, Publisher & Owned by
Nakshthrarajyam E.Radhakrishnan
Edoli House, Kommeri **P.O**
Kozhikode- 673007,Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E.Radhakrishnan

**Cover**
**Color Campus - Calicut**
**Price 10.00**

## എഡിറ്റോറിയൽ



## തൂണിലും തുരുമ്പിലും

"തൂണിലും തുരുമ്പിലും ഈശ്വരൻ വസിക്കുന്നു". മുൻകാലങ്ങളിൽ ജീവിച്ചിരുന്ന മഹാത്മാക്കളുടേയും ആദരണീയരായ ഗുരുക്കന്മാരുടേയും, ആത്മീയസന്യാസിവര്യന്മാരുടേയും, അതുപോലെ ആത്മീയത ആചരിക്കുന്ന ആചാര്യന്മാരുടേയും ചിന്താസരണിയിൽ നിന്നും ഉത്ഭവിക്കുന്ന വാക്കുകൾ. തലമുറ തലമുറയായി നാം കേട്ടുവളർന്ന "അദൃശ്യനായി കർമ്മം ചെയ്യുന്ന ദൈവത്തിനെ" കുറിച്ച് നമുക്കുള്ള അറിവ്. ചിലർ അവിശ്വാസികളാകുന്നു. അനുഭവസ്ഥർ വിശ്വാസികളാകുന്നു. ചിലർ ധനം മോഹിച്ചും-നിത്യവൃത്തിക്കും വേണ്ടി വിശ്വാസിയായും ആൾ ദൈവമായും അഭിനയിക്കുന്നു. ധനമോഹത്താൽ ദൈവവിശ്വാസം അഭിനയിക്കുന്നവർ എപ്പോഴും ദൈവത്തിൽ വിശ്വസിക്കുന്നവരുടെ ശത്രുപക്ഷത്തു നില്ക്കുക സ്വാഭാവികം. അത് ദൈവത്തെ മുൻനിർത്തി നിത്യവൃത്തി ചെയ്യുന്നവരായാലും അവരുടെ ചായ്‌വും ചെയ്തികളും യഥാർത്ഥ വിശ്വാസികളുടേയും ദൈവഭക്തന്മാരുടേയും വിശ്വാസപ്രമാണങ്ങൾക്ക് എതിരാണോ എന്ന് കൂടി യഥാർത്ഥ ഭക്തർ ചിന്തിക്കേണ്ടതുണ്ട്. അതുമല്ലെങ്കിൽ യഥാർത്ഥ ഭക്തരുടെ ശത്രുപക്ഷത്ത് നിലയുറക്കുന്നവരാണോ അവർ എന്നെങ്കിലും വീക്ഷിച്ചുകൊണ്ടിരിക്കേണ്ടതായുണ്ട്...


ഭാരതീയ ഹിന്ദു ആത്മീയ സംസ്ക്കാരങ്ങളിൽ ശിവനും, വിഷ്ണുവും, ബ്രഹ്മാവും, ശ്രീ ധർമ്മശാസ്താവും, ശ്രീ മുരുകനും, ശ്രീ മഹാലക്ഷ്മിയും, ശ്രീ മഹാസരസ്വതിയും ഉൾപ്പെടെ അനേകം ഈശ്വര വിഗ്രഹാരാധനയും, ദേവിദേവ സേവയും ചെയ്യുന്ന ഭക്തന്മാർ 80% ത്തിൽ കൂടുതൽ നില്ക്കുന്നു. ഇഷ്ടദൈവങ്ങളുടെ പ്രീതി ഭാരതത്തിലെ ഓരോ ക്ഷേത്രങ്ങളിലും തീർത്ഥാടനം ചെയ്ത് സമ്പാദിക്കുന്നവർ ലക്ഷോപലക്ഷം പേരാണ്. ഇഷ്ടദൈവ പ്രീതിക്ക്‌വേണ്ടി ക്ഷേത്രങ്ങൾ തോറും തീർത്ഥാടനം നടത്തുന്നത് ഓരോ വ്യക്തിയുടേയും വ്യക്തിസ്വാതന്ത്ര്യമാണ്. അതിനെതിരെ സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താലാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതേപോലെ പല ക്ഷേത്രങ്ങളിലും കടുത്തആചാരങ്ങളും അനുഷ്ടാനങ്ങളും പ്രാർത്ഥനാ രീതികളും വേറിട്ടുനില്ക്കുന്നു. ശ്രീ കൊട്ടിയൂർ പെരുമാൾ സന്നിധിയിൽ സ്ത്രീകൾ കടക്കാതിരിക്കാൻ വിലക്കേർപ്പെടുത്തിയ ദിവസങ്ങളുണ്ട്. അത് കൊട്ടിയൂർ ക്ഷേത്രത്തിലെ വിശേഷ ആചാരമാണ്. ശബരിമലയിൽ ഋതുമതികളാകാത്ത പെൺകുട്ടികളും ആർത്തവം നിലച്ച പ്രായമായ സ്ത്രീകളും മാത്രമാണ് ഇത്രയുംകാലം ക്ഷേത്ര ആചാരപ്രകാരം തീർത്ഥാടനം ചെയ്തിരുന്നത്. ശബരിമലയിൽ സ്ത്രീകൾക്ക് വിലക്ക് ഒരുകാല

(ശേഷം 34 - ാം പേജിൽ)


Edit, Printed Published by Nakshatra Rajyam E. Radhakrishnan on behalf on Nakshatra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കഥ

# ദേവൂട്ടി



യു.എ. ഖാദർ



ദേവൂട്ടി വരുന്ന ദിവസമാണ്. എല്ലാ തിങ്കളാഴ്ചയും ഉദിച്ചുയർന്നു പ്രകാശിച്ചെത്തും പോലെ അവൾ വരുന്നു. സാധാരണ മറ്റു പെണ്ണുങ്ങൾ വന്നടിയുന്നതുപോലെയല്ല, കുളിച്ചൊരുങ്ങി, നല്ല വൃത്തിയുള്ള ചേലയും ചോളിയും ഒപ്പിച്ചുടുത്ത്, കണ്ണെഴുതി, നെറ്റിയിൽ ചന്ദനക്കുറിയും തൊട്ട് മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളാൽ ചുറ്റുമുള്ളവർക്ക് ചന്തം പടരുന്ന ചിരിയും സമ്മാനിച്ച് നീട്ടിയെഴുതിയ കണ്ണുകളാൽ അവരെയൊക്കെ കൊളുത്തിവലിച്ച് അവൾ ഗെയിറ്റ് തുറന്നകത്തേക്ക് കയറുന്നത് ഒന്നു കാണുകതന്നെ വേണം. പറഞ്ഞാൽ മാത്രം പോര.

അവൾക്കിഷ്ടപ്പെട്ട ആരാധനാബിംബം കുടിയിരിക്കുന്ന കോവിലിലേക്ക്, ദേവനെ ആവും പോലെ തന്നിലേക്കാവാഹിക്കാൻ വെമ്പുന്ന ഭക്തയെപ്പോലെ, ഇഷ്ടകാമുകിയെപ്പോലെ അവൾ വരുന്നു. ദേവൂട്ടിയെ കണ്ടാൽ അരികെ വിളിച്ചിരുത്തി, പലവിധ തമാശകൾ പറഞ്ഞ് അവളെ ചിരിപ്പിക്കുവാൻ തോന്നും. ചിരിക്കുമ്പോൾ; തുളുമ്പുന്ന മാറും ആ ശരീരവടിവുകൾ ചിതറുന്ന മിന്നലൊളികളും ദേവൂട്ടിയുടെ നല്ല മണം പോലും നമ്മെ വല്ലാത്ത ചില അവസ്ഥകളിൽ എത്തിക്കും. നമ്മളെ മറ്റേതോയിടങ്ങളിലേക്ക് കൊത്തിപ്പറക്കും.

സംഗതിയിങ്ങനെയൊക്കെയാണെങ്കിൽപോലും അയാൾ ഇന്നേവരെ ദേവൂട്ടിയോട് ഒരക്ഷരം സംസാരിച്ചിട്ടില്ല എന്നതാണ് സത്യം. അയാൾക്കത് വലിയൊരു നഷ്ടമാണെന്ന് ഇതേവരെ തോന്നിയിട്ടുമില്ല. ആഴ്ചയിൽ ഒരിക്കൽ ദേവൂട്ടി വരണം. പ്രിൻസിപ്പാൾ റോയി ചൗധരിയെ കാണണം.

അദ്ദേഹത്തിന്റെ മുറിയിൽ ചെന്നുനിന്നാൽ എന്തൊക്കെ വേണമെന്ന് ദേവൂട്ടിക്ക് അറിയാം. ഇന്നും ഇന്നലെയുമല്ലല്ലോ അവൾ എഗ്മൂർ പാലം കടന്ന് തൊട്ടടുത്ത ഗെയിറ്റും തുറന്ന് മരത്തണലുകൾ പകലും ഇരുട്ടാക്കിയ മുറ്റത്തുകൂടി ആ മുറിയിലേക്ക് ചെല്ലുന്നത്. കൊല്ലം നാലഞ്ചുകഴിഞ്ഞു. ഇത്രയും നീണ്ടകാലം ഒരേ ഒരു പെണ്ണുതന്നെ എല്ലാ ആഴ്ച്ചകളിലും മുറ തെറ്റാതെ വരികയും പിന്നെ പോവുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ദേവൂട്ടി തന്നെയാണെന്നാണ് അവളും അറിഞ്ഞിട്ടുണ്ട്.

തടിച്ചശരീരവും ഇറുകിയ കണ്ണുകളും കഷണ്ടിത്തലയുമുള്ള പ്രിൻസിപ്പാൾ അവളോടെന്നല്ല ആരോടും അധികം വർത്തമാനം പറയാത്ത ആളാണെന്ന് അറിയാം. അവളോടു മാത്രം പ്രിൻസിപ്പാൾ കാണിക്കുന്ന സൗജന്യം എന്താണ്? ഒരു പക്ഷേ, എല്ലാ ആഴ്ചകളിലും ഒരു ദിവസം, ചിലപ്പോൾ നാലും അഞ്ചും ദിവസങ്ങൾ തന്നെ, അവൾക്കിവിടെ ജോലി കിട്ടുന്നു എന്നതാണോ? അല്ലാ പ്രിൻസിപ്പാൾക്ക് അങ്ങനെ യാതൊരു നോട്ടവുമില്ല. അദ്ദേഹത്തിന് നോട്ടം നല്ല ശരീരാവയവങ്ങൾ,മുഴുത്തമാറിടങ്ങൾ, കണ്ണിന് ഇമ്പം പകരുന്ന വടിവുകളും ഒടിവുകളും,ഇടുങ്ങിയ അരക്കെട്ട്, കടഞ്ഞെടുത്തപോലുള്ള കാൽവണ്ണകൾ, ഒത്ത ഉയരം. മതി–ആ അവയവപ്പൊരുത്തങ്ങൾ ഒത്താൽ പ്രിൻസിപ്പാൾ തലകുലുക്കുന്നു. അരികെ നില്ക്കുന്ന ശിപായി മാധവൻ നായരെ വിളിച്ച് കല്പനകൾ നല്കുന്നു.

ആപ്പീസിൽ ചെല്ലുക. വൗച്ചറുകളിൽ ഒപ്പിടിവിക്കുക. എണ്ണിക്കൊടുക്കുന്ന തുകയത്രയും അവൾതന്നെ എണ്ണിവാങ്ങണമെന്നും അവൾ അതിന്റെ പങ്ക് ഒരുചില്ലിക്കാശുപോലും മറ്റാർക്കും കൊടുത്തുപോകരുതെന്നും, ഉച്ചനേരത്ത് കുട്ടികളോടൊപ്പം മരത്തണലുകളിൽ നിന്ന് വർത്തമാനം പറയുകയോ, വെറുതെ കൊഞ്ചിച്ചിരിക്കുകയോ ചെയ്യാതെ, നേരെ വന്നപോലെ പൂനമല്ലി ഹൈറോഡിലെ ബസ്സ്റ്റോപ്പിൽ ചെന്നുനിന്ന് ഗിണ്ടിയിലേക്കു ബസ് കയറിക്കൊള്ളണമെന്നും പ്രിൻസിപ്പാൾക്ക് നിർബന്ധമുണ്ട്.

പറഞ്ഞാൽ പറഞ്ഞേടത്ത് നില്ക്കുന്ന ഒരു ശിപായിയാണ് മാധവൻ നായർ. അദ്ദേഹത്തിന് മനുഷ്യരുടെ കാൽവിരലുകളും കൈവിരലുകളും ഭംഗിയായി വരക്കാനറിയാം. കാൽവിരലുകളും കൈവിരലുകളും ക്ലാസിലെ കുട്ടികൾ വളരെ ഉദാസീനമായി ചില രേഖകളിലൂടെ വരച്ചൊപ്പിച്ച് വിശദാംശങ്ങളിലേക്ക് കടക്കാതെ അവരുടെ ക്യാൻവാസുകൾ മാറ്റിവയ്ക്കുമ്പോൾ, മനുഷ്യാവയവങ്ങ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ളുടെ ഉയർച്ചതാഴ്ചകളും ചുഴികളും ചാർക്കോളിൽ ചെയ്തു തീർത്ത കുട്ടികളുടെ കരവിരുതിനെ മാധവൻ നായർ ക്ലാസ് മുറിയിലെ ട്യൂട്ടറുടെ ഗൗരവത്തോടെ കളിയാക്കുന്നത് കണ്ടിട്ടുണ്ട്. ആ മാധവൻ നായരാണ് ദേവൂട്ടിയെ ആദ്യം കൂട്ടിക്കൊണ്ടുവന്നതെന്നറിയാം.

അവളെ ബസ് കയറ്റാൻ പൂനമല്ലി സ്റ്റോപ്പിലേക്കോ, വണ്ടി കയറ്റാൻ എഗ്മൂറിലേക്കോ മാധവൻ നായർ കൂടെ പോകാറുണ്ട്. ചില കുട്ടികൾ ചോദിക്കുന്നതു കേൾക്കാം, “നായർക്കെന്താ ആഴ്ചയിൽ ദേവൂട്ടിയില്ലാത്ത ദിവസങ്ങളിൽ എത്തുന്ന മാഗിയെ അല്ലെങ്കിൽ മീനാക്ഷിയെ അല്ലെങ്കിൽ പാർവ്വതിയെ ഓ. ഈ പ്രിൻസിപ്പാൾ ശിങ്കിടിക്ക്...”

മരത്തണലുകളിൽ ആ വക വർത്തമാനങ്ങൾക്കൊന്നും തീരെ വളർച്ചയില്ല. വർത്തമാനങ്ങൾ ഒരിക്കലും ആ കന്മതിലിന്നകത്തെ ഇരുട്ടിൽ വലിയ ഒച്ചപ്പാടോ തീപ്പൊരിയോ ഉണ്ടാക്കാറുമില്ല. അതിനാൽ എല്ലാ ആഴ്ചയിലും ദേവൂട്ടിയുടെ വരവ് മുടങ്ങാത്ത ഒരു ചടങ്ങായി തീർന്നിരിക്കുന്നു. അയാൾക്കാണെങ്കിൽ ദേവൂട്ടിയെ എല്ലാ ആഴ്ചയിലും കണ്ടേ തീരു എന്നേടത്ത് സംഗതികൾ ചെന്നെത്തുകയാണ്.

ദേവൂട്ടി നടുവിലെ സ്റ്റാൻഡിൽ വന്നുനിന്നാൽ അവളെ ഏതെങ്കിലുമൊരു പൊസിഷനിൽ നിർത്തിയാൽ, ആ നില്പിന്റെ കാഴ്ചപ്പുറങ്ങൾ പകർത്താൻ ചുറ്റും നില്ക്കുന്നവർക്കിടയിൽ അയാൾ വെറും ഒരു കാഴ്ചക്കാരൻ മാത്രമല്ലാതാവുന്നു.

അവളുടെ അവയവങ്ങൾ തുളുമ്പുന്ന പ്രകാശം കണ്ടുകണ്ട്, മുമ്പിലെ ക്യാൻവാസിൽ അയാളെത്തന്നെ സൃഷ്ടിക്കുന്നു അയാൾ എന്നാണ് ചിലപ്പോൾ തോന്നാറുള്ളത്. ചിലപ്പോഴല്ല എല്ലായ്പ്പോഴും അയാൾക്കങ്ങനെ തോന്നുന്നു.

മുമ്പിൽ കാണുന്ന നഗ്നശരീരത്തിന്റെ ഉയർച്ചതാഴ്ചകൾ, താളപ്പൊരുത്തങ്ങൾ, സംഗീതം എല്ലാം കൈവിരലുകളുടെ ഇച്ഛയ്ക്കനുസൃതം നിറപ്പൊലിമകളായി വാർന്നുവീഴുന്നു. ഇഷ്ടവിഗ്രഹത്തെ തലോടി മിനുക്കുന്ന ഭക്തൻ.

ദേവൂട്ടിയെ നോക്കിനില്ക്കുമ്പോൾ ദാഹം തോന്നാറില്ല. സ്റ്റാൻഡിൽ നിവർന്നുനിന്നും, മലർന്നു കിടന്നും ശരീരാവയവങ്ങൾ നോക്കിനോക്കി കണ്ണിറുക്കുകയും ബ്രഷുകൾ ചലിപ്പിക്കുകയും ചെയ്യുന്ന കുട്ടികളെ കണ്ട് സമയം കളയുന്ന ദേവൂട്ടിയറിയില്ലല്ലോ; ഒരാൾ, ബ്രഷ് ചലിപ്പിക്കുകയും ക്യാൻവാസിൽ ചിത്രരചന നടത്തുകയും ചെയ്യുന്നവരിൽ ഒരാൾ, കാണുന്നത് വേറെ ഏതോ ലോകങ്ങളാണ് എന്ന കാര്യം. ആരും അവളോട് ഒന്നും സംസാരിക്കാറുമില്ലല്ലോ. ആരും അടുത്ത് വന്ന് നിന്ന് ഒന്നു ചിരിക്കുന്നതുപോലും നാളിതേവരെയായിട്ടും കണ്ടിട്ടുമില്ല.

ചേലയും ചോളിയുമിട്ടു തലയിൽ ജമന്തിപ്പൂക്കളും ചൂടി വന്നപ്പോൾ, മുറുക്കിച്ചുകപ്പിച്ച് ആശോകച്ചുവട്ടിൽ നില്ക്കുകയായിരുന്ന പെണ്ണിന്റെ ചുറ്റും അന്ന് കുട്ടികൾ പലതും ചോദിക്കുന്നതും കേട്ടിട്ടുണ്ട്. ചിലരൊക്കെ കണ്ണുകൾകൊണ്ട് കൊത്തിപ്പറിക്കുന്നതായും കൊത്തിക്കുടയുന്നതായും ദേവൂട്ടിക്ക് തുടക്കത്തിൽ തോന്നിയിട്ടുമുണ്ട്. ആരൊക്കെയോ എന്തൊക്കെയോ ചോദിച്ചു. ചിന്നനാണ് മറുപടി പറഞ്ഞത്: “ ഇന്ത വാരം ഇവള്താൻ ഇങ്ക മോഡൽ വേല പാക്കപ്പോറത്–”

“ഇവരാ, നല്ലായിര്ക്ക്- പ്രിൻസിപ്പാൾ പാർക്കവേണം.”

ആരോ പിന്നെ പാടുന്നതും കേട്ടു.: “ഭൂലോകരംഭപോലെ ഒരു പെണ്ണിരുക്കേ- പുള്ള -പെണ്ണിരുക്കേ–”

എല്ലാം കണ്ടും കേട്ടും തഴക്കം വന്ന് മനസ്സ് മരവിച്ചവനായിരുന്നു ചിന്നൻ. ഗിണ്ടിയിലെ റെയ്സ്കോഴ്സ് മൈതാനത്തിന്റെ അപ്പുറത്ത് നിന്നും വരുന്നവനാണ് അവൻ. എഗ്മൂറിലെ കോളേജിൽ പല തവണ അവൻ പരിചയത്തിൽപ്പെട്ട പെണ്ണുങ്ങളെ കൂട്ടികൊണ്ടുവന്നിട്ടുണ്ട്. കമ്മീഷൻ വാങ്ങുകയും ചെയ്തിട്ടുണ്ട്.

അശോകച്ചുവട്ടിൽ നില്ക്കുന്ന പെണ്ണിനെ കണ്ടിട്ട് കുശലം പറയുവാനെത്തിയ കുട്ടികൾ പുതുതായി ക്ലാസ് കാണുന്ന കുട്ടികൾ. ഇനിയും രണ്ടു കൊല്ലം കഴിഞ്ഞാണ് പെണ്ണിനെ കാണുക. പെണ്ണിനെ പൂർണ രൂപത്തിൽ, പിറന്നകോലത്തിൽ, കണ്ട് കണ്ട് ചിത്രം കൈത്തഴക്കം വരുമ്പോൾ മനസ്സും ശരിയാവും. പാകമാവും.

അയാൾ അതാണ് ആലോചിക്കുന്നത്. അയാൾക്ക് പിടി കിട്ടാത്തതും അതാണ്. ഈ വർഷങ്ങൾക്കിടയിൽ എത്രയെത്ര പെണ്ണുങ്ങളെ അവരുടെ തനിരൂപത്തിൽ കണ്ടു. അവരുടെ ശരീരാവയവങ്ങളുടെ ഘടനയും പൊരുത്തവും പല മട്ടിൽ വരച്ചു തീർത്തിട്ടുണ്ട്. കളറിലും ഓയിൽ കളറിലും പെൻസിലിലും നൈഫിലും എല്ലാ രീതിയിലും. ആ ചിത്രങ്ങൾ വരയ്ക്കുമ്പോൾ ഒന്നും തോന്നാറില്ലായിരുന്നു. വെളിച്ചം വീഴുമ്പോൾ ആ പ്രകാശത്തിന്റെ അടരുകൾ ശരീരത്തിലുണ്ടാക്കുന്ന വേലിയേറ്റങ്ങളും ഇറക്കങ്ങളും ശ്രദ്ധിച്ചു. എന്നാൽ ദേവൂട്ടി വരുന്ന ദിവസം അയാൾ എന്തിനോ ഒരുങ്ങിനില്ക്കുന്നു. കാണാൻ കണ്ണുകൾ കാത്തുനില്ക്കുന്നു. അയാൾക്കുപോലും അത് എന്തു കൊണ്ടങ്ങനെ സംഭവിക്കുന്നു എന്ന് പറയാനാവുന്നില്ല.

ഒരു ദിവസം, അവൾ കയറിവരുന്ന തിങ്കളാഴ്ച ദിവസം, വിശുദ്ധമായ ഒരു ദേവാലയംപോലെ ക്ലാസ്മുറിക്കും വൃത്തിയും വെടുപ്പും ഭക്തിയുടെ ഹൃദയഹാരിയായ സുഗന്ധവും ഉണ്ടാവുന്നു. അയാൾ ദേവൂട്ടിയോട് ഒന്നും ഇതേവരെ ചോദിച്ചിട്ടില്ല. ഒന്നും സംസാരിച്ചിട്ടില്ല. സ്റ്റാണ്ടിൽ നില്ക്കുന്ന മോഡലിനെ സ്വന്തം ഹിതത്തിനൊപ്പിച്ച്, അതല്ലെങ്കിൽ അവളുടെ മേൽ മുകളിലെ കണ്ണാടിജനലിൽ നിന്നും വാർന്നുവീഴുന്ന വെളിച്ചത്തിന്റെ നാദതാളങ്ങൾക്കൊപ്പിച്ച് മോഡലിനെ നേരെ നിർത്തുവാനോ, കിടത്തുവാനോപോലും അയാൾ ഇന്നേ തിയ്യതിവരെ തുനിഞ്ഞിട്ടില്ല. എന്നിട്ടും ദേവൂട്ടി വരുന്ന ദിവസം അയാൾ ഉന്മത്തനാവുന്നു. ഉന്മത്തനാവുന്നു എന്ന് ആരാണ് പറഞ്ഞത്? എന്ത് ഭ്രാന്താണ്കാട്ടിക്കൂട്ടുന്നത് എന്നാരെങ്കിലും ചോദിച്ചുവോ...!

ഫൈനൽ ഇയർ ക്ലാസിലെ പ്രൊഫസർ പണിക്കരാണോ? അല്ല. പണിക്കർ അങ്ങനെ ഒന്നും പറയുകയില്ല. അദ്ദേഹം ഒന്നും കാണുകയുമില്ല. ആരും അങ്ങനെ പറഞ്ഞിട്ടില്ലാ എന്നതാണ് സത്യം. മോഡൽ മുമ്പിൽ നില്ക്കുമ്പോൾ എല്ലാ കണ്ണുകളും മോഡലിൽ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കേന്ദ്രീകരിക്കുന്നു. മോഡലിന്റെ അംഗവടിവുകളിൽ നോക്കി ബ്രഷുകളിൽ ചായം പുരട്ടും. സൃഷ്ടിയുടെ നിറപ്പൊലിമകളിൽ ഓരോരുത്തരും വീഴുന്നു. ആ വീഴ്ചയുടെ വേദനകളും ആഹ്ലാദങ്ങളും ചുറ്റും മറ്റൊരു ലോകം സൃഷ്ടിക്കുമ്പോൾ അവൾ താമരയിലയിൽ മലന്ന് കിടന്ന് നാലുഭാഗവും നോക്കുന്നു. താമരമലരിൽ മലർന്നു കിടന്ന് മന്ദഹസിക്കുന്ന ദേവൂട്ടി- അയാളുടെ മാത്രം കൺമുമ്പിൽ, അയാളുടെ മാത്രം ലോകത്തിൽ, അയാളുടെ സ്വകാര്യഹ്ലാദങ്ങളുടെ സംഗീതവും പൊഴിച്ച് കിടന്നുല്ലസിക്കുന്നവൾ. അവളുടെ ചിത്രം ഇതേവരെ പൂർണ്ണമായി വരയ്ക്കുവാൻ സാധിച്ചിട്ടില്ലെന്നും സ്വയമറിയാം.

ഒരു നാൾ ക്ലാസ് മുറിയിൽ അവിചാരിതമായി കയറിവന്ന പ്രിൻസിപ്പാൾ ചൗധരി ചോദിക്കുകയും ചെയ്തു. പ്രിൻസിപ്പാൾ എന്തോ ചോദിച്ചു എന്നല്ലാതെ എന്താണ് ചോദിച്ചതെന്ന് അയാൾക്കറിയില്ലായിരുന്നു. അയാൾ കേട്ടത് പണ്ടൊരുനാൾ ഇതേ ക്ലാസ് മുറിയിൽവച്ച് പ്രിൻസിപ്പാൾ ദേവൂട്ടിയെ ഒരുക്കി നിർത്തുമ്പോൾ പറഞ്ഞ വാക്കുകളായിരുന്നു.

ആ ദിവസം ദേവുട്ടി ആദ്യമായി വന്ന ദിവസമായിരുന്നു. അന്നൊരു തിങ്കളാഴ്ചയുമായിരുന്നു. പുതിയ പെണ്ണിനെ സ്റ്റാണ്ടിൽ നിർത്താനൊരുങ്ങും മുമ്പ് പ്രിൻസിപ്പാൾ അവളോട് സാരിയും ചോളിയുമൊക്കെ അഴിച്ച് ഒരു മൂലയിൽ വയ്ക്കാനാവശ്യപ്പെട്ടു. ചുറ്റും കൂടി നിൽക്കുന്ന ആൾക്കാരുടെ മുന്നിൽ ദേവൂട്ടി കരയുന്നു. കണ്ണുകൾ കലങ്ങുന്നു. പ്രിൻസിപ്പാൾ മാധവൻ നായരെ വിളിച്ചു. ഗിണ്ടിയിൽ നിന്നും കൂട്ടിക്കൊണ്ടു വന്ന പെണ്ണ് എവിടത്തുകാരിയാണ്? എന്തിനാണവൾ വന്നത്? ജോലിയുടെ മട്ടും മാതിരിയും പറഞ്ഞിട്ടില്ലേ? പെണ്ണു നിന്നു മോങ്ങുവാനാണ് ഭാവമെങ്കിൽ വേറെ പെണ്ണിനെ കൂട്ടിക്കൊണ്ടുവരണം.

കറുത്ത ചിന്നൻ ഒന്നുകൂടി കറുത്തു. കറുത്ത ചിന്നൻ അപ്പോഴേക്കും അശോകച്ചുവട്ടിൽ എത്തിയ പെണ്ണിന്റെ കരണത്തടിക്കുന്നതു കണ്ടു. വാനിറയെപുളിച്ചതെറി നുരയുന്നു. പെണ്ണിനെ ശപിക്കുന്നു...

അടുത്ത ദിവസവും വന്നത് ദേവൂട്ടിതന്നെയാണ്. അവൾ ക്ലാസ്മുറിയിൽ കയറി വന്നപ്പോൾ എന്തുകൊണ്ടോ അന്നു പ്രിൻസിപ്പാൾ പറഞ്ഞു, ചോളി മാത്രം അഴിച്ചാൽ മതിയെന്ന്.

ചോളിയഴിച്ചു നിന്ന പെണ്ണിന്റെ ചിത്രം വരയ്ക്കുവാൻ ചുറ്റും കൂടി നിന്നവരോട് പ്രിൻസിപ്പാൾ പറഞ്ഞു. ചൗധരിസാറും അന്നു ക്വാൻവാസ് എടുത്തുവോ! റൗക്കയണിഞ്ഞ് മുണ്ടുടുത്ത് നില്ക്കുന്ന ഒരു നാട്ടുമ്പുറത്തുകാരി. അതേ ആ നാട്ടുമ്പുറത്തുകാരിയായിരുന്നു ദേവൂട്ടി. ചുകന്ന കല്ലുള്ള മുക്കൂത്തി ദേവൂട്ടിക്ക് നല്ല ചേർച്ചയുണ്ടെന്ന് ക്ലാസിൽ അന്നയാൾ ഉറക്കെ പറഞ്ഞപ്പോൾ കുട്ടികളാരും ശ്രദ്ധിച്ചതേയില്ല. അവർ ദേവൂട്ടിയുടെ ശരീരം തിരിച്ചും മറിച്ചും പല കോണുകളിലൂടെയും നോക്കികാണുകയായിരുന്നു.

ചുറ്റിലുംനിന്ന് തന്റെ രൂപം വരയ്ക്കുന്നവരെ ദേവൂട്ടിയും ശ്രദ്ധിച്ചിരിയ്ക്കാം. പ്രിൻസിപ്പാൾ അവളോട് റൗക്കയഴിക്കാൻ പറഞ്ഞപ്പോൾ വളരെ പെട്ടെന്ന് അവളങ്ങനെചെയ്തു. മുഴുത്ത മാറിടം നഗ്നമാക്കി അവൾ നടുവിൽ നിന്നപ്പോൾ പ്രിൻസിപ്പാൾ കുലുങ്ങക്കുലുങ്ങി ചിരിച്ചു. ആ ചിരിയുടെ അർത്ഥം മാധവൻ നായർക്ക് അറിയാം. അന്ന് വൗച്ചർ ഒപ്പിട്ടു പണം നീട്ടിയപ്പോൾ മാധവൻ നായർ പറഞ്ഞു: "എല്ലാവാരുത്തുക്കും ഉന്നേതേവയിരുക്ക്. കട്ടായം വന്തിടണം."

ദേവൂട്ടി ചിരിക്കുന്നു. അന്തംവിട്ടവനെപോലെ മാധവൻ നായർ അവളെ നോക്കി. അടുത്താഴ്ച്ച ദേവൂട്ടി വന്നപ്പോൾ, ജോലി കഴിഞ്ഞ് അവളെ കൊണ്ടുപോകാൻ ചിന്നൻ വന്നപ്പോൾ, ചിന്നന്റെയൊപ്പം പൂനമല്ലി ഹൈറോഡിലൂടെ അവൾ നടന്നകലുന്നതു കണ്ടപ്പോൾ, അയാൾ ഓർത്തത് ക്ലാസ്മുറിയിലെ സ്റ്റാണ്ടിൽ നിവർന്നു നില്ക്കുന്ന നഗ്ന ശരീരമായിരുന്നുവോ? അല്ല. ആ ആഴ്ച അവൾ പൂർണമായും നഗ്നയാക്കപ്പെട്ടിരുന്നില്ല. അതിന്റെ അടുത്ത ആഴ്ചയിൽ അവൾ അനുസരണയുള്ളവളായിരുന്നു.

അവൾ നല്ലൊരു മോഡലായി ക്ലാസ്മുറിയിൽ തിളങ്ങി. എന്നാൽ വന്ന ദിവസം കണ്ണുകളിൽ പൊടിഞ്ഞ നനവ് അപ്പോഴും വറ്റിയിരുന്നില്ല എന്നയാൾ കണ്ടു. അന്ന് എന്നു മാത്രമല്ല ഇന്നും അവൾ വരുന്ന ദിവസങ്ങളിലൊക്കെ അയാൾ ശ്രദ്ധിക്കുന്നത് അതാണ്.

ക്ലാസ്മുറിയിൽ അവൾ കൂസലെന്യേ കടന്നു വരുന്നു. സ്റ്റാണ്ടിൽ കയറുന്നു. പ്രിൻസിപ്പാൾ പറയുന്ന മട്ടിൽ പാകത്തിൽ നില്ക്കുകയും കിടക്കുകയും ചെയ്യുന്നു. ചുറ്റും കൂടി നില്ക്കുന്ന കുട്ടികൾ അവളുടെ നഗ്നമേനി വർണങ്ങളിൽ ചാലിച്ചു ചാലിച്ചു സ്വന്തം മനസ്സുകളിൽ, പിന്നെ ക്യാൻവാസുകളിൽ പകർത്തുന്നു.

കുട്ടികൾക്കിടയിൽ അയാൾ ഇന്നും ദേവൂട്ടിയെ നോക്കുന്നു. ആ സുന്ദരിയുടെ കണ്ണുകളിൽ അന്നത്തെ നനവ് വറ്റിയിട്ടില്ലാ എന്ന് അയാൾ മാത്രം കാണുന്നു. ചോളിയഴിക്കാൻ ആവശ്യപ്പെട്ടപ്പോൾ തുളുമ്പിയ കണ്ണിലെ നനവ്. അശോകച്ചുവട്ടിൽ നില്ക്കക്കേ ചിന്നൻ കരണത്തടിച്ചപ്പോൾ ആ വേദനയാൽ പൊടിഞ്ഞ കണ്ണിലെ നനവ്.

എന്നിട്ടുംഒരു ദേവാലയത്തിലേക്ക് എന്ന മട്ടിൽ, ഇഷ്ടബിംബത്തെ കാണാനും കണ്ടുതൊഴാനുമെന്ന മട്ടിൽ, അവൾ കുളിച്ചൊരുങ്ങി ചമഞ്ഞ് സുന്ദരിയായി വരുന്നു. ദേവൂട്ടി അങ്ങനെ എല്ലാ ആഴ്ച്ചയിലും വരുന്നത് എന്നെ കാണാനാണ്എന്ന് അയാൾക്കറിയാം. ആ അറിവ് അയാൾ വിലപ്പെട്ട മുത്തായി കൊണ്ടുനടക്കുന്നതിനാലാണ് ദേവൂട്ടിയുടെ കണ്ണിലെ നനവുകൾ എന്നേരവും, ബ്രഷുകളാൽ പുതിയ ലോകങ്ങൾ സൃഷ്ടിക്കുന്ന കലാസുഹൃത്തുക്കൾക്കിടയിൽ നില്ക്കുമ്പോവും മറ്റേതോ ദിക്കിലേക്ക് അവളെ ആരെല്ലാമോ കൊത്തിക്കൊണ്ടുപോകുന്നു എന്ന ആധി മനസ്സിൽ തീയ്യായാളുന്നത്. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കഥ

# മാറ്റങ്ങൾ





രാജൻ ചിന്നങ്ങത്ത്

കർഷകരും കർഷകതൊഴിലാളികളും മാത്രമുള്ള ചെറിയ ഗ്രാമമായിരുന്നു അത്. തെങ്ങുകളും അടയ്ക്കാമരങ്ങളും നിറഞ്ഞ ഭൂമി. ചുറ്റും വയലുകളാണ്. ഒരു തുരുത്തുപോലെ ഒറ്റപ്പെട്ടു നിൽക്കുന്ന ഗ്രാമം. ചെമ്മണ്ണ് കുമുകുമാ കിടക്കുന്ന റോഡ്. സൈക്കിളിന്നൊഴികെ മറ്റൊരു വാഹനത്തിനും സഞ്ചരിക്കാൻ കഴിയാത്ത പാതകളും, വിദ്യുഛക്തി ഒരു സ്വപ്നം മാത്രമായ വീടുകളും. പകലൊക്കെ അധ്വാനിക്കുന്ന പത്തമ്പത് കുടുംബാഗങ്ങൾ. രാത്രി നേരത്തെ ഉറക്കം പിടിക്കുന്ന ആൾക്കാർ.

അതായിരുന്നു ഓർമ്മവയ്ക്കുമ്പോഴുള്ള അയാളുടെ ജന്മദേശം.

വളറെ കുറച്ചു കുട്ടികളേ ദൂരെയുള്ള പള്ളിക്കൂടത്തിൽ നടന്നുപോയി പഠിച്ചിരുന്നുള്ളൂ. ഗ്രാമത്തിലെ ബാക്കിയുള്ള കുട്ടികൾ തമ്മിൽത്തല്ലിയും, ഗോലിക്കളിച്ചും, മാങ്ങയും നെല്ലിക്കയുമൊക്കെ പറിച്ചുതിന്നും നടന്നു. പണിയെടുക്കാറായപ്പോൾ പണിക്കുപോയി.

പഠിക്കാൻ പോയവരുടെ കൂട്ടത്തിൽ അയാളുമുണ്ടായിരുന്നു.

ചെറുപ്പത്തിലേ ഹൃദയാലുവായിരുന്നു അയാൾ. കഠിനധ്വാനം ചെയ്തിട്ടും ജീവിതത്തിലൊന്നും നേടാനൊക്കാതെ, കഷ്ടപ്പെട്ടു ജീവിക്കുന്ന സ്വന്തം ഗ്രാമവാസികളെക്കുറിച്ച് മനസ്സു വേദനിച്ചും സങ്കടപ്പെട്ടും നടന്നു ഏറെനാൾ പട്ടണത്തിലെ സ്ക്കൂളിൽ പോകുമ്പോൾ കാണുമായിരുന്ന പുതിയ ലോകം. നല്ല വസ്ത്രങ്ങളണിഞ്ഞ്, നല്ല ഭക്ഷണം കഴിച്ച്, നല്ല ഉത്സാഹത്തോടെ ജീവിക്കുന്ന പുതിയ മനുഷ്യർ. ചിന്തിക്കാൻ പ്രായമായപ്പോൾ ആ രണ്ടുതരം മനുഷ്യരെപ്പറ്റിയും അവരുടെ ജീവിതത്തെക്കുറിച്ചുമൊക്കെ ഓർത്ത് അയാള സ്വസ്ഥനായി. പട്ടണത്തിലെ മനുഷ്യർ കാര്യമായ അദ്ധ്വാനമൊന്നും കൂടാതെ തന്നെ സുഖമായി ജീവിക്കുന്നു. ഗ്രാമവാസികളാകട്ടെ പകലന്തിയോളം പാടുപെട്ടിട്ടും പട്ടിണിയൊഴിയാതെ ദിവസങ്ങൾ തള്ളുന്നു.

അതിലെ അന്തരം അയാൾക്കു പിടികിട്ടിയില്ല. അതൊരു പുതിയ അനുഭവമായിരുന്നു. പുതിയ ചോദ്യമായിരുന്നു. അധികം വൈകാതെ ആ ചോദ്യത്തിനുള്ള ഉത്തരവും അയാൾ കണ്ടെത്തി.

പട്ടണത്തിലെ വായനശാലയിൽ നിന്നും പുസ്തകമെടുത്തു വായിക്കാൻ തുടങ്ങിയിരുന്നു അയാൾ. ചിന്തയുടെ ആഴം വർദ്ധിപ്പിക്കുവാനും അറിവിന്റെ പരപ്പു കൂട്ടുവാനും അതു സഹായിച്ചു. പുതിയ പുതിയ പുസ്തകങ്ങൾ പുതിയ പുതിയ അറിവുകൾ.....

അയാൾ അനുഭവങ്ങളുടെ വെളിച്ചത്തിലിരുന്ന് എഴുതുവാൻ തുടങ്ങി. ചുറ്റും കാണുന്ന കൊച്ചു കൊച്ചു കാര്യങ്ങളെക്കുറിച്ച്. ചെറിയ ചെറിയ സംഭവങ്ങളെക്കുറിച്ച്. ഓരോ കഥയ്ക്ക് പുറകിലും പൊരുത്തപ്പെടാത്ത സാമൂഹ്യനീതിയെക്കുറിച്ചുള്ള വിമർശനം മുഴച്ചുനിൽക്കാൻ മനഃപൂർവ്വം ശ്രമിച്ചു. ആരോടോ, എന്തിനോടോ ഒക്കെയുള്ള പക. ആ പക ക്രമേണ വാക്കുകൾ തിരഞ്ഞെടുക്കാനും തിരഞ്ഞെടുത്ത വാക്കുകൾക്ക് മൂർച്ച കൂട്ടാനും അയാളെ സഹായിച്ചു.

പത്രങ്ങളിൽ അയാളുടെ കഥകൾ വന്നു തുടങ്ങി. പുറകെ ലോകം അതൊക്കെ വായിച്ചു തള്ളി. അയാളെഴുതിയതെല്ലാം സ്വന്തം ഗ്രാമത്തെക്കുറിച്ചായിരുന്നു. എങ്കിലും അവർക്കിടയിൽ അയാളറിയപ്പെട്ടില്ല.

ചില പ്രസിദ്ധീകരണക്കാരൊക്കെ അല്പസ്വല്പം രൂപയൊക്കെ അയച്ചുകൊടുത്തുകൊണ്ടിരുന്നു. അതുവാങ്ങി, വീണ്ടും വീണ്ടും അയാൾ കഥകൾ അയച്ചുകൊടുത്തു. എപ്പോഴും സ്വന്തമായ ഒരു കൊച്ചു ലോകത്തായിരുന്നു അയാൾ. അവിടെയിരുന്നുകൊണ്ട് ഒന്നിനുപുറകെ ഒന്നായി പുസ്തകങ്ങൾ വായിച്ചു. ചോരയും വിയർപ്പുമൊഴുക്കുന്നവരുടെ ജീവിതം കടലാസിലേക്കു പകർത്തി.

അയാളുടെ കഥകൾക്കു വേണ്ടി പത്രക്കാർ എഴുതിത്തുടങ്ങി. ധാരാളം ആരാധകരുമുണ്ടായി.

അതിനിടയ്ക്ക് തന്റെ ജന്മനാടിനുണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് അയാളറിഞ്ഞില്ല. ചെറുപ്പക്കാരിൽ പലരും വിദേശങ്ങളിലേക്ക് കടന്നു. കോഴിക്കോട്ടുനിന്നും ലോഞ്ചിൽ അക്കരെ കടന്നവരിൽ ധാരാളംപേർ അയാളുടെ നാട്ടുകാരായിരുന്നു. അവരെല്ലാം ആയിരിങ്ങളും പതിനായിരങ്ങളും നാട്ടിലേയ്ക്കയക്കാൻ തുടങ്ങി. കാക്കി യൂണിഫോമിട്ട പോസ്റ്റുമാന്റെ സൈക്കിൾ പല വീടുകളുടെയും മുന്നിൽ ബെല്ലടിച്ചുകൊണ്ടെത്തി. ഡ്രാഫ്റ്റടക്കം ചെയ്ത രജിസ്റ്റേഡ് കവറുകൾ ഒപ്പിട്ടുവാങ്ങി. എല്ലാവരും പട്ടണത്തിലെ ബാങ്കിലേക്കോടി.

പലരും പണിയ്ക്കുപോകുന്നത് നിർത്തി. അവർ മറ്റുള്ളവരെകൊണ്ട് പണിയെടുപ്പിക്കുവാൻ തുടങ്ങി.

ജോലിയ്ക്കാളുകുറഞ്ഞപ്പോൾ കൂലി വർദ്ധിച്ചു. കൂലി വർദ്ധിച്ചപ്പോൾ സാധനങ്ങൾക്ക് വിലയേറി.

യൂണിയനുണ്ടായി. ജോലിയെടുക്കുന്നവരുടെ ശബ്ദം ഒന്നായി,

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കവിത

# പനിമരണം







മുണ്ട്യാടി ദാമോദരൻ

അതുപോട്ടെ
വന്നാൽ വധിക്കുന്ന നില പോട്ടെ
പനി-
യെത്ര തറവാട്ടുപേരിൽ ജ്വരം!
തക്കാളിതൊട്ടിട്ടു
മേലോട്ടുമേലോട്ടു
മാലോകരെവിര-
ട്ടുന്നവൈറൽപ്പനി
ചിക്കുൻഗുനിയായിൽ നിന്നു
ഡങ്കിപ്പനിയോളവും
ജപ്പാൻ ജ്വര-
മമേരിക്കപ്പനി....
മനുഷ്യനെ നരകലോകംകാട്ടു-
മെന്തേറെജാതിപ്പനികളെല്ലാം!
ആളെവിരട്ടുമ്പൊഴതിനും
നിപയ്ക്കുള്ള
കരുതലും മുന്നൊരുക്കങ്ങളും
മഴവരുംകാലത്തു
ചെയ്തുവെന്നാൽ
മതിയിനിയാരെഭയപ്പെടാ-
നല്ലെങ്കിലിപ്പോൾ
പനിമരണമൊരെണ്ണമല്ലല്ലോ!

കവിത

# മറക്കില്ലൊരിക്കലും...?



പോൾരാജൻ പി.വി.

**തണൽ തേടിയലയുന്ന പഥിക തൻ മാനസം
കൊതിക്കുന്നു അരയാലിൻ സാമീപ്യമെന്നും,
അണയാത്ത മോഹത്താലിന്നു മെൻ മാനസം
വെമ്പുന്നു നിൻമാറിൽ തലചായ്ച്ചുറങ്ങാൻ.
പൂമരചോട്ടിൽവെച്ചന്നിക്കന്നുനീ-
വാമൊഴിയായ് തന്ന നല്ല വാഗ്ദാനങ്ങൾ
എൻ അന്തരാത്മാവിൽ മോഹപുഷ്പങ്ങൾ
പൂത്തു വിടർന്നു നൽ സുഗന്ധം പരത്തവേ,
ഒരു കുളിർ കാറ്റിൻ ലഹരിയിലന്നു നീ
മലർ മഴയായെൻ മാറിൽ പടരവേ,
മന്ദസ്മിതം തൂകി മന്ദം മൊഴിഞ്ഞു നീ-
മറക്കില്ലൊരിക്കലും മെൻ കൊച്ചു സുന്ദരി.
എൻ ജീവിതയാത്രതൻ കൂരിരുൾ വീഥിയിൽ-
കേഴുന്നു ഞാനിന്നും വേഴാമ്പൽ പക്ഷിപോൽ,
തേടുന്നു ഞാൻ നിന്നെ മധുരസ്മരണയായ്
എൻശോക ഗാനത്തിനന്ത്യം കുറിക്കുവാൻ.
മോഹങ്ങളൊക്കെയും ഭംഗമായ് തീർന്നു
പോയ്
ഓർക്കുന്നു ഞാനിന്നും നിന്റെ വാഗ്ദാനങ്ങൾ,
മന്ദസ്മിതം തൂകി അന്നു മൊഴിഞ്ഞു നീ-
മറക്കില്ലൊരിക്കലും മെൻ കൊച്ചു സുന്ദരി.**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ശക്തിയും.

വിദേശനിർമ്മിത വസ്തുക്കൾ ഗ്രാമത്തിൽ സുലഭമായി.

പുതിയ കെട്ടിടങ്ങളുയർന്നു.പുതിയ കച്ചവടമുണ്ടായി പുതിയ പുതിയ സാധനങ്ങൾ വില്പനയ്ക്കെത്തി.

മനോഹരമായ കെട്ടിടങ്ങളിൽനിന്നും സ്റ്റീരിയോ സംഗീതം ഒഴുകി. വിദ്യുച്ഛക്തി കടന്നുവരാതിരുന്ന പഴയ ഗ്രാമത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ മിന്നി. മണിമന്ദിരത്തിൽ നിയോൺ പ്രകാശം പ്രഭ ചിതറി. റോഡുകൾ നന്നാക്കി. എപ്പോഴും കാറുകൾ ഇരച്ചുപായാൻ തുടങ്ങി.

കക്ഷത്ത് വിദേശക്കുടയുംവച്ച്, നീളംകൂടിയ സിഗറ്റുവലിച്ച്, കടലിനക്കരെ സ്വർഗ്ഗത്തെക്കുറിച്ച് കാരണവന്മാർ പറഞ്ഞുകൊണ്ടുനടന്നു. ഓരോ ചെറുപ്പക്കാരന്റേയും ഏറ്റവും വലിയ സ്വപ്നമായി ത്തീർന്നു, പടിഞ്ഞാറുള്ള ആ മണൽഭൂമികൾ . പ്രായമായ ഓരോ പെൺകുട്ടിയും അവിടെ നിന്നും അവധിയിലെത്തുന്നതുവരെ കിനാവു കണ്ടു. ഫോറിൻ സാരികളും, സെന്റും, മടക്കുകുടയും, ഗിൽറ്റുള്ള ചെരിപ്പുകളുമൊക്കെയായിത്തീർന്നു അവരുടെ സങ്കൽപം.

ഗ്രാമത്തിലെ പുതിയ വീഥികളിലൂടെ ഏകനായി നടക്കുമ്പോൾ അയാളതെല്ലാം അത്ഭുതത്തോടെ നോക്കിക്കാണുമായിരുന്നു. റോഡിനിരുവശം ഭംഗിയുള്ള മതിലുകൾ. മതിലുകൾക്കകത്ത് നവീന മാതൃകയിലുള്ള കൊട്ടാരങ്ങൾ. ചായങ്ങൾകൊണ്ട് കമനീയമാക്കിയ ശില്പങ്ങൾ. നോക്കിനിൽക്കാൻ തോന്നിപ്പോകും........

അവയുടെ സ്ഥാനത്ത് മുമ്പുണ്ടായിരുന്ന കൊച്ചോലപ്പുരകൾ.

എല്ലാം അപ്രത്യക്ഷമായിരിക്കുന്നു.എത്ര പെട്ടെന്ന്..... അവിശ്വസനീയമായിത്തോന്നുന്നു.

സ്ക്കൂളിൽ പഠിക്കുമ്പോൾ കൂട്ടുകാരനായിരുന്ന റഷീദ് ലീവിൽ വന്നപ്പോൾ അവിചാരിതമായി ഒരു ദിവസം അയാളെ കാണുവാൻ വന്നു. പാന്റ്സും ബുഷ് ഷർട്ടും വലിയ കൂളിംഗ് ഗ്ലാസുമൊക്കെ ധരിച്ച് കയറി വന്ന അവനെ തിരിച്ചറിയാൻ തന്നെ ബുദ്ധിമുട്ടി. ക്ഷീണിച്ച്, തോളെല്ലുകൾ പൊന്തി, പ്രായത്തെക്കവിഞ്ഞ ഉയരവുമായി നടന്നിരുന്ന റഷീദ്. തടിച്ചുകൊഴുത്ത ശരീരവും മാംസം തൂങ്ങിക്കിടക്കുന്ന കവിളും, തോളുവരെ നീട്ടിവളർത്തിയ മുടിയും– മനസ്സിലാവാതെ പോയതിൽ അത്ഭുതമില്ല. മിഡിൽ ഈസ്റ്റിലെ സംഘർഷത്തെക്കുറിച്ചും, ലെബനോണിലെ അഭ്യന്തരയുദ്ധത്തെക്കുറിച്ചും, എയർപോർട്ട് കസ്റ്റംസിലെ അക്രമങ്ങളെക്കുറിച്ചുമൊക്കെ ധാരാളം സംസാരിച്ചു. ഒമ്പതാം ക്ലാസിൽ മൂന്നുവർഷം തോറ്റ് പഠിപ്പുനിർത്തിയ റഷീദാണോ ഈ പ്രസംഗിക്കുന്നത്! അയാൾ അന്തിച്ചിരുന്നു പോയി.

യാത്ര പറയാൻ നേരത്ത് റഷീദ് ചോദിച്ചു: "താൻ മാത്രം നാട്ടിൽ കൂടാനാണോ നിശ്ചയിച്ചേ ട്ക്കണ്?"

അത്രയെന്നോ അല്ലെന്നോ പറയാതെ വെറുതെ ചിരിച്ചു അയാൾ.

"പോണംന്നുണ്ടെങ്കിൽ പറഞ്ഞോ, ഞാനവിടെ ചെന്നിട്ട് ശ്രമിക്കാം. ഒരു അരലക്ഷം ഉറുപ്പ്യെങ്കിലും വേണം ഇപ്പോ വിസ കിട്ടാൻ. അതിനു തരംണ്ടോ?"

ഒരു കഥയെഴുതി അയച്ചുകൊടുത്താൽ കിട്ടുന്നത് നൂറോ നൂറ്റമ്പതോ രൂപയാണ്. ഒരു പുരുഷായുസ്സ് മുഴുവനിരുന്ന് എഴുതിയാലും ഉണ്ടാക്കാനൊക്കാത്ത തുക!

റഷീദ് പറഞ്ഞു: "വിവരത്തിന് എഴുതിയാൽ മതി. പണം വീട്ടിൽകൊടുത്താലും മതി. ഞാനവിടെ അഡിജസ്റ്റ് ചെയ്തോളാം."

റഷീദ് പോയിക്കഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു: "ഒരിക്കൽ എങ്ങനെ നടന്ന ചെക്കനാ അത്. യോഗം വേണെന്നു പറയുന്നത് ഇതാണ്."

അയാൾ പിന്നെയും എഴുത്തു തുടർന്നു. പാടം ഉഴുതുമറിക്കാനാളില്ലാതെ വന്നപ്പോഴും, കർഷകരെപ്പറ്റിയും അവരൊഴുക്കുന്ന വിയർപ്പിനെപ്പറ്റിയും എഴുതി. എത്ര പ്രയത്നിച്ചാലും അവശേഷിക്കുന്ന ദാരിദ്ര്യത്തെക്കുറിച്ചെഴുതി. ഞാറുനടുന്ന സ്ത്രീകളെക്കുറിച്ചും, കാറ്റത്താടുന്ന കതിർക്കുലകളെക്കുറിച്ചും എഴുതി.

കൃഷിയിറക്കാൻ മിനക്കെടാനാളില്ലാതെ ക്രമേണ വയലുകൾ തരിശായി മാറിക്കൊണ്ടിരിക്കുകയായിരുന്നു.

അങ്ങനെയിരിക്കുമ്പോഴാണ് അയൽപക്കത്തെ കണാരേട്ടൻ പേർഷ്യയിൽ നിന്നും വന്നത്. ദുബായിൽ ബിസിനസ്സു നടത്തുന്ന കണാരേട്ടൻ സാഹിത്യത്തെക്കുറിച്ചും കലയെക്കുറിച്ചുമൊക്കെ പറയാൻ തുടങ്ങി.

"നീ എഴുതുന്ന കഥകളൊക്കെ ഞങ്ങൾ വായിക്കാറുണ്ട്. എന്റെ അയൽക്കാരനാ എന്ന് ഞാനവരോടൊക്കെ പറയും. ഒരാളെങ്കിലും ഉണ്ടായല്ലോ നമ്മുടെ നാട്ടിൽ നാലുപേരറിയുന്നവനായിട്ട്."

അഭിമാനം തോന്നി അതുകേട്ടപ്പോൾ.

"നീ എഴുതുന്ന രീതി എല്ലാവർക്കു ഇഷ്ടാ. എന്നാലും ആ വിഷയങ്ങളില്ലേ– അതൊക്കെ പഴഞ്ചനാ. ഇന്നെവിടാ കർഷകർ? എവിടാ കൃഷി? നാട് പുരോഗമിച്ചു. നിനക്കുമാത്രം പുരോഗമനമില്ല. അതെന്താ അങ്ങിനെ?"

ആ ചോദ്യം ഒരാഘാതമായിരുന്നു.

പണ്ഡിതനൊന്നുമല്ലാത്ത, സാധാരണക്കാരനായ കണാരേട്ടൻ. ആ മുഖത്തുനോക്കിയിരുന്ന് ഒരു വിഡ്ഢിയെപ്പോലെ ചിരിക്കാനേ കഴിഞ്ഞുള്ളൂ.

കണാരേട്ടൻ എഴുന്നേറ്റകത്തേക്കുപോയി. ഗിൽറ്റുള്ള ടോപ്പോടുകൂടിയ ഒരു പേന എടുത്തുകൊണ്ടു വന്നു.

എന്നിട്ടത് തരുമ്പോൾ ഒരു ഫലിതംപോലെ പറയുകയും ചെയ്തു.

"നിന്റെ ആ പഴയ പേന കൊണ്ടുപോയി കള. അതോണ്ടുതന്നെ എഴുതുന്നതുകൊണ്ടാ നിനക്ക് മാറ്റം വരാത്തത്!"

അതുകേട്ടപ്പോൾ ഉള്ളിൽ നടുക്കമുണ്ടായി.

സമ്മാനം കിട്ടിയ വിശിഷ്ടമായ പേനയുമായി വീട്ടിലേക്കു പോന്നു.

പോരുമ്പോൾ കണ്ടു. ഉണങ്ങിച്ചുങ്ങിച്ച് കട്ട വീണ്ടു കിടക്കുന്ന കിഴക്കേ വയൽ.

കിഴക്കേ വയൽ മാത്രമാണോ ഇങ്ങനെ കിടക്കുന്നത്?

കണാരേട്ടന്റെ വാക്കുകൾ–

ഇന്നെവിടെയാണ് കർഷകൻ? എവിടെയാണ് കൃഷി?


വീട്ടിലെത്തിയ ഉടനെ, ആരോടോ ഒരു പ്രതികാരം നിർവഹിക്കുന്ന വീറോടെ താനനവധി വർഷമായി എഴുതാനുപയോഗിക്കുന്ന പഴയ പേനയെടുത്ത് വലിച്ചെറിഞ്ഞു കളഞ്ഞു.

അന്നു രാത്രി ഉറക്കം നഷ്ടപ്പെട്ടു കിടക്കുമ്പോൾ ഏറെ നാളുകൾക്കുശേഷം അയാൾ റഷീദിനെക്കുറിച്ചോർമ്മിച്ചു.

അരലക്ഷം രൂപയെക്കുറിച്ചാലോചിച്ച് അസ്വസ്ഥനാവുമ്പോഴും, കടലുകൾക്കപ്പുറം പടിഞ്ഞാറെങ്ങോ ഉള്ള പറുദീസയെപ്പറ്റി അയാൾ ജീവിതത്തിലാദ്യമായി സ്വപ്നം കണ്ടു. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

സ്മൃതി ചിത്രം



# പ്രൊഫ. സി.വി.എൻ – മഹാനായ അധ്യാപകൻ



അഡ്വ. ടി. എം. ഗോപാലകൃഷ്ണൻ മഞ്ചേരി

രണ്ടായിരത്തി പതിനഞ്ചു ജൂൺ 25–ാം തിയ്യതി വൈകിട്ടാണ് നിലമ്പൂരിലെ അഡ്വക്കേറ്റ് കെ.യു രാധാകൃഷ്ണൻ പ്രൊ. സി.വി.എന്നിന്റെ നിര്യാണ വാർത്ത എന്നെ വിളിച്ചറിയിക്കുന്നത്. മരിക്കുന്നതിന് രണ്ടുദിവസം മുമ്പുതന്നെ മാസ്റ്റർ രോഗബാധിതനായി ആശുപത്രിയിലായിരുന്നു. ആശുപത്രിയിലാണെന്ന വിവരം അദ്ദേഹത്തിന്റെ മകൻ സി.വി അശോകൻ അറിയിച്ചിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന് 92 വയസ്സായിരുന്നു.

സ്വാതന്ത്ര്യസമരസേനാനി, അധ്യാപകൻ, പ്രഭാഷകൻ, എഴുത്തുകാരൻ, സാമൂഹിക സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം വ്യക്തി മുദ്രപതിപ്പിച്ചിരുന്നു. നിലമ്പൂരിന്റെ സാംസ്കാരിക നായകനായിരുന്ന അദ്ദേഹത്തിന്റെ 90–ാം ജന്മദിനം അദ്ദേഹത്തിന്റെ വേർപാടിന് രണ്ട് വർഷം മുമ്പ് സമുചിതമായി കൊണ്ടാടിയിരുന്നു. അദ്ദേഹത്തിന്റെകുടുബാംഗങ്ങൾ മുൻകൈയെടുത്ത് സംഘടിപ്പിച്ച ആ ജന്മദിനാഘോഷം നിലമ്പൂരിലെ നാട്ടുകാരുടെയും അദ്ദേഹത്തിന്റെ പൂർവ്വവിദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെയും ഒരു കൂട്ടായ്മയായി മാറി. ആ കൂട്ടായ്മക്കിടയിൽ വാർധക്യത്തിന്റെ ദൈന്യതകൾ അലട്ടിയിരുന്നുവെങ്കിലും തന്നെ വന്നു കാണുന്ന ഓരോ ആളേയും തിരിച്ചറിയുകയും പേരെടുത്ത് വിളിക്കുകയും സൗഹൃദവും അനുഗ്രഹവുമൊക്കെ ചൊരിയുകയും ചെയ്തിരുന്ന ആ വലിയ ഗുരുനാഥന്റെ ചിത്രം മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു.



പ്രൊഫ. സി.വി.എൻ

മലപ്പുറം ജില്ലയിലെ പടിഞ്ഞാറ്റുമുറിയിൽ ജനിച്ച സി.വി നീലകണ്ഠൻ നമ്പൂതിരി ഗണിതശാസ്ത്ര അധ്യാപകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്.

1965ൽ എം.ഇ.എസ്.മമ്പാട് കോളേജിൽ മലയാളവിഭാഗം അധ്യാപകനായി. മലയാളം വിഭാഗം തലവനായിരിക്കെ അദ്ദേഹം 1985ൽ സർവ്വീസിൽ നിന്നും വിരമിച്ചു. അതിനുശേഷവും നിലമ്പൂരിലെ സമാന്തര കലാലയങ്ങളിൽ പ്രിൻസിപ്പൽ, ഭാഷാധ്യാപകൻ എന്നീ നിലകളിൽ രണ്ടര പതിറ്റാണ്ടുകാലം അദ്ദേഹംനിസ്തന്ദ്രമായി പ്രവർത്തിച്ചു.

ഈയുള്ളവൻ മമ്പാട് എം.ഇ.എസ് കോളേജിൽ പഠിച്ചിരുന്ന 1977 മുതൽ 1982 വരെയുള്ള കാലത്ത് അദ്ദേഹം മലയാള വിഭാഗം മേധാവിയായിരുന്നു. ആ കാലത്ത് അദ്ദേഹം ഞങ്ങളെ കുഞ്ചൻ നമ്പ്യാരുടെ "കല്ല്യാണ സൌഗന്ധികം". ആറ്റൂർ കൃഷ്ണ പിഷാരടി പരിഭാഷപ്പെടുത്തിയ "കേരളാ ശാകുന്തളം", വി.ടി. ഭട്ടതിരിപ്പാടിന്റെ "കണ്ണീരും കിനാവും", കുമാരനാശാന്റെ "നളിനി", ഡോ. എസ്. കെ. നായർ പരിഭാഷപ്പെടുത്തിയ "സചിവ പ്രതിജ്ഞ" (പ്രതിജ്ഞായൗഗന്ധരായണം) തുടങ്ങിയ കൃതികൾ പഠിപ്പിച്ചിരിക്കുന്നു.

അധ്യാപകനെന്ന നിലയിൽ എന്നെ ഏറെ ആകർഷിച്ചത് അദ്ദേഹത്തിന്റെ അക്കാദമിക് അപ്രോച്ച് ആയിരുന്നു. ഓരോ പാഠഭാഗങ്ങൾ പഠിപ്പിക്കുമ്പോഴും അദ്ദേഹത്തിന്റെ ആ വിഷയത്തോടുള്ള തികഞ്ഞ ആത്മാർത്ഥതയും ധീഷണാപരവും വിവേചനപൂർവ്വവുമായ സമീപനവും നമ്മെ ഏറെ അത്ഭുതപ്പെടുത്തും. നല്ലൊരധ്യാപകന്റെ ജോലി വ്യാഖ്യാനിക്കലാണ്. സ്വസിദ്ധാന്തങ്ങൾ അടിച്ചേൽപ്പിക്കലല്ല എന്ന് സി.വി എൻ ശരിക്കും മനസ്സിലാക്കിയിരുന്നു. താൻ പഠിപ്പിക്കുന്ന സാഹിത്യകൃതിയിൽ ഒളിഞ്ഞിരിക്കുന്ന സൗന്ദര്യത്തെ തന്റെ പ്രതിഭകൊണ്ട് അദ്ദേഹം തെളിയിച്ചു കാട്ടിയിരുന്നു. വിനയാന്വിതമായിരുന്നു അദ്ദേഹത്തിന്റെ ഭാവം. യുക്തി സഹമായി അദ്ദേഹം ആശയങ്ങളെ ആവിഷ്കരിച്ചു. സംസ്കാരസമ്പന്നമായിരുന്നു അദ്ദേഹത്തിന്റെ സ്വരം. ശാന്തനും സ്നേഹമയിയുമായിരുന്നു ആ മഹാനായ അധ്യാപകൻ. ഞാൻ മമ്പാട് കോളേജിൽ ഒന്നാംവർഷ പ്രീഡിഗ്രി ക്ലാസിൽ 1977ൽ ചെന്ന് ചേർന്ന സമയം. 1977 ജൂണിൽ കോളേജ് തുറന്ന ആദ്യ ദിവസങ്ങളോന്നിൽ കുഞ്ചൻനമ്പ്യരുടെ "കല്ല്യാണ സൗഗന്ധികം" മാസ്റ്റർ പഠിപ്പിക്കുമ്പോൾ

"വൻപൻ വൃകോദരൻ കുമ്പിട്ടുനോക്കിനാൻ
പന്തണിക്കൊങ്കമാർ പന്തിനിരക്കവേ
പന്തടിക്കുന്നതും ചിന്തുപാടുന്നതും
അന്തികേ കണ്ടൊരുകുന്തികുമാരകൻ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55



സന്തുഷ്ടനായ് നിന്നു തെല്ലുനേ രംമുദാ എന്ന ശ്ലോകത്തിൽ പന്തു പോലുള്ള മുലയുള്ള സ്ത്രീകൾ എന്ന പ്രയോഗം അദ്ദേഹത്തിന് വിശദീകരിക്കേണ്ടിവന്നു. (അദ്ധ്യാത്മരാമായണത്തിൽ എഴുത്തച്ഛൻ അഹല്യയുടെ അംഗലാവണ്യം വർണ്ണിക്കുന്നിടത്തും പന്തൊക്കും മുലകളെപ്പറ്റി പറയുന്നുണ്ടല്ലോ) ഇതിനിടയിൽ ക്ലാസിൽ ഒരു വിരുതൻ കൂട്ടത്തിലിരുന്ന് പന്തൊക്കും മുലകൾ എന്ന പ്രയോഗത്തിലെ അനുചിതൃത്തെക്കുറിച്ച് ഒരു സംശയമുന്നയിച്ചു. വിദ്യാർത്ഥിയുടെ സ്വരത്തിലെ കളിയാക്കലിന്റെ ഭാവം പിടികിട്ടിയ സി.വി എൻ ആരാണാ ചോദ്യം ചോദിച്ചതെന്ന് ആരാഞ്ഞു. ആരും അതിന്റെ കർതൃത്വം ഏറ്റെടുക്കാനോ ക്ലാസിൽ എണീറ്റു നിൽക്കാനോ ധൈര്യപ്പെട്ടില്ല. ചോദ്യകർത്താവില്ലാത്ത ചോദ്യത്തിന് താൻ ഉത്തരം പറയാറില്ല എന്ന് അദ്ദേഹം ദൃഢസ്വരത്തിൽ പറഞ്ഞു. അതോടെ ക്ലാസ് നിശബ്ദമായി. വിദ്യാർത്ഥികൾ ഗൗരവഭാവം പൂണ്ടു. പഠിതാക്കളെ ശാസിക്കാതെ തന്നെ നിയന്ത്രിക്കാൻ മാസ്റ്റർക്ക് അസാമാന്യപാടവവമുണ്ടായിരുന്നു. അശ്ലീലമെന്ന് തോന്നാവുന്ന പാഠഭാഗങ്ങൾ പോലും ശ്ലീലത്തിൽ പിടിച്ചുനിർത്താനും സഭ്യതയുടെ സീമകളെ അതിലംഘിക്കാതെ വിശദീകരിക്കാനും അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. തന്റെ സ്വന്തം കുട്ടികളാണ് മുന്നിലിരിക്കുന്നതെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. വള്ളത്തോളിന്റെ ബന്ധനസ്ഥനായ അനിരുദ്ധനിലെ ഉഷയുടെ വർണനയിലെ "പീനസ്തനിക്കുടയ ചാരുകുചോത്തരീയം..."എന്നു തുടങ്ങുന്ന പാഠഭാഗം വിശദീകരിക്കുമ്പോൾ പോലും അദ്ദേഹം സഭ്യമായ ഭാഷയിൽ മിതത്വം പാലിക്കാൻ ശ്രദ്ധിക്കുമായിരുന്നു.

തന്റെ വൈവിധ്യപൂർണമായ അനുഭവസമ്പത്തും അതുമായി ബന്ധപ്പെട്ട ജീവിത സന്ദർഭങ്ങളും മറ്റും അദ്ദേഹം ക്ലാസിൽ വിവരിക്കാറുണ്ടായിരുന്നു. സി.വി.എൻ ഗണിതശാസ്ത്രത്തിൽ ബിരുദം നേടി നാട്ടിൽ കഴിയുന്ന കാലം. അന്നൊരിക്കൽ അവിടെ സംഘടിപ്പിച്ച ഒരു പൊതുയോഗത്തിൽ പ്രസംഗിക്കാനായി പ്രമുഖ വാഗ്മിയായ അച്യുത് പട്ടവർദ്ധൻ എത്തി. അദ്ദേഹത്തിന്റെ അനർഗ്ഗളമായൊഴുകികൊണ്ടിരുന്ന ആംഗലേയ പ്രഭാഷണം പരിഭാഷപ്പെടുത്തുവാൻ നാട്ടിലെ ഒരു യുവ അഭിഭാഷകൻ നിയോഗിക്കപ്പെട്ടെങ്കിലും അദ്ദേഹത്തിന് നന്നേ പാടുപെടേണ്ടതായി വന്നു. തത്സമയം അവിടെയെത്തിയ ഒരു ഖാദിവസ്ത്രധാരി ഒടുവിൽ പ്രസംഗം പരിഭാഷപ്പെടുത്താൻ സന്നദ്ധനായി.അദ്ദേഹം അയത്ന ലളിതമായി ആ കൃത്യം നിർവ്വഹിച്ച് ശ്രോതാക്കളുടെ ആദരവ് പിടിച്ചുപറ്റിയത്രെ. ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ഒളിവുജീവിതം നയിച്ചിരുന്ന എൻ.വി കൃഷ്ണവാര്യരായിരുന്നു ആ ഖദർവസ്ത്രധാരിയെന്ന് ശ്രോതാക്കൾ മനസ്സിലാക്കിയത് എല്ലാംകഴിഞ്ഞശേഷമായിരുന്നത്രെ.

സി.വി.യെന്റെ അമ്മാവന്റെ കീഴിൽ പ്രമുഖ കമ്മ്യൂണിസ്റ്റും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ സംസ്കൃതം പഠിച്ചിരുന്ന കഥ സി.വി.എൻ പറയാറുണ്ടായിരുന്നു. അമ്മാവൻ പഠിപ്പിക്കുന്നതിനിടെ ഫലിതം പറഞ്ഞാൽപോലും ഗൗരവപ്രകൃതക്കാരനായ കെ. ദാമോദരൻ ചിരിക്കാറുണ്ടായിരുന്നില്ലത്രെ. ഒടുവിൽ സഹികെട്ട് ഒരിയ്ക്കൽ അമ്മാവൻ പറഞ്ഞുവത്രെ "ദാമോദരാ ചിരിയ്ക്കാൻ സമയമായിരിക്കുന്നു" വെന്ന് ഇത്തരം ജീവിതാനുഭവങ്ങളും ഫലിതങ്ങളുമൊക്കെ കൊണ്ട് സമ്പന്നമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസുകൾ.

മുൻകൂട്ടി തയ്യാറാക്കിയ ടീച്ചിംഗ് നോട്ടുകൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയോ അതിനെ അവലംബിച്ച് ക്ലാസെടുക്കുകയൊ ചെയ്യുന്നരീതി അദ്ദേഹം അവലംബിച്ചില്ല. മറിച്ച് തന്റെ ചിന്തകളെ നന്നായി ചിട്ടപ്പെടുത്തിയും ക്രമീകരിച്ചും അദ്ദേഹം നന്നായി ക്ലാസെടുത്തു. ശാന്തമായൊഴുകുന്ന ഒരു കൊച്ചരുവിപോലെയായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. ഒരു തെളിഞ്ഞ ജലാശയം പോലെ വ്യക്തതയുണ്ടായിരുന്നു അദ്ദേഹം മുന്നോട്ട് വയ്ക്കുന്ന ആശയങ്ങൾക്കും കാഴ്ചപ്പാടുകൾക്കുമൊക്കെ.

തന്റെ വിദ്യാർത്ഥികളെ വായനയുടെ ലോകത്തേക്ക് കൂട്ടികൊണ്ടുപോകാൻ അദ്ദേഹത്തിന്റെ ക്ലാസുകൾ വഴിമരുന്നിട്ടു. പുസ്തകങ്ങളെ സ്നേഹിക്കണമെന്നും മൂല്യമുള്ള പുസ്തകങ്ങളുടെ സ്വകാര്യശേഖരം സ്വന്തമായുണ്ടാകണമെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു.

നല്ലൊരു ചിന്തകനും ദാർശികനുമായിരുന്നു സി.വി.എൻ. ജീവിതാവേക്ഷണപരമായാണ് അദ്ദേഹം ക്ലാസിൽ പലപ്പോഴും സംസാരിക്കാറുണ്ടായിരുന്നത്. ജീവിതം എപ്പോഴും സുഖപ്രദമോ ദുഃഖപ്രദമോ ആകണമെന്നില്ല. സുഖദുഃഖ സമ്മിശ്രമാണത്. അദ്ദേഹം ഇടയ്ക്ക് ഓർമ്മിപ്പിക്കുമായിരുന്നു. ക്ലാസിനിടയിൽ അദ്ദേഹം ചിന്തയ്ക്ക് വക നൽകുന്ന മഹദ്വചനങ്ങൾ ഉദ്ധരിക്കുമായിരുന്നു. ചായക്കോപ്പക്കും ചുണ്ടിനുമിടയിലെ വഴുക്കലിനെക്കുറിച്ച് അദ്ദേഹം പറയാറുണ്ടായിരുന്നു." There is many a slip between the cup and the lip" എന്ന്. ഇതൊക്കയാണെങ്കിലും അദ്ദേഹം പാഠഭാഗത്തുനിന്ന് വ്യതിചലിച്ച് കാടുകയറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൃത്യസമയത്ത് അദ്ദേഹം പാഠങ്ങൾ പഠിപ്പിച്ച് തീർത്ത്

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

**ശാസ്താസ്**
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്
കോഴിക്കോട്.

**ക്വോളിറ്റി സ്റ്റേഷനറി**
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

**കെ.ആർ. ബ്രദേഴ്സ്**
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001
ഫോൺ: 2720565

**അളകാപുരി സ്റ്റേഷനറി,** പാളയം,
കോഴിക്കോട്, ഫോൺ: ...................

**മലബാർ സ്റ്റേഷനറി,**
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട, ഫോൺ: ................

**ലക്കിബുക്ക്സ്**
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

**നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ**
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

**പി.എം. സ്റ്റേഷനറി**
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

**ശീദേവി ബുക്ക്സ് & പേപ്പേഴ്സ്**
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

**കെ. ആർ. കൂൾബാർ**
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

**യൂണിക്ക് ബുക്ക് സ്റ്റാൾ**
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502

**തിരൂരങ്ങാടി ബുക്ക് സ്റ്റാൾ.**
പുതിയ ബസ്സ് സ്റ്റാന്റ്, മഞ്ചേരി
ഫോൺ: .........

**അപെക്സ് ബുക്ക് സ്റ്റാൾ,**
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................

**ഗുഡ്ലൈൻ ബേക്കറി**
(കോയാസ് ഹോസ്പിറ്റലിനു മുൻവശം)
ചെറുവണ്ണൂർ, കോഴിക്കോട്

അക്ഷരബുക്ക്സ് (രാമനാട്ടുകര)
എം. കെ. ബുക്ക്സ് (രാമനാട്ടുകര)
ബുക്ക് ലാന്റ് (രാമനാട്ടുകര)
കുട്ടിയാപ്പു സ്റ്റേഷനറി (രാമനാട്ടുകര)
മലയാളി ഫാൻസി (ഫറോക്ക്)
ചന്ദ്രൻ സ്റ്റേഷനറി (ഫറോക്ക്)
രാജൻ സ്റ്റേഷനറി (പൊയിൽകാവ്)
ജനറൽമർച്ചന്റ് &സ്റ്റേഷനറി(പൊയിൽകാവ്)
കോയ സ്റ്റേഷനറി (പൂക്കാട്)
മിൽമ (പന്തീരാങ്കാവ്)
ഇ.എൻ. ജി. സ്റ്റോർ (പന്തീരാങ്കാവ്)
ഗോപാലൻ സ്റ്റേഷനറി (പൊറ്റമ്മൽ)
കൃഷ്ണൻക്കുട്ടി സ്റ്റേഷനറി(പൊറ്റമ്മൽ)
വാസു സ്റ്റേഷനറി (മാങ്കാവ്)
പി.ജയരാജൻ സ്റ്റേഷനറി(കാളൂർറോഡ്)
ഫ്രണ്ട്സ് സ്റ്റേഷനറി (കാളൂർറോഡ്)
പ്രമീള സ്റ്റോർ (കോന്തനാരി)
ജനറൽ മർച്ചന്റ് & സ്റ്റേഷനറി 6-ാം മൈൽ, കീഴ്മാട് റോഡ്, വെള്ളിപറമ്പ്
കൃഷ്ണൻക്കുട്ടി സ്റ്റേഷനറി, അത്താണിക്കൽ
സ്റ്റേഷനറി ഈസ്റ്റ്ഹിൽ റോഡ് (വെസ്റ്റ്ഹിൽ ചുങ്കം)
ജംഗ്ഷൻ സ്റ്റേഷനറി (വെസ്റ്റ്ഹിൽ ചുങ്കം)
വരക്കൽ റോഡ് സ്റ്റേഷനറി (വെസ്റ്റ്ഹിൽ ചുങ്കം)
രാമചന്ദ്രൻ സ്റ്റേഷനറി (പുതിയപാലം)
ധർമ്മൻ സ്റ്റേഷനറി (പുതിയപാലം)
ബാബു സ്റ്റേഷനറി (പുതിയപാലം)
സുരഭി സ്റ്റേഷനറി (ഒളവണ്ണ ബസാർ)
രാമകൃഷ്ണൻ സ്റ്റേഷനറി (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
രാമദാസ് സ്റ്റോർ, കല്ലയി റോഡ്, (നിയർ- കല്ലിക്കോട്ടെ ഫണ്ട്സ്, കോഴിക്കോട്)

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55



വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് സജ്ജരാക്കാറുമുണ്ടായിരുന്നു.

ഗാന്ധിയൻ ദർശനങ്ങളും മാർക്സിന്റെ സ്ഥിതിസമത്വവാദവുമൊക്കെ അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. ടാഗോറും മലയാളത്തിലെ ആധുനിക കവിത്രയങ്ങളുമെല്ലാം അദ്ദേഹത്തിന്റെ സാഹിതീദർശനങ്ങളെയും ചിന്താധാരകളെയും രൂപപ്പെടുത്തുന്നതിൽ ഏറെ പങ്കുവഹിച്ചിരുന്നു. കേവലം ഒരു ദേശീയവാദി മാത്രമായി അദ്ദേഹം ഒതുങ്ങിയില്ല. സാർവ്വദേശീയവീക്ഷണം അദ്ദേഹം വെച്ചുപുലർത്തി. ലോകത്തെവിടെയും മനുഷ്യർ നേരിടുന്ന പ്രശ്നങ്ങൾ ഏറെക്കുറെ സമാനസ്വഭാവമുള്ളതാണെന്നുതിരിച്ചറിയാനും അദ്ദേഹത്തിനായിരുന്നു.

തന്റെവിദ്യാർത്ഥികൾക്കിടയിൽ അച്ചടക്കരാഹിത്യം അസഹ്യമായി തോന്നിയസന്ദർഭങ്ങളിൽ അദ്ദേഹം അവരോട് നിങ്ങൾക്കൊക്കെ കലാലയ വിദ്യാഭ്യാസം നൽകാൻ ഈ നാട്ടിലെ സാധാരണക്കാരായ നികുതിദായകർ മുണ്ടെത്ര മുറുക്കിയുടുക്കുന്നുണ്ടെന്ന് നിങ്ങൾ ആലോചിക്കാറുണ്ടോ എന്ന് ചോദിക്കുമായിരുന്നു.

ആധികാരികമായി മാത്രമെ അദ്ദേഹം ക്ലാസിൽ കാര്യങ്ങൾ അവതരിപ്പിച്ചിരുന്നുള്ളൂ. കാളിദാസന്റെയും കവിത്രയങ്ങളുടെയും കുഞ്ചൻനമ്പ്യരുടെയുമൊക്കെ കൃതികൾ അദ്ദേഹം വളരെ മികവോടെ പഠിപ്പിക്കുമായിരുന്നു. ഇംഗ്ലീഷിലും സംസ്കൃതത്തിലും അദ്ദേഹത്തിന് നല്ല ഉപസ്ഥിതിയുണ്ടായിരുന്നു.

കോളേജിൽ സമരവും മറ്റുമൊക്കെയായി ക്ലാസുകൾ മുടങ്ങുക ആ കാലങ്ങളിൽ പതിവായിരുന്നു. പ്രത്യേകിച്ചും അടിയന്തരാവസ്ഥ പിൻവലിച്ചതിനുശേഷമുള്ള നാളുകളിൽ. വിദ്യാർത്ഥി പ്രക്ഷോഭം പൂർവ്വാധികം ശക്തിപ്രാപിച്ച ഒരു കാലം കൂടിയായിരുന്നു അത്. അന്നൊക്കെ സമരംമൂലം ക്ലാസുകൾ മുടങ്ങി വീട്ടിലേക്ക് മടങ്ങിപോരേണ്ടിവരുമ്പോൾ സി.വി.എൻ സാറിന്റെ മലയാളം ക്ലാസുകൾ നഷ്ടപ്പെടുന്നത് മനസ്സിൽ വലിയ നഷ്ടബോധം സൃഷ്ടിച്ചിരുന്നു.

നല്ലൊരു വായനക്കാരൻ കൂടിയായിരുന്നു സി.വി.എൻ. സാഹിത്യനിരൂപകനായ പ്രൊഫ. എം. കൃഷ്ണൻ നായരെപ്പോലെയുള്ള പരന്ന വായന. തന്റെ ഒഴിവു സമയത്തിന്റെ ഏറിയ പങ്കും അദ്ദേഹം വായനക്കായി നീക്കിവച്ചു. വായനയായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിന്റെ സാഫല്യവും സാകല്യവുമൊക്കെ. താൻ വായിക്കുന്ന കൃതികളെ നിരൂപണം ചെയ്യുകയും ഉൾക്കാഴ്ചയോടെ അവയെപ്പറ്റി അദ്ദേഹം സംസാരിക്കുകയും ചെയ്തിരുന്നു. നല്ലൊരു സ്വകാര്യഗ്രന്ഥശേഖരത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

മികച്ച വാഗ്മിയായിരുന്നു അദ്ദേഹം. പ്രസംഗവേദിയിൽ അദ്ദേഹം ഉറഞ്ഞുതുള്ളിയില്ല; വെട്ടിവെളിച്ചപ്പെട്ടുമില്ല.സദസ്യർക്ക് മനസിലാകും വിധം സ്വയം ചിന്തിച്ച് അടുക്കോടുംചിട്ടയോടും അദ്ദേഹം സംസാരിച്ചു.ഒട്ടുംവലിച്ചു നീട്ടാത്ത ആഭാഷണം കേൾക്കാൻ ശ്രോതാക്കൾ കാതോർത്തിരുന്നു."മിതം ച സാരം ച വചോഹി വാഗ്മിതാ" എന്ന സാരസ്വത വചനം അന്വർത്ഥമാക്കും വിധമുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ. സാഹിതീയമോ സാംസ്കാരികമോ സാമൂഹികമോ ആയ വിഷയങ്ങളെക്കുറിച്ചൊക്കെ അവഗാഹത്തോടെ അദ്ദേഹം സംസാരിച്ചിരുന്നു. ഇടതുപക്ഷ സഹയാത്രികനും യുക്തിവാദിയുമൊക്കെയായിരുന്നു അദ്ദേഹം. ശാസ്ത്രസാഹിത്യപരിഷത്തിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. എം.എൻ കുറുപ്പിനും മറ്റുമൊപ്പം പുരോഗമനകലാസാഹിത്യസംഘത്തിലും അദ്ദേഹം സജീവമായി പ്രവർത്തിച്ചിരുന്നു. നാസ്തികൃദർശനമൊക്കെ വച്ചുപുലർത്തുമ്പോഴും മതവിശ്വാസികളും മറ്റും പറയുന്നത് ശ്രദ്ധിച്ചു കേൾക്കുവാനും അവരുടെ വിശ്വാസപ്രമാണങ്ങളെ ഒരിയ്ക്കലും മുറിവേൽപ്പിക്കാതിരിക്കുവാനും അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. തന്റെ കാഴ്ചപ്പാടുകൾ ആരുടെ മേലും അടിച്ചേൽപ്പിച്ചിരുന്നില്ല. അതുമാത്രമാണ് ശരിയെന്ന് ശഠിച്ചുമില്ല. അത് അദ്ദേഹത്തെ ഏറെ വ്യത്യസ്തനാക്കിയിരുന്നു. മങ്ങാത്തമനീഷയുടേയും അഗാതപാണ്ഠിത്യത്തിന്റേയും ഉടമയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ നിര്യാണവാർത്തയറിയുമ്പോൾ ഞാൻ സ്ഥലത്തുണ്ടായിരുന്നില്ല. പിന്നെ നാല് ദിവസങ്ങൾക്ക് ശേഷമാണ് അദ്ദേഹത്തിന്റെ വസതിയായ "നളന്ദ" യിൽ ചെന്നത്. രാമനില്ലാത്തഅയോദ്ധ്യ പോലെ അവിടം ശൂന്യമാണെന്ന് തോന്നിപ്പോയി. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരം, അദ്ദേഹം ഉപയോഗിച്ച കസേര, മേശ, കണ്ണട എല്ലാം അതേപടി അവിടെ കണ്ടു.. അവയെല്ലാം മനസ്സിൽ ദുഃഖം ഘനീഭവിപ്പിച്ചു. അദ്ദേഹത്തിന്റെ കുടുംബാഗങ്ങളോട് യാത്രചോദിച്ച് അവിടെ നിന്ന് മടങ്ങുമ്പോൾ ഹൃദയം നീറി. ആ വലിയ അധ്യാപകന്റെ വിയോഗം വരുത്തിയ നഷ്ടം. ഒരു പുരുഷായുസു മുഴുവൻ വായനയ്ക്കായി മാറ്റിവച്ചിട്ടും വായിച്ചു കൊതിതീരാതെ യാത്രയായ സഹൃദയൻ. ഒരു നല്ല വായനക്കാരൻ എന്ന നിലയിൽ താൻ വിലയിരുത്തപ്പെടുന്നതിലാണ് അദ്ദേഹം അഭിമാനം കൊണ്ടിരുന്നത്. തന്റെ വിദ്യാർത്ഥികളെ മാത്രമല്ല തന്നെ തേടി സംശയദുരീകരണത്തിനെത്തുന്നവരെയൊന്നും അദ്ദേഹം നിരാശരാക്കിയിരുന്നില്ല. അദ്ദേഹം തന്റെ വിദ്യാർത്ഥികൾക്കു മാത്രമല്ല തന്റെ ചുറ്റുമുള്ള മറ്റുള്ളവർക്ക് കൂടി മാതൃകയായിരുന്നു. തനിക്ക് കിട്ടിയ ജീവിതവേഷങ്ങളിലെല്ലാം അദ്ദേഹം നന്നായി ആടി; കൃതകൃത്യനായി. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ലേഖനം

# ദാസേട്ടനും മൊബൈലും



ചിത്രംപാട്ട് നീലകണ്ഠൻ



ദാസേട്ടൻ വിവാദം, ടി.വി, ഫെയ്സ് ബുക്ക്, വാട്സ് അപ് മുതലായ സോഷ്യൽ മീഡിയകളിൽ കത്തിപടരുകയാണ്. ദാസേട്ടന്റെ ഒരു പാട്ടെങ്കിലും കേൾക്കാത്ത മലയാളികൾ ഉണ്ടാവില്ല. ശബരിമല അയ്യപ്പനെ ഉറക്കുന്നതും, ഉണർത്തുന്നതും ദാസേട്ടൻതന്നെ., എട്ടാമത്തെ ദേശീയ അവാർഡ് സ്വീകരിക്കാൻ ഡൽഹിയിൽ പോയ ദാസേട്ടൻ ഹോട്ടലിൽ ഇറങ്ങിവരുമ്പോൾ ഒരു പയ്യൻ സെൽഫി എടുക്കുന്നത് കൈകൊണ്ട് തട്ടി മാറ്റി സെൽഫി എടുക്കരുതെന്ന് ഉപദേശിച്ച് മൊബൈലിലുള്ള പടം നീക്കം ചെയ്ത് തിരിച്ചുകൊടുത്തു.

ഗുരുവായൂരിൽ പോകാൻ കഴിഞ്ഞില്ലെങ്കിലും കൃഷ്ണ സ്തുതികൾ പാടി ഭഗവാന്റെ അനുഗ്രഹം സിദ്ധിച്ച സംഗീതോപാസകൻ, അള്ളാഹുവിന്റെ വചനങ്ങൾ വരികളിലൂടെ ഗീതികളാക്കിയ ഗായകൻ. ഉണ്ണിയേശുവിന്റെ കൃസ്തുഗീതങ്ങൾ നമ്മെ പുളകം കൊള്ളിച്ച യേശുവിന്റെ ദാസൻ.

സംഗീതത്തിന് ഭാഷയുടെയും ദേശകാലങ്ങളുടെയും ജാതിമതാന്ധതകളുടെയും അതിർത്തികളേതുമില്ലെന്ന് നമ്മെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്ന സ്വരസാന്നിധ്യമാണ് കെ.ജെ യേശുദാസ്.

ഏറ്റവും അമൂർത്തമായ കലയാണ് സംഗീതം. വാക്കുകൾക്കപ്പുറം അത് സ്വരഭേദങ്ങളിലൂടെ ഹൃദയത്തെ സ്പർശിക്കുന്നു. തലോടുന്നു, സാന്ത്വനിപ്പിക്കുന്നു. നിരവധി ഭാഷകളിലായി പരന്നു കിടക്കുന്നു യേശുദാസിന്റെ സംഗീതസാമ്രാജ്യം. അഞ്ചരപതിറ്റാണ്ടുകൊണ്ട് നമ്മുടെ ദാസേട്ടൻ വെട്ടിപ്പിടിച്ച ഈ ഗാനപ്രപഞ്ചത്തിലെ നക്ഷത്രരാശികളെ എണ്ണിയെടുക്കുക എളുപ്പമല്ല. ഏതിനുമുണ്ട് അനന്യമായ തിളക്കം, വശ്യത. നിറംമങ്ങിയ ഇല്ലതന്നെ. ഒരു കാവ്യരൂപകം കടമെടുത്താൽ, ഏത് ഇലയും മധുരിക്കുന്ന കാടുകൾ. ഏത് സ്വരത്തിനും അനുപമമായ ഭാവഭംഗി ലഭിക്കുന്നു, ആ സ്വനതന്തുക്കളിലൂടെ അവ പുറത്തെത്തുമ്പോൾ, മലയാളത്തിന്റെ പ്രിയഗായകൻ "പശ്ചിമഘട്ടങ്ങളെക്കേറിയും കടന്നുചെന്നന്യമാം രാജ്യങ്ങളിൽ" തൊട്ടുപൊന്നാക്കിയ ഗാനലോകത്തെ ഒന്നു നോക്കിപ്പോകാനേ ഈ ലേഖനം ഉദ്ദേശിക്കുന്നുള്ളൂ. ചെന്നാലും ചെന്നാലും തീരാത്ത വിസ്തൃതിയുണ്ട് ആ ഗാനലോകത്തിന്.

അച്ഛന്റെയും, അമ്മയുടേയും ചേതനയറ്റ ശരീരങ്ങൾ, അടക്കാൻ കാശില്ലാതെ വിങ്ങിയ മനസ്സുമായി നിശ്ചലമായി നിന്ന ദാസേട്ടനെ പരസഹായത്തോടെ കർമ്മങ്ങൾ ചെയ്തയാളാണ് ദാസേട്ടൻ. ദാസേട്ടന്റെ ജീവചരിത്രം വായിച്ചവർക്കൊക്കെ അറിയാം. പാട്ടിനോടുള്ള അടങ്ങാത്ത ആവേശം, തന്റെ അച്ഛന്റെ ഉപദേശവും നീ പഠിക്കേണ്ട പാട്ടു പഠിച്ചാൽ മതി എന്ന ഉപദേശവും ദൈവികമായ സ്വരവും അദ്ദേഹത്തെ ലോകം അറിയപ്പെടുന്ന ഗായകനാക്കി. ആ മധുരമായ ശബ്ദത്തിൽ ഒരു പാട്ടു കേട്ടാൽ എല്ലാം മറക്കു. 1940 ജനുവരി 10-ാംനു ജനിച്ച രാശിചക്രമനുസരിച്ച് അദ്ദേഹത്തിന് 79ന്റെ നിരവിൽ ഇപ്പോഴും പാടികൊണ്ടിരിക്കുന്നു. എല്ലാ മതങ്ങളേയും രണ്ടും കയ്യും നീട്ടി സ്വീകരിക്കുന്നു. ആക്സിഡന്റ് പറ്റി മരണവെപ്രാളം കൊള്ളുന്ന ഒരാളെ ആശുപത്രിയിലെത്തിക്കാതെ മൊബൈലിൽ സെൽഫി എടുക്കുന്ന ക്രൂരൻമാരെ എന്നും പത്രത്തിൽ കാണാം. ഒരു മണിക്കൂർ മുമ്പ് ആശുപത്രിയിൽ എത്തിയിരുന്നെങ്കിൽ ഒരു വിലപ്പെട്ട ജീവൻ രക്ഷപ്പെടുമായിരുന്നു എന്ന് ഡോക്ടർ പറയുമ്പോൾ, ദാസേട്ടന്റെ തട്ടിമാറ്റൽ എത്ര നിസ്സാരമാണ്. ഏകദേശം വിവിധ ഭാഷകളിലായി 50,000- ത്തോളം പാട്ടുകൾ പാടിയ സംഗീതോപസകർ, എണ്ണമറ്റ അവാർഡുകൾ. അമ്മയെതല്ലിയാലും രണ്ടുപക്ഷം എന്നുപറഞ്ഞതുപോലെ ദാസേട്ടൻ മൊബൈൽ തട്ടി മാറ്റിയതാണല്ലോ അവാർഡ് വാങ്ങിയതിനേക്കാൾ സോഷ്യൽ മീഡിയ ചർച്ച ചെയ്യുന്നത്.

കേരളത്തിന്റെ ആദ്യകാല നിത്യഹരിത നായകൻ പ്രംനസീർ ഒരിക്കൽ പറയുകയുണ്ടായി, ആരു പറഞ്ഞാലും ഞാൻ ഒരാളുടേയും ഫോട്ടോ എടുക്കാറില്ല. ഒരു പക്ഷെ ഈ ഫോട്ടോ വെച്ച് നാളെ എന്തു ചെയ്യുമെന്ന്

പറയാൻ വയ്യ. മൊബൈലുകൾ ഇല്ലാത്ത കാലമാണെന്ന് ഓർക്കണം.

അദ്ദേഹത്തോടൊപ്പം വന്ന ജയചന്ദ്രൻ, എം.ജി. ശ്രീകുമാർ ഇപ്പോഴും പാടുന്നു. കഴിവുള്ളവർക്ക് കടന്നുവരാൻ ധാരാളം വേദികൾ ഇപ്പോഴുമുണ്ട്. ശബ്ദം നിലനിർത്താൻ ചിട്ടയായ ജീവിത

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ശൈലിയാണ് അദ്ദേഹത്തിന്റേത്. ജൂറിചാനലുകളെ അദ്ദേഹം സ്വാധീനിക്കാറില്ല. സ്വാധീനിക്കേണ്ട ആവശ്യവുമില്ല. ഇന്ത്യയിൽ ഏതു പാട്ടുകാരുടെ പാട്ടുകളെടുത്താലും ശ്രുതി, താളം, ലയം, ശുദ്ധമായ സംഗീതം ഈ ഗാനോപാസകന്റേതായിരിക്കും. മണിക്കൂറുകളോളം സംഗീത കച്ചേരി നടത്താൻ പറ്റിയവർ ഇന്നെത്രപേരുണ്ട് കേരളത്തിൽ.

ദാസേട്ടനോടും ഒരു വാക്ക് പറഞ്ഞു നിർത്താം. വർഷങ്ങൾക്കുമുമ്പ് ലതാമങ്കേഷ്കർ എന്ന ഗാനകോകിലത്തോട് പ്രായം പരിഗണിച്ചാവാം ഇത്രയും പാടിയാൽ പോരെ എന്നു ചോദിക്കയുണ്ടായല്ലോ? ദാസേട്ടനും പ്രായത്തിന്റെ പ്രതികൂല സാഹചര്യം കണക്കിലെടുത്ത് സിനിമാഗാനങ്ങൾ നിർത്തിക്കൂടെ. പകരംവെക്കാൻ ബിംബങ്ങളൊന്നുമില്ലേന്നുമറിയാം. എങ്കിലും അങ്ങയുടെ സ്ഥാനത്തേക്ക് അല്ല. അങ്ങയ്ക്കുശേഷം രണ്ടാമതൊരു ഗന്ധർവഗായകനായി ചെറുപ്പക്കാർ താങ്കളുടെ മകനടക്കം ഉയർന്നുവരട്ടെ! പോയകാലങ്ങളിൽ ദാസേട്ടനോട് മത്സരിക്കാൻ ആറുമുണ്ടായിരുന്നില്ല. ഇന്നതല്ല സ്ഥിതി മത്സരബുദ്ധിയോടെ നല്ല കഴിവുള്ള ഗായകർ പാടുന്നു. പാട്ടുപഠിക്കാനും ഇനിയുള്ള ശിഷ്ടകാലം നാദബ്രഹ്മത്തിൽ സാഗരം നീന്തിവരുന്ന ഗായകർക്ക് വേണ്ടിനമുക്ക് ■




മഹാത്മാ കോളേജ്
ചെറുവണ്ണൂർ, കോഴിക്കോട്
ഫോൺ : 9388968863, 2483500, 2487724
+1, +2, B.Com, B.A.

നടരാജ നൃത്ത സംഗീത വിദ്യാലയം
മഹാത്മാ കോളേജ് ബിൽഡിംഗ്, Mob: 9388968863, 2483500, 2487724
നൃത്തം, ഭരത നാട്യം ഡിപ്ലോമ, ഡി.ടി.ടി.സി., സംഗീതം, മാപ്പിളപ്പാട്ട്, കോൽക്കളി, ദഫ്മുട്ട്, വട്ടപ്പാട്ട്, നാടൻപാട്ട്, ഒപ്പന, വഞ്ചിപ്പാട്ട്, ചിത്രരചന, വയലിൻ, ഫ്ളൂട്ട്, തബല, ഗിറ്റാർ, പിയാനോ, ജാസ്ഡ്രംസ്, ഇടയ്ക്ക, മൃദംഗം, ഇലക്ട്രോണിക്സ് കീ ബോർഡ്, മൃദംഗം, ഹാർമോണിയം



Mahathma School of PSC
മഹാത്മാ കോളേജ് ബിൽഡിംഗ്, ചെറുവണ്ണൂർ, കോഴിക്കോട്
Mob: 9388968863, 2483500, 2487724



Mob: 9387584149, 0495 2374819
R.K സൂപ്പർ മാർക്കറ്റ്.
K.S.F.E.ക്ക് സമീപം, കോവൂർ, കോഴിക്കോട്
എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയിലും മികച്ച ഗണനിലവാരത്തോടുകൂടി ലഭിക്കുന്ന കോവൂരിലെ ഏക സ്ഥാപനം

പത്മ ബഡ് മേക്കേർസ്



ഇരിങ്ങല്ലൂർ, കോഴിക്കോട് 673014
ഫോൺ : ചോയിക്കുട്ടി - 9048127897



മേൽത്തരം ഉന്നകിടക്കകൾക്ക് സമീപിക്കുക




ഇൻസ്റ്റൈൽ ക്രിയേഷന്റെ സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ ഷോറും തൊണ്ടയാട് പൊറ്റമ്മലിൽ പ്രദീപ്കുമാർ എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു. പാർട്ട്ണർമാരായ രജീഷ് ചിറക്കൽ, നൗഫൽ അബ്ദുറഹിമാൻ ഖാൻ, മുഹമ്മദ് ജംഷീർ എന്നിവർ സമീപം.




വരിക്കാരെ ചേർത്തുന്നു.

നക്ഷത്രരാജ്യം ത്രൈമാസിക
വരിക്കാരെ ചേർത്തുന്നു
വരിസംഖ്യ 2 വർഷം(8 പുസ്തകം)100 രൂപ
പോസ്റ്റൽ അഡ്രസ്സ്, പണം അടക്കേണ്ട വിലാസം
നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
മാനേജിംഗ് എഡിറ്റർ / പബ്ലിഷർ
നക്ഷത്രരാജ്യം ത്രൈ മാസിക, പി.ബി. നമ്പർ 1205
പി.ഒ. മാങ്കാവ്, കോഴിക്കോട് 673007, കേരളം
മൊബ് : 9847649567, 9744233997
e-mail: nakshathrarajyam@gmail.com
WEB
nakshathrarajyameradhakrishnan.in
Whats App 9072832823





പവിഴം ബാങ്കേഴ്സ്
കൊളങ്ങരപീടിക, കോഴിക്കോട്
ഫോൺ : 0495 2330823







Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കഥ

# ലൗജിഹാദ്



അഷറഫ് വി നെടിയനാട്



മഴ നനഞ്ഞ സന്ധ്യാസമയത്ത് മുത്തശ്ശി "നാമം" ജപിക്കാൻ വിളക്കിനുമുമ്പിലിരുന്നതേയുള്ളു. അപ്പോളാണ് അരുന്ധതിയുടെ ക്ലാസ്സ്മേറ്റ് ഷാഹിനയുടെ ഇക്ക ഷാഹുൽ കല്യാണം വിളിക്കാൻ തറവാട്ടിലേക്ക് കയറിവന്നത്. ഷാഹിനയെ മുത്തശ്ശി അറിയും - അവളുടെ വിവാഹമാണ് അടുത്ത ആഴ്ച - കത്ത് കിട്ടിയില്ലെങ്കിൽ താൻ വിവാഹത്തിന് വരാതിരിക്കേണ്ട... "പുഅർ" വെജിറ്റബിൾ ബിരിയാനിയുമുണ്ട് എന്ന് പറഞ്ഞാണ് ഷാഹിന ഇക്കയെ കത്തുമായി വിട്ടത്. മുത്തശ്ശി നാമം തീരാതെ എഴുന്നേൽക്കില്ല. കണ്ണടച്ചിരുന്ന് വിളക്കിനുമുമ്പിലിരുന്നു ചൊല്ലികൊണ്ടിരിക്കും. ഷാഹുൽ മുറ്റത്തുതന്നെ നിൽക്കുന്നതാണ് അരുന്ധതി പുറത്തേക്കുവന്നപ്പോൾ കണ്ടത്. നാമജപം കഴിഞ്ഞോട്ടെ എന്നു കരുതി നിന്നതാണ് അവൻ.

"മഴ നനയണ്ട കയറി വരൂ... ഇക്ക..." അരുന്ധതി വെപ്രാളത്തോടെ പറഞ്ഞു.

അവൻ പൂമുഖത്തിലേക്ക് കയറി. ചാറ്റൽ മഴ ശക്തമായി വരുന്നുണ്ട്. അരുന്ധതിക്ക് ഷാഹുലിനെ നന്നായി അറിയാം. അതിനാൽ തന്നെ അവർക്കിടയിൽ ഒരു പരിചയത്തിന്റെ സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

അച്ഛനും അമ്മയും നഗരത്തിൽ ഡോക്ടറെ കാണാൻ പോയതാണ്. വിട്ടുമാറാത്ത തലവേദന അമ്മയുടെ ഉറക്കം കെടുത്തിയിട്ട് ആഴ്ചകളായി. ശശിധരൻ ഡോക്ടറുടെ നിർദ്ദേശ പ്രകാരമാണ് ഇ. എൻ.ടി സ്പെഷലിസ്റ്റിനെ കാണിക്കാൻ അച്ഛനും അമ്മയും വിട്ടത്. കണ്ണും കാതുമില്ലാത്ത മുത്തശ്ശിയേയും അരുന്ധതിയേയും തനിച്ചാക്കി പോകാൻ അച്ഛനോ അമ്മക്കോ ധൈര്യമില്ല. പക്ഷേ പോയാലും രാത്രിയിലെ അവസാന ബസ "സോപാനത്തിന്" എത്താമെന്ന് പറഞ്ഞാണ് പോയത്. ഒരു നിമിഷം മുത്തശ്ശി കണ്ണ് തുറന്ന് ഷാഹുലിനെ നോക്കി. നാമജപം വേഗത്തിലാക്കി ഒരു വിധം എഴുന്നേറ്റു നിന്നു. അരുന്ധതി ഷാഹുൽ വന്ന വിവരം മുത്തശ്ശിയെ അറിയിച്ചു... അടുക്കളയിലേക്ക് ഓടി.

അത് കണ്ടപ്പോൾ ഷാഹുൽ പറഞ്ഞു "വേണ്ട അരുന്ധതി കാപ്പിയൊന്നും വേണ്ട"

"എങ്കിൽ റഡിയായി... നിങ്ങളെഷാഹിന എന്നെ നിർത്തിപ്പൊരിക്കും. കാപ്പി കുടിച്ചിട്ട് പോയാൽമതി."

മുത്തശ്ശി ഷാഹുലിനെ നോക്കി കസേരയിലിരുന്നു.

ഷാഹുൽ സോഫയിലും...

ചാറ്റൽ മഴ ശക്തമായ മഴയായി മാറിയിരിക്കുന്നു.

ചെറിയ തോതിൽ കാറ്റും വീശിയടിക്കാൻ തുടങ്ങിയിരിക്കുന്നു. ഓർക്കാപ്പുറത്താണ് മഴ പെയ്തത്. റെയിൻകോട്ട് എടുത്തുമില്ല. മുത്തശ്ശി വെറുതെ കുറേ ചോദ്യങ്ങൾ എറിഞ്ഞു. അതിന് എല്ലാം ഷാഹുൽ മറുപടിയും നൽകികൊണ്ടിരുന്നു. എന്നാൽ ആ മറുപടികളെല്ലാം യാന്ത്രികമായിരുന്നു. മഴയുടെ ശക്തി ക്ഷയിച്ചില്ലെങ്കിൽ എങ്ങനെ തിരിച്ചുപോകുമെന്ന ചിന്തയായിരുന്നു. അവന്. ഇരുട്ടും പരന്നു കഴിഞ്ഞു.

ദൂരെ ഏതോ പള്ളിയിൽ നിന്നും ബാങ്ക്വിളി കേട്ടപ്പോൾ സമയത്തിന്റെ വ്യക്തത മനസ്സിലേക്ക് തികട്ടിവന്നു. മഴ ശക്തമായി. അരുന്ധതി കാപ്പിയുമായി വന്നപ്പോൾ മത്തശ്ശി എഴുന്നേറ്റ് അകത്തേക്ക് പോയി. അധികസമയം ഇരിക്കാൻ മുത്തശ്ശിക്ക് കഴിയില്ല. കിടക്കണം. നാമ ജപം കഴിഞ്ഞാൽ ഒന്ന് രണ്ട് മണിക്കൂർ ഉറക്കം പതിവാണ്. ചിലപ്പോൾ കാലത്താണ് ഉണർന്ന് വരിക. രാത്രി ഭക്ഷണം പതിവില്ല. അതിനാൽ തന്നെ ആരും ഉണർത്തി ബുദ്ധിമുട്ടിക്കാറുമില്ല.

കാപ്പി കുടിച്ച് കഴിഞ്ഞപ്പോൾ ഷാഹുൽ എഴുന്നേറ്റു.

"എങ്ങിനെയാപോവുക.... പുറത്ത് കനത്തമഴയാണ്. ശക്തമായ കാറ്റുമുണ്ട്....." ചോർന്നിട്ട് പോകാം...

പൂമുഖത്തേക്ക് കാറ്റിൽ മഴ ആഞ്ഞ് ചാടി....

"വരൂ അകത്തേക്കിരിക്കാം...." അരുന്ധതി പറഞ്ഞു....

ഷാഹുൽ അസ്വസ്ഥനായികൊണ്ടിരുന്നു. അരുന്ധതി പൂമുഖത്തെ കസേരകളെല്ലാം ഒരു ഭാഗത്തേക്ക് ഒതുക്കിവച്ചു. മുറ്റം നിറയെ തുളസിച്ചെടികൾ നട്ടുപിടിപ്പിച്ചിരിക്കുന്നു. ഒരു ഐശ്വര്യത്തിന്റെ തറവാടായിട്ടാണ് ആ വീട് ഷാഹുലിന് തോന്നിയത്.....

ഷാഹുവിനും അരുന്ധതിക്കുമിടയിൽ ഒരു മൗനം വളർന്നു വന്നു. അവർ പരസ്പരം ഒളികണ്ണിട്ട്

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

നിരീക്ഷിക്കുകയായിരുന്നു. അരുന്ധതി സുന്ദരിയാണ്.. ഇരുപതോ ഇരുപത്തിയൊന്നോ അവൾക്കില്ലാത്ത ഒന്നുണ്ട്. അരുന്ധതിക്ക് നീളൻമുടി... അത് അരുന്ധതിയ്ക്ക് ഒരു ഗ്രാമീണ ദേവതയുടെ തേജസ്സ് നൽകുന്നുണ്ടതാനും.

ഷാഹുലിന്റെ വിരലുകളാണ് അവൾ ശ്രദ്ധിച്ചത്. എത്ര വൃത്തിയായ വിരലുകൾ... നഖങ്ങൾ സുന്ദരമായി വെട്ടിയിരിക്കുന്നു. കാലുകളിൽ ഇടതൂർന്ന രോമങ്ങൾ നനഞ്ഞ് പറ്റിക്കിടക്കുന്നത് അവൾ കണ്ടു.. ഭംഗിയുള്ള കാലുകൾ.. മഴനനയാതിരിക്കാൻ മുകളിലേക്ക് പേന്റ്സ് മടക്കി വെച്ചതാവാം...

പെട്ടെന്നാണ് ഇടിമിന്നൽ വൈദ്യുതി വൈദ്യുതി വിളക്കുകൾ അണച്ചത. ഇരുട്ടിൽ പകച്ചു പോയ അരിന്ധതി മുത്തശ്ശി കൊടുത്തി വച്ച വിളക്ക് നോക്കി.. കാറ്റിൽ അതും അണഞ്ഞ് പോയിരിക്കുന്നു. അവൾക്ക് ഇരുട്ട് ഭയമാണ്.... അവൾ അടുക്കളയിൽ ചെന്ന് ഒരു മെഴുകുതിരിയെടുത്ത് വന്ന് തീപ്പെട്ടിയെടുത്ത് ടീപ്പോയിയിൽ മെഴുക്തിരി കത്തിച്ച് വെച്ചു... കെട്ടുപോകാതിരിക്കാൻ ജനലുകളും പൂമുഖത്തേക്കുള്ള വാതിലും ചാരിയടച്ചു...

മഴ ശക്തമാവുകയാണ്. ... മെഴുകുതിരിവെട്ടത്തിൽ അരുന്ധതി കൂടുതൽ സുന്ദരിയാണെന്ന തിരിച്ചറിവ് അയാളെ അലോസരപ്പെടുത്തി... എന്തെങ്കിലുമൊക്കെ ചോദിക്കണമെന്നുണ്ട്. അയാൾക്ക്... അരുന്ധതിക്കും.. മുത്തശ്ശിയുടെ കൂർക്കം വലി ഉയർന്നുകൊണ്ടിരുന്നു. മഴയെ പോലെ അതിനും ഒരു താളം വരുന്നത് പോലെ..

വാക്കുകൾ മുറിഞ്ഞു പോയത് ചൊകുത്താനിടം കൊടുക്കലാണെന്ന് ഷാഹുൽ തിരിച്ചറിഞ്ഞു. അയാൾ വെപ്രാളപ്പെട്ട് കൊണ്ടിരുന്നു. ഒരാണും ഒരു പെണ്ണും ഒറ്റക്ക് ഒരു വീട്ടിൽ... അതും ഇരുട്ടിൽ പിശാചിന് കളിക്കാൻ പിന്നെ എന്തുവേണം...

അരുന്ധതിയിലും ഭയത്തിന്റെ നാമ്പുകൾ കിളിർത്തു. ഷാഹിനയുടെ ഇക്ക എന്ന പരിചയമേ ഉള്ളൂ... അതിനപ്പുറം ഷാഹുൽ ഒരു പുരുഷനാണ്... ചില ആണുങ്ങൾക്ക് മൃഗങ്ങളുടെ സ്വഭാവമാണ്... ഇരയെ കിട്ടിയാൽ....

ശക്തമായ കാറ്റിൽ വാതിലുകൾ തുറന്നടിഞ്ഞു. കത്തിച്ചു വെച്ച മെഴുകുതിരി വീണ്ടും അണഞ്ഞു. വെളിച്ചം ഏതു നിമിഷവും ഇരുട്ടിലേക്ക് ഊളിയിടുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അതിനാൽ വെപ്രാളപ്പെട്ടില്ല... ഇരുട്ടിലിങ്ങനെ നിൽക്കുന്നതാണ് സുരക്ഷിതത്വമെന്നവൾക്ക് തോന്നിയതിനാൽ കത്തിക്കാൻ ശ്രമിച്ചില്ല.

ശക്തമായ കാറ്റ് പുറത്ത് എന്തൊക്കെയൊ തട്ടിമാറ്റിയിടുന്ന ശബ്ദം.. ഇടിമിന്നലിന്റെ വെളിച്ചം. ജനൽ ചില്ലുകൾക്കിടയിലൂടെ അകത്തേക്ക് നിഴലുകൾ കോറിയിട്ടു...

"എനിക്ക് പേടിയാകുന്നു" അരുന്ധതി പറഞ്ഞു,

"എന്നയൊ..."

" ഇരുട്ടിനെയും ഇടിമിന്നലും.. അച്ഛൻ വന്നാൽ മതിയായിരുന്നു."

അത് കേട്ട് ഷാഹുൽ ചിരിച്ചു. "അച്ഛൻ വന്നിട്ടെ ഇനി ഞാൻ പോകൂ..."

അയാൾക്ക് അങ്ങനെ പറയാനാണ് തോന്നിയത്.

"അച്ഛൻ ഇപ്പോൾ വരും..." അവൾ പറഞ്ഞു... പെട്ടെന്ന് പുറത്ത് ആരോ സംസാരിക്കുന്നത് പോലെ അവൾക്ക് "അച്ഛനായിരിക്കും..." അവൾ വാതിൽ പാതി തുറക്കുന്നത് ഇടിമിന്നൽ വെളിച്ചത്തിൽ കണ്ട് അവൾ ഞെട്ടി. വാതിൽ പെട്ടെന്ന് അടച്ച് ഷാഹുലിനടുത്തേക്ക് ഓടി... ഒരു നിമിഷം അവൾ ചിന്തിച്ചത് വല്ല അത്യാഹിതവും സംഭവിച്ചതായിരിക്കുമെന്നാ....

ഷാഹുലിനും ഭയം തോന്നി. അവൻ ജനൽ പൊളി സാവധാനത്തിൽ അകത്ത്, പുറത്തേക്ക് നോക്കി. പത്ത് പന്ത്രണ്ട് പേർ മഴയിൽ നനഞ്ഞ് നിൽക്കുന്നു. കയ്യിൽ കുറുവടികൾ, ചങ്ങലകൾ... കത്തി... ഇടിമിന്നൽ വെളിച്ചത്തിൽ മുമ്പിൽനിൽക്കുന്ന ആളെ ഷാഹുൽ തിരിച്ചറിഞ്ഞു..

അരുന്ധതിയുടെ വീടേതാണെന്ന് തനിക്കു കാണിച്ച് തന്ന ആ ചെറുപ്പക്കാരൻ...

പുറത്ത് എന്താണ് സംഭവിക്കുന്നതെന്നറിയാതെ അരുന്ധതിയും ഷാഹുലും വാതിൽ തുറക്കാൻ ഒരുമ്പെട്ടപ്പോൾ ആരൊ ഒരാൾ പറയുന്നത് കേട്ടു.

"അവൻ എത്ര നേരമായി വന്നിട്ട്... കുട്ടിയുടെ അച്ഛനും അമ്മയും ഇല്ലാത്ത സമയം നോക്കി വന്നതാ.

"വഴി ചോദിച്ചപ്പോളെ എനിക്ക് ഡൗട്ടടിച്ചു. അതാ ഞാൻ നിങ്ങളെ അറിയിച്ചത്... മറ്റൊരാൾ..


"ഇത് കേസ് വേറയാ... ലൗജിഹാദാ...."

പുറത്ത് വന്നാൽ അവനെ തട്ടണം...."

അത് കേട്ടപ്പോൾ അരുന്ധതി അയാളുടെ കൈകൾ മുറുകെപിടിച്ചു.. അയാൾ അവളേയും അവർക്കിടയിൽ അതുവരെ ഉണ്ടായിരുന്ന അന്യരാണെന്ന ഭയം.. മാറി... ഒരു പൊതു ഭയമായി രൂപം പ്രാപിക്കുന്നത് അവരറിഞ്ഞു. മഴയുടെ ശക്തി കുറയുന്നതും മുത്തശ്ശിയുടെ കൂർക്കം വലിയുടെ ശബ്ദം ഉയർന്നുകൊണ്ടിരിക്കുന്നതും അവരറിഞ്ഞില്ല... ഇരുട്ടിൽ അവരുടെ ചൂടുള്ള ശ്വാസത്തിന്റെ വേഗത മാത്രം കൂടികൊണ്ടിരുന്നു. ■

കവിത

# അന്വേഷണം



**പൂനൂർ കെ. കരുണാകരൻ**

**മാനവത്വത്തിന്റെ**
**യേകത്വ, മുണ്മയായ്**
**മാറ്റിയ സൌവർണ്ണ-**
**ദീപ്തഹർഷങ്ങളെ**
**കാലം മനസ്സിന്റെ**
**കാവൽമാടങ്ങളിൽ**
**കാത്തുസൂക്ഷിച്ച**
**മധുരസ്വപ്നങ്ങളെ**
**ആവണിമാസ**
**പ്പുലരിക്കതിരുക-**
**ളായിനെഞ്ചേറ്റി**
**ത്തുളുമ്പുന്നു കേരളം.**
**ഉള്ളിലെയോരോ**
**വിളക്കണയുമ്പോഴു-**

**മുത്രാടസന്ധ്യ**
**കൊളുത്തുന്നുപൊൻതിരി**
**മുറ്റത്തുയരുന്ന**
**പൂക്കളം ജീവനിൽ**
**മുഗ്ധാനുഭൂതികൾ**
**തീർക്കുന്നുവേളയിൽ,**
**മുന്നിൽ നിഴലുകൾ**
**നിശ്ശബ്ദമാടുന്ന**
**മണ്ണിൽ നാം നമ്മുടെ**
**പാത കണ്ടെത്തുക.**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

പ്രാദേശികം















# ലുമുംബ കലാവേദി

**റജി. നമ്പർ 399/93, കൊമ്മേരി, കോഴിക്കോട് 673 007**

## 39 -ാം വാർഷികാഘോഷം

**2018 മേയ് 1, 6, 12, 13 തിയ്യതികളിൽ (സഖാവ് എടോളി ദാസൻ, എടോളി ബാബു നഗർ) കൊമ്മേരിയിൽ വെച്ച് ആഘോഷിച്ചു**

**കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ മീരാ ദർശക് ഉം നഗരാസൂത്രണ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ എം.പി. അനിൽകുമാറും പങ്കെടുത്ത ചടങ്ങിൽ ഇ. ജയരാജൻ അദ്ധ്യക്ഷത വഹിച്ചു. എൻ.പി. സിറാജുദ്ദീൻ സ്വാഗതവും എടോളി സിജീഷ് നന്ദിയും പ്രകാശിപ്പിച്ചു. ടി.പി. കോയമൊയ്തീൻ, എൽ. രമേശൻ, ടി.കെ. രമേശൻ, ബൈജു, വിനോദ് സംസാരിച്ചു. കൊമ്മേരി പ്രദേശത്തെ പ്രമുഖ പ്രൊഫഷനൽ സാഹിത്യ-നാടക-കലാകാരന്മാരേയും, ഡോക്ടർ രാജൻ, ഡോക്ടർ വഫ്റ മുസ്തഫ ബി.എച്ച് എം.എസ് എന്നിവരേയും ചടങ്ങിൽ ആദരിച്ചു.**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

പ്രാദേശികം

# ഐശ്വര്യ സ്വയം സഹായ സംഘം

I D C Reg. No. 224/04, മുക്കണ്ണിത്താഴം, കൊമ്മേരി, കോഴിക്കോട്

**IDC താമരശ്ശേരിയുടേയും ഐശ്വര്യ സ്വയം സഹായ സംഘത്തിന്റേയും ആഭിമുഖ്യത്തിൽ 15-ാം വർഷവും തുടർച്ചയായി വിദ്യാർത്ഥികൾക്ക് സൗജന്യമായി നോട്ടുബുക്കുകൾ, പേന, തുണിസഞ്ചി എന്നിവ വിതരണം ചെയ്തു.**

സംഘം സംഘടിപ്പിക്കുന്ന മിക്കപരിപാടികളിലും നക്ഷത്രരാജ്യം മാസിക മാനേജിംഗ് എഡിറ്റർ നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണന്റെ സ്നേഹസാന്നിദ്ധ്യം ഉണ്ടാകാറുണ്ട്. 2018 അദ്ധ്യായന വർഷത്തെ ബുക്ക്, പേന, തുണിസഞ്ചി വിതരണത്തിൽ നക്ഷത്രരാജ്യം പ്രസിദ്ധീകരിച്ച "ജനറൽ നോളജ്" ബുക്ക് (ഡയരക്ടറി) കൂടി ചേർത്ത് പ്രസ്തുത ചടങ്ങിൽ വെച്ച് 2-ാം ക്ലാസ് മുതൽ കോളേജ്തലത്തിൽ പഠിക്കുന്നവർക്ക് വരെ ആകെ 120 വിദ്യാർത്ഥികൾക്ക് പുസ്തകവിതരണം ചെയ്തുകൊണ്ട് ഐശ്വര്യ സ്വയം സഹായ സംഘം പ്രദേശത്ത് പൊതുപ്രവർത്തനത്തിൽ തങ്ങളുടേതായ സാന്നിദ്ധ്യമറിയിച്ചു.

കൊമ്മേരി പ്രദേശത്ത് 14 വർഷം പിന്നിട്ട സംഘം കാലാകാലങ്ങളിലായി ലക്ഷ കണക്കിന് രൂപ ചിലവഴിച്ചുകൊണ്ട് പ്രദേശത്ത് എണ്ണിയാലൊടുങ്ങാത്ത പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

വിദ്യാർത്ഥികൾക്ക് സെമിനാർ. അദ്ധ്യായന വർഷം നോട്ടുബുക്ക്, പേന, തുണിസഞ്ചി വിതരണം, പ്രദേശത്തെ 5 അംഗൻ വാടികളിൽ വർഷത്തിൽ 2 തവണ ലഡു വിതരണം, ശുചീകരണ പ്രവർത്തനം, സ്വന്തമായി ജൈവ കൊതുകുനാശിനി നിർമ്മിച്ച് കൊതുകുനശീകരണ പ്രവർത്തനം, ബ്ലീച്ചിങ്ങ് പൗഡർ വിതരണം, തുണിസഞ്ചി വിതരണം എന്നിവ പ്രധാനമായും വർഷാവർഷം ഞങ്ങൾ അനുഷ്ഠിച്ചു വരുന്ന പ്രവർത്തനങ്ങളാണ്. കൂടാതെ പ്ലാസ്റ്റിക്കിനെതിരെ വേഷങ്ങൾകെട്ടി നാടകം അവതരിപ്പിക്കുകയും ബോർഡുകൾ വെക്കുകയും നോട്ടീസ് വിതരണവും ഞങ്ങൾ നടത്തി വരുന്നു. സ്വദേശി സോപ്പ്, ഫെനോയിൽ എന്നിവ സൗജന്യമായി വിതരണം ചെയ്യുകയും നിർമ്മാണ പരിശീലനം നൽകുകയും ചെയ്യുകയുണ്ടായി. പ്രഗൽഭരായവരെ നിയോഗിച്ച് വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പച്ചക്കറി തൈകൾ, വാഴക്കന്നുകൾ എന്നിവയും വിതരണം നടത്തി. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ദേശീയസംഘടനയായ "ജനശക്തി" യുടെ യൂണിറ്റ് സ്ഥാപിച്ചു. പ്രധാനപ്രവർത്തനമെന്നനിലയിൽ രോഗികൾക്ക് മരുന്നുനൽകുകയും, തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് മസാലകിറ്റുകൾ നൽകുകയും ചെയ്യുന്നു. കുട്ടികൾ വഴിതെറ്റുന്നതിനെതിരെ 15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നിരന്തരം ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു. റസിഡൻസ് അസോസിയേഷനുകളോട് ഞങ്ങൾക്ക് പറയുവാനുള്ളത് :- സമൂഹത്തെ നന്മയിലേക്ക് നയിക്കണമെങ്കിൽ യുവതലമുറയേയും, കുട്ടികളേയും സംഘടിപ്പിച്ച് അവരുടെ മനസ്സിനെ സാമൂഹിക നന്മയുടെ ഭാഗത്തേക്ക് ചലിപ്പിക്കുന്ന തരത്തിൽ വിവിധവിനോദങ്ങളും കായികമത്സരങ്ങളും സംഘടിപ്പിച്ച് സമ്മാനങ്ങൾ നൽകികൊണ്ട് നിരന്തരം ബോധവൽക്കരണം നടത്തിയാൽ പുതുതലമുറയെയും വരുംതലമുറയേയും രക്ഷിക്കാം.





ഞങ്ങളുടെ സംഘം ജനങ്ങളിൽനിന്നും പിരിവെടുക്കാതെ മെമ്പർമാർ നൽകുന്ന സഹായധനംകൊണ്ടാണ് പ്രവർത്തിച്ചു വരുന്നത്. ബാബുരാജ് ചമ്പയിൽ, നിഷാന്ത് വി.പി., സുബിലൻ, ശ്രീഷാന്ത് ഇ., സുധീഷ്കുമാർ സി., ബിജു, കെ.എം. ചന്ദ്രൻ, അജീഷ്, ബിനീഷ്, ഷിജിത്ത്, മോഹൻദാസ് വി.എൻ., സുകുമാരൻ കൊമ്മേരി, രാജൻ, ഉള്ളാട്ടിൽ ബിനു, പരമേശ്വരൻ എന്നിവരാണ് ഐശ്വര്യ സ്വയം സഹായ സംഘം മെമ്പർമാർ.

**പ്ലാസ്റ്റിക്ക് വർജ്ജിക്കുക.... തുണി സഞ്ചി ഉപയോഗിക്കുക...**

ബാബുരാജ് ചമ്പയിൽ
(സംഘം പ്രസിഡണ്ട്)

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

പ്രാദേശികം
















# ഓഡിയോ സീഡി പ്രകാശനം






ശ്രീ. വാസുദേവൻ വിളയൂർ കവിതകൾ രചിച്ച് ഷിംജിത്ത് ശിവൻ, രാജേഷ് ബാബു സംഗീതം നൽകുകയും സുനിൽകുമാർ രോഷ്നി മേനോൻ ആലപിക്കുകയും ചെയ്ത 10 കവിതകളുടെ ഓഡിയോ സീഡി പ്രകാശനം 10.06.2018 ശനിയാഴ്ച വൈകു. 5.30ന് കെ.പി. കേശവമോനോൻ ഹാളിൽ ശ്രീ. പി.വി. ഗംഗാധരൻ(മാതൃഭൂമി ഡയരക്ടർ) കവിയും, ഗാനരചയിതാവുമായ ശ്രീ. പി.കെ. ഗോപിക്ക് നൽകി പ്രകാശന കർമ്മം നിർവ്വഹിച്ചു. ഹൃദ്യ സി. പ്രാർത്ഥനാ ഗാനം ആലപിച്ചു. ശ്രീ. ഭാസി മലാപ്പറമ്പിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. സുനിൽകുമാർ(സിനിമാ പിന്നണിഗായകൻ), വാസുദേവൻ വിളയൂർ, ഡോക്ടർ എം. ഗോകുൽദാസ്, ഒ.കെ. വിശ്വനാഥൻ(കണ്ണൂർ), മഞ്ചേരി ബാലചന്ദ്രൻ, നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ(നക്ഷത്രരാജ്യം മാസിക മാനേജിംഗ് എഡിറ്റർ) എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ഓർക്കസ്ട്രക്ക് ശ്രീ. സുനിൽകുമാർ നേതൃത്വം നൽകി.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

പ്രാദേശികം












# വിവേകദായിനി വായനശാല & ഗ്രന്ഥാലയം

## മേത്തോട്ട്താഴം, പി.ഒ. കൊമ്മേരി, കോഴിക്കോട് - 7

**Regd. No. KKD/3924**

## ചർച്ചാ ക്ലാസ്

**വിവേകദായിനി വായനശാല & ഗ്രന്ഥാലയത്തിന്റെ അഭിമുഖ്യത്തിൽ മൊബൈൽ ഫോണിന്റേയും കമ്പ്യൂട്ടറിന്റേയും ഉപയോഗത്തോടൊപ്പം വിദ്യാർത്ഥി സമൂഹത്തേയും യുവതലമുറയേയും ഗ്രന്ഥശാലകളിലേക്കും വായനയുടെ ലോകത്തേക്കും കൂടി എത്തിക്കുന്നതിന്റെ ഭാഗമായി 08.05.2018 ചൊവ്വാഴ്ച വൈകുന്നേരം 5.30ന് വായനശാലഹാളിൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മെമ്പർമാർക്കും വേണ്ടി അതിവിപുലമായ ഒരു ചർച്ചക്ലാസ് സംഘടിപ്പിച്ചു.**

**ശ്രീ. പി. ശ്രീധരൻ അദ്ധ്യക്ഷം വഹിച്ച ചർച്ചക്ലാസിൽ "വായനശാലകളും പുതിയതലമുറകളും" എന്ന വിഷയത്തിൽ ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ശ്രീ. ടി.കെ. രവീന്ദ്രനാഥ് മുഖ്യപ്രഭാഷണം നടത്തുകയും ശ്രീ. എം.പി. സുരേഷ്(കൗൺസിലർ വാർഡ് 23), ശ്രീ പ്രകാശൻ ടി. (വായനശാല സെക്രട്ടറി), നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ (നക്ഷത്രരാജ്യം മാസിക മാനേജിംഗ് എഡിറ്റർ) എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.**

**ശ്രീ. നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ വായനശാലയ്ക്ക് സംഭാവന ചെയ്ത മലയാളത്തിലെ പ്രശസ്ത സാഹിത്യകാരുടേയും കവികളുടേയും കഥാസമാഹാരങ്ങളും, കവിതാ സമാഹാരങ്ങളും, ലേഖനങ്ങളും വായനശാല സെക്രട്ടറി ശ്രീ. പ്രകാശൻ ടി. ചടങ്ങിൽ വെച്ചു ഏറ്റുവാങ്ങി. ചടങ്ങിൽ പങ്കെടുത്ത വ്യക്തിത്വങ്ങൾക്ക് എല്ലാവർക്കും ശ്രീ. എ.കെ. ദിനേശൻ നന്ദി പ്രകാശിപ്പിച്ചു സംസാരിച്ചു.**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

പ്രാദേശികം

## ആയില്യം നക്ഷത്രം കഥാസമാഹാരം പ്രകാശനം

# നക്ഷത്രരാജ്യം മാസിക 9-ാം വാർഷികം
# തകഴി - നക്ഷത്രരാജ്യം
# അവാർഡ് സമർപ്പണം - 2018

## 2018 മാർച്ച് 22 വ്യാഴാഴ്ച വൈകു. 6 മണിക്ക് കോഴിക്കോട് ടൗൺഹാളിൽ വെച്ചു നടന്നു

നക്ഷത്രരാജ്യം ബുക്ക്സ് ഒരു പുസ്തകമായി പ്രസിദ്ധികരിച്ച ശ്രീ. യു.ഏ. ഖാദർ, പി.ആർ. നാഥൻ, കെ.പി. സുധീര, എം.എസ്. കുമാർ, രാജൻ ചിന്നങ്ങത്ത്, സുകുമാർ കൂർക്കഞ്ചേരി, മുണ്ട്യാടി ദാമോദരൻ, ബാലചന്ദ്രൻ മഞ്ചേരി, വാസു അരീക്കോട്, രത്നാകരൻ ചെറുവത്ത്, ഒ. വിജയൻ, ഇബ്രാഹിം മൂർക്കനാട്, ടി.എ. മടക്കൽ, ജനാർദ്ദനൻ കടുങ്ങപുരം, രജികുമാർ പുലാക്കാട്, പ്രഭാകരൻ നറുകര, എം.കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി, സി.കെ. രാഘവൻ, വിന്റർ വിശ്വനാഥൻ, ഇന്ദിരാദേവി വിശ്വനാഥൻ, സബിത കോടി, വാസുദേവൻ വിളയൂർ, അഷറഫ് വി. നെടിയനാട്, നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ എന്നിവരുടെ കഥകളുടെ സമാഹാരം "ആയില്യം നക്ഷത്രം" കഥകളുടെ പ്രകാശനം 2018 മാർച്ച് 22 വ്യാഴാഴ്ച വൈകു. 6 മണിക്ക് കോഴിക്കോട് ടൗൺഹാളിൽവെച്ചു നടന്നു.




"തകഴി നക്ഷത്രരാജ്യം" അവാർഡ് പ്രശസ്ത സിനിമ തിരകഥ രചയിതാവും നോവലിസ്റ്റും വാഗ്മിയുമായ ശ്രീമാൻ പി.ആർ. നാഥൻ കോഴിക്കോട് ടൗൺഹാളിൽവെച്ച് "ധാർമ്മികത" മാസിക എഡിറ്റർ വി.കെ. അഷറഫിൽ നിന്നും ഏറ്റു വാങ്ങുന്നു.




Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55







പി.ആർ. നാഥൻ പ്രസംഗിക്കുന്നു



ഭാസി മലാപ്പറമ്പ് പ്രസംഗിക്കുന്നു










വി.കെ. അഷറഫ് പ്രസംഗിക്കുന്നു



സുനിൽകുമാർ പ്രസംഗിക്കുന്നു



Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55


## കവിയരങ്ങ്

# കവിയരങ്ങിൽ പ്രശസ്ത കവികൾ പങ്കെടുത്ത് കവിതകൾ അവതരിപ്പിച്ചു













പുസ്തക പ്രകാശനം









Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കവിത

# ഓർമ്മകൾ




വാസു അരീക്കോട്

എഴുതാൻ കഴിയുന്നില്ലെനിക്കൊന്നുമേ
ഉരിയാടാനുമുണർത്തുവാനും
മുത്തശ്ശി പാടിയ പാട്ടിന്റെയീണങ്ങൾ
മനസ്സിലുണരുന്നു ഗദ്ഗദമോടിന്നും
അരുവികൾ കുരുവികൾ തിത്തിരപ്പുള്ളുകൾ
പാടുന്നു ദുർദിന നാളിന്റെയോർമ്മകൾ
തോക്കിന്റെ ലാത്തിയുടെ രുചിയറിഞ്ഞോർ
കാലം ചെയ്തവരുയിർത്തെഴുന്നേറ്റവർ
ചത്തുജീവിക്കുന്നവർ പുതിയൊരുഷസ്സിൻ
കിരണങ്ങൾ ജ്വലിച്ചുയരാനിവിടെ
ആശയോടുണർന്നു നോക്കുന്നു ചുറ്റും
കനവെന്ത് കനിവെന്തെന്നറിയാത്ത
കശ്മലന്മാരിവിടെ കാട്ടിക്കൂട്ടുന്നു -
പേക്കൂത്തുകൾ
നിയമം സ്വയം തീർക്കുന്നു
തീർത്തവ മാറ്റീടുന്നു
പഴയകാല ദുരിതനാളുകളിവിടെ-
വീണ്ടും വന്നടുക്കുന്നു കൂട്ടരെ
കയ്യൂക്കുള്ളവൻ കാര്യക്കാരനാകുന്നു
ലോകമേയീകാണുന്നതെന്താണ്?
കണ്ടീടും കാണാതെയിമപൂട്ടിരുന്നാൽ
കൊത്തിവലിക്കുമവ ജീവനോടെ
തച്ചുതകർക്കാൻ കരുത്തുനേടൂ
നാളത്തെ മക്കൾക്കു പിച്ചവെക്കാൻ

കവിത

# മനഃസ്ഥിതി



എം. മുഹമ്മദ് കോയ

നീ തെളിനീരൊഴുകും ശാന്തമാം-
പുഴ പോലെ ചിലപ്പോൾ
നീ ചിലയാമങ്ങളിൽ ഭീതിയുടെ ഉരുൾപൊട്ടി-
കലങ്ങിമറിഞ്ഞൊഴുകും മല വെള്ളം കണക്കെ.
നീ സൗരഭമാന്നൊർരു പനിനീർ പൂവാണ് ചിലപ്പോൾ
മറുവേള നിറയെ കൂർത്ത് തറക്കുന്ന കാരമുള്ളു പോൽ
നീ കരുണയുടെ മൂർത്ത ഭാവമണിയുമൊരുവേള
മറുനിമിഷം നീ പൈശ്ചികകതയുടെ പെറ്റമ്മയാകും
ചതിയുടെ വഞ്ചനയുടെ രൗദ്രരൂപമണിയും
ജ്ഞാന സൂര്യന്റെ വർണ്ണരാജികൾ ഉദയം ചെയ്യുന്നതും
സ്നേഹത്തിൻ നീലിമയാർന്ന ആർദ്ര-
നക്ഷത്രങ്ങൾ വിരിയുന്നതും
നിന്നാകാശത്തിൽതന്നെ.
എളുപ്പം ഗജത്തെ മെരുക്കാൻ-
ത്രാണിയുള്ളൊരു മനുജന്
നിന്നെവരുതിയിലാക്കൽ അതിസാഹസം
പിടിതരാതെ കുതറിമാറുന്ന നിന്റെ-
അപരമാം വൈഭവം കണ്ട-
മഹാധിക്ഷണശാലികൾ
ഫ്രോയ്ഡും, യുങ്ങും, അന്തംവിട്ട്-
നിന്നിട്ടുണ്ട് പണ്ട എന്നാണ് ചരിതം.
അന്നും ഇന്നും നീ ഒരു പോലെയാണ്
നിന്നെ മറച്ചൊന്നുമാവില്ല.
നീയറിയാതൊന്നുമില്ല.
നീയെന്നസത്യം പൂർണമായറിഞ്ഞവർ-
ആരുമില്ല ഉലകിൽ
മനസ്സേ നീ ഒരും മഹാ വിസ്മയ-
നിഗൂഢമാം ലോകം.
നീ മർത്ത്യനിലൊരു-
ദൈവത്തിന്നമൂല്യമാം കൈയോയൊപ്പ്

പ്രാദേശികം

## സംഗീത ചിത്രകലാ വിദ്യാലയം
## ഒളവണ്ണ, വട്ടക്കിണർ, കോഴിക്കോട്



SK സംഗീത ചിത്രകലാ വിദ്യാലയം
14 -ാം വാർഷികാഘോഷത്തോടനുബന്ധിച്ച്
കിഷോർ എസ്. ടൗൺഗാളിൽ
2018 - മേയ്-16ന് ചിത്രപ്രദർശനം നടത്തി.
ചിത്രപ്രദർശന ഉദ്ഘാടനം - രവീന്ദ്രൻ
കുന്ദമംഗലവും (പ്രസ്സ് ക്ലബ്ബ് പ്രസിഡണ്ട്-
കുന്ദമംഗലം), പ്രഭാഷണം കെ. രതീദേവി
(കൗൺസിലർ വാർഡ് 9 - കരിവശ്ശേരിയും
നിർവ്വഹിച്ചു.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55




# GLAMOUR GENTS WEAR

**Whole Sale & Retail**

**Mankave**
**Kozhikode - 7**
**Mob: 9847756569**
**8891901404**




**Pants, Jeans, Shirt, T. Shirts etc...**

ROYAL ENFIELD




# ROYAL GARAGE

**ROYAL ENFIELD SERVICE CENTRE**



**ROOM NO. 1/3385B**
**EAST HILL ROAD**
**CHACKORATHKULAM**
**KOZHIKODE**



**Bullet Servic, Customisation, Painting, Graphics & Spares, Accessories**
**Mob : 9072 367 776, 9895 874 224**

## Hero Electric Scooter Sales & Service



പെട്രോൾ ആവശ്യമില്ല
ലൈസൻസ് ആവശ്യമില്ല
പുകശല്യമില്ല



**CONTACT : ROYAL GARAGE**
**Mob : 9072 367 776, 9895 874 224**


Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ലേഖനം



# മാവേലി നാടുവാണീടും കാലം



**മാവേലി നാടുവാണീടും കാലം മാനഷ്യരെല്ലാരുമൊന്നുപോലെ ആമോദത്തോടെ വസിക്കും കാലം.....**

മഹാബലി നാടുവാണിരുന്ന കള്ളവും ചതിയുമില്ലാത്ത കാലം. പൊളി വചനം എള്ളോളമില്ല. നാട് സുഭിക്ഷതയിലും ഐശ്വര്യത്തിലും ആറാടി. പ്രജകൾ സന്തോഷവാന്മാരും രാജാവിനോടും നാടിനോടും കൂറുള്ളവരും സത്യസന്ധന്മാരുമായി ജീവിച്ചു. കൃഷിഭൂമികൾ തരിശായി കിടന്നില്ല. കൃഷിക്കാർ രാജഖജനാവ് നിറക്കാനായി പകലന്തിയോളം പരസ്പരം ഉത്സാഹിച്ചു പണിയെടുത്തു. രാജാവിനെ പ്രജകൾ ബഹുമാനിച്ചു. സ്വന്തം സന്താനങ്ങളെപ്പോലെ പ്രജകളോട് രാജാവിന് സ്നേഹവും ആത്മാർത്ഥതയും വമിഞ്ഞൊഴുകി. അക്രമവാസനയില്ലാത്ത പ്രജകൾ. കൊല്ലും കൊലയും നാട്ടിൽ എള്ളോളമില്ലെന്നുമാത്രമല്ല കേട്ടുകേൾവിപോലുമില്ല. ദാരിദ്ര്യമില്ലാത്ത കുടുംബ വ്യവസ്ഥിതി. നാട് അലങ്കാര സ്വർഗ്ഗത്തിൽ (ഫാഷൻ പാരഡയിസ്) കാലൂന്നിയില്ല എങ്കിലും ഉടുക്കാൻ തുണിക്കും കുടിക്കാൻ വെള്ളത്തിനും യാതൊരു പഞ്ഞവുമില്ല. ഇങ്ങനെയൊക്കെയായിരുന്ന നാട്ടിലെ ജനങ്ങൾ ഇന്ന് സമൃദ്ധമായ ഒരു ദിവസം വർഷത്തിൽ ആഗമിക്കുന്നതിനു മഹാബലിയെ വരവേൽക്കാനായി ചിങ്ങമാസം പിറക്കുന്നതിനായി സങ്കല്പത്തിലെ ഓണത്തപ്പന്റെ കാൽപാദങ്ങൾ ശ്രവിച്ച് ഇഴഞ്ഞു കഴിഞ്ഞു കാത്തിരിക്കുന്നു.


കള്ളവും ചതിയുമില്ലാത്ത നാട്ടിൽ കള്ളവും ചതിയും കൊടികുത്തി വാഴുന്നു. വായ് തുറന്നാൽ പൊളിമാത്രം പറയുന്നവർ അധികാരി വർഗ്ഗമാകുന്ന ഭരണസംവിധാനം കൈപ്പിടിയിൽവെക്കുന്ന രാജ്യവ്യവസ്ഥ. പെരുകി പെരുകി വരുന്ന നാട്ടിലെ കൃഷിക്കാരുടെ ആത്മഹത്യ. ഖജനാവ് നിറക്കാനായി ഭരണകൂടങ്ങൾ കയറ്റുമതിയെക്കാൾ കൂടുതൽ ഇറക്കുമതിയെ പ്രോത്സാഹിപ്പിക്കുന്നു. കൃഷിയെ പുച്ഛത്തോടെ മാത്രം വീക്ഷിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരും യുവജനങ്ങളും. വയലേലകളിലും വ്യവ.സായ മേഖലയിലും നിർമ്മാണ മേഖലയിലും മറ്റും പണിയെടുക്കുന്ന അദ്ധ്വാനശീലരായ യുവാക്കളെ രണ്ടാംതരക്കാരായി മാത്രം വീക്ഷിക്കുന്ന പുതിയ തലമുറ യുവതികൾ. മൂക്കിൽ പല്ല് മുളക്കുന്നതുവരെ വധുവിനേയും തിരഞ്ഞ് ആയുസ്സ് തീരുമോ എന്ന സംഭ്രമിക്കുന്ന കായികാദ്ധ്വാന മേഖല തൊഴിലാളികളായ യുവ പുരുഷ രക്തങ്ങൾ. വരുംനാളുകളിൽ ജനിച്ചുവീഴുന്ന കുട്ടികളേയും ഇന്നുള്ളതലമുറയിൽ വളർന്നുവരുന്ന യുവാക്കളെയും വയലേലകളിലും നിർമ്മാണ മേഖലയിലും മറ്റും പണിയെടുക്കുന്ന അദ്ധ്വാനശീലത്തെ സ്വന്തം വിവാഹത്തിന് വധുവിനെ ലഭിക്കില്ലെന്നുള്ളഭയവിഹ്വലതയോടെയുള്ള തീരുമാനത്തിൽ കോപ്പറേറ്റ് കമ്പനികളുടെ തുച്ഛവരുമാന ശമ്പളക്കാരാകുന്നതിനു വഴിയൊരുക്കാതെ, തൊഴിലിനു സമൂഹത്തിൽ മഹത്വംഉണ്ടാകുന്ന പ്രവർത്തനം ഭരണകൂടത്തിൽനിന്നുണ്ടാകണം. അല്ലാതെ ഇതര സംസ്ഥാനക്കാർക്കെതിരെ പ്രാദേശികത്വ കൂട്ടായ്മ ഭാവിയിൽ വളർന്നു വരുന്നതിനിടയാക്കുന്ന തൊഴിൽ നയരൂപികരണമല്ല കേരളത്തിൽ ഇന്ന് വേണ്ടത് എന്നുള്ള ഓർമ്മകളും കൂടെ ഭരണകൂടത്തിനു വേണം.

ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽതന്നെ കഞ്ഞി എന്ന പഴഞ്ചൻ പഴമൊഴിയെ അന്വർത്ഥമാക്കും വിധം തൊഴിലില്ലായ്മയും വിലക്കയറ്റവും, പ്രകൃതിക്ഷോഭതാണ്ഡവവും, ഇതിൽനിന്നുണ്ടാകുന്ന മനുഷ്യദുരിതവും നാട്ടിൽ കൂടി കൂടി വരുന്നു. തന്റെ വിദ്യാർത്ഥി ജീവിതം മുതലുള്ള വിവാഹ സങ്കല്പത്തിലെ വധുവിനെ കായികാദ്ധ്വാന മേഖലയിൽ പണിയെടുത്താൽ കിട്ടില്ലെന്ന മനഃസ്ഥാപത്താൽ തൊഴിൽ മേഖലയിൽനിന്ന് പ്രദേശവാസികൾ ഒഴിഞ്ഞ് ഇതരസംസ്ഥാന തൊഴിലാളികൾ കുടിയേറുന്ന അവസ്ഥ കേരളത്തിൽ സംജാതമാകുന്ന വിശേഷമറിഞ്ഞ് വിറങ്ങലിക്കുന്ന ഓണത്തപ്പന്റെ നാട്. ഉള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ വക്കിൽ എത്തിനില്ക്കുന്ന ഭരണസംവിധാനങ്ങളും നിയമവ്യവസ്ഥിതിയും വ്യാപാരികളേയും വ്യവസായികളേയും കിടിലം കൊള്ളിക്കുന്നു. ഉള്ളവൻ ഉള്ളവനായും ഇല്ലാത്തവൻ ഇല്ലാത്തവനായും ജീവിതകാലം മുഴുവൻ ജീവിക്കേണ്ടിവരുന്ന ഭരണ സംവിധാനത്തിൽനിന്ന് മോക്ഷംതേടി അലയുന്ന സമ്മതിദായകരെ എല്ലാകാലവും ഇല്ലാത്തവനാക്കുന്നതിനു, ഭരണകൂടത്തിന്റെ തുണയാളായ സമ്മതിദായകരിൽ തൊണ്ണൂറു ശതമാനത്തിനേയും ഇല്ലാത്തവനാക്കുന്ന ഭരണസംവീധാനത്തിൽ ഭയവിഹ്വാലരായി കനലണഞ്ഞ് നില്ക്കുന്ന സാധാരണ പൗരന്മാർ.

ഓണം വർഷാവർഷം വരുന്നു. മഹാബലി കേരളത്തിൽ വന്നുംപോയും കൊണ്ടിരിക്കുന്നു. എന്നാൽ നമ്മളിൽ നിന്ന് മഹാബലി സങ്കല്പം മാത്രം അകന്നു പോകുന്നില്ല. മഹാബലി നമ്മുടെ സങ്കല്പത്തിൽ പ്രജകളെ സുഭിക്ഷമായ നാളുകളിലേയ്ക്കെത്തിക്കുന്ന ആരാധനാനരസങ്കല്പമാണല്ലോ! ഭരണസംവിധാനത്തിലും എല്ലാസംസ്ഥാനങ്ങളിലും, ഭാരതത്തിലും മഹാബലി നരനായി പുനർജനിച്ചിരുന്നെങ്കിൽ എന്ന് നമുക്കെല്ലാവർക്കും പ്രത്യാശിക്കാം. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കവിത



അനിൽ ചെങ്ങണാശ്ശേരി

# മുകിലിനോട്

മുകിലേ, നീയൊന്നു
കനിഞ്ഞുവെന്നാൽ
മഴപെയ്യും
ഭൂമിയ്ക്കു കുളിരുകോരും
പുഴയൊഴുകും
തീരങ്ങൾ ഹരിതമാകും
പുൽനാമ്പുകൾ,-
ക്കമൃത വർഷമാകും
പൂക്കൾക്കുത്സവ താളമേകും
പൂത്തുമ്പികൾക്കുപവനം
കൂത്തരങ്ങാവും
പുലർ വേളകൾ
പുണ്യഭരിതമാകും
ദാഹാർത്തനായ
വേഴാമ്പലിന്റെ
കേഴലിനൊട്ടു ശമനമാകും
മുകിലേ, നീയൊന്നു
കനിഞ്ഞുവെന്നാൽ
നീയലിഞ്ഞില്ലാതെയാവും
മഴപെയ്തു തോർന്നൊ-
രാകാശം പോലെന്റെ
മനസ്സോ നിശ്ശൂന്യവുമാകും.



കവിത

വാസുദേവൻ വിളയൂർ

# കേരളാംബ

ഭൂവിലെ കൽപവൃക്ഷമായിടും കേരം തിങ്ങും
കേരളം മനോഹരം സസ്യശോഭയാൽ രമ്യം
ഭാർഗവരാമൻ പണ്ടു വെണ്മഴുവെറിഞ്ഞു-
ടനാഴിയിൽ നിന്നുംമോചിപ്പിച്ചെന്നു പുരാവൃത്തം
ആകയാൽ ഭൂസ്വത്തുക്കൾ ബ്രഹ്മസ്വമായിത്തീർന്നു
ചാതുർവർണ്ണ്യത്തിൻ പിടിയിലമർന്നു ജനാവലി
ഉച്ചനീചത്വം കൊടികുത്തി വാണീടും നാട്ടിൽ
മനുഷ്യൻ മനുഷ്യനെയകറ്റി നിർത്തീടുന്നു.
ചൊല്ലേഴും നരേന്ദ്രനാം സന്യാസിവര്യൻ മുന്നം
കേരളം ഭ്രാന്താലയമെന്നു ചൊല്ലിനാരല്ലോ
വേദങ്ങൾ വ്യസിച്ചവൻ പാരശരനാം മുനി
വ്യാസന്റെ മഹത്വങ്ങൾ വർണ്ണിപ്പാനെളുതാമോ
പഞ്ചമ വേദം മഹാഭാരതം കിളിപ്പാട്ടായ്
അഞ്ചിതമോദം ചമച്ചീടിന കവിവര്യൻ
തുഞ്ചനാമാചാര്യന്റെ ജന്മത്താൽ
പവിത്രയാം കേരളാംബയെ നമിച്ചീടുന്നു സദാകാലം
കുഞ്ചന്റെ തുള്ളൽ കഥാ ഹാസ്യത്താൽ ഹസിച്ചവൾ
ചോലൊത്ത കർണ്ണാമൃത മാധുര്യം നുകർന്നവൾ
കേളിയേറിന മേൽപ്പത്തൂരിന്റെ വിഭക്തിയും
ഭക്തനാം പൂന്താനത്തിൻ ഗാഥ തൻ മഹത്വവും
ആവാഹിച്ചുൾക്കൊണ്ടീടും മാതാവേ നിൻ പാദത്തിൽ
തൂവെള്ളി ചിലമ്പുമായെത്തുന്നുണ്ടാഴി വീചികൾ

ജില്ലക്കകത്തും പുറത്തും
മിതമായനിരക്കിൽ
ഉത്തരവാദിത്വത്തോടുകൂടി
പണി ചെയ്തു
കൊടുക്കുന്നു.

A.ASHOKAN
SAFALYAM HOUSE
P.O.Pantheerankave
Calicut - 19
MOB: 9605694531



മെഷിൻ ഉപയോഗിച്ച്
കാടും പുല്ലും വെട്ടുന്നു

സാഫല്യം ഫാൻസി & സ്റ്റേഷനറി
കൊടൽ നടക്കാവ്, കോഴിക്കോട് - 19

അത്യാവശ്യ ഘട്ടങ്ങളിൽ നിങ്ങൾക്ക് ഒരു ഉപകാരി

KL-11 BH- 4635
ഹൈലൈറ്റ് മാൾ ജംഗ്ഷൻ
പാലാഴി, കോഴിക്കോട്
Mob : 9400833344



ഡ്രൈവർ: പി.എം. പ്രഭാകരൻ
സരോവരം, പാലാഴി പാൽ
കമ്പനിക്ക് സമീപം
P.O. ഗുരുവായൂരപ്പൻ കോളേജ്

സാഫല്യം ഓട്ടോ
കാർ സർവ്വീസ്

കവിത



# നിശീഥിനി


ബിനി കിഴിശ്ശേരി

തെളിനീരുപോൽ, ഹൃദയതന്ത്രികൾ
മീട്ടുമീ രാഗ സന്ധ്യയിൽ,
സിന്ദൂര ചെപ്പ് തുറക്കു മീ ഗഗനവും
സാഗര ഗൃഹത്തിൽ ഒളിക്കും രവിയും
തൂനിലാവുമായ് പുഞ്ചിരിക്കും ശശാങ്കനും
കണ്ണിറുക്കി കളിയാക്കും താരവും
നിശീഥിനിയെ വരവേൽക്കുന്ന കാഴ്ചയും
എത്രമനോഹര മീ നിശയും!
എല്ലാ ഓർമ്മയായ്, മാറ്റുന്ന നിശീഥിനി
നല്ല ദിനത്തിനായ്, ജാലകം-
തുറന്നീടുന്ന നിശയും
രവിയുടെ പാദസ്പർശം ശ്രദ്ധിക്കും മാത്രയിൽ
എങ്ങോ പോയ് മറഞ്ഞീടുന്നു...

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കവിത

# സഖി



വക്കച്ചൻ എടക്കാട്

അടർന്നറ്റു വീണതാം-
സ്വപ്നത്തിൻ ചിറകുകൾ-
സ്വരുക്കൂട്ടിപ്പറക്കുവാൻ-
കൊതിച്ചു നിൽക്കെ-
അതിലൊരു കനവിന്റെ-
ചെറുതൊങ്ങൽ വിടർന്നെന്റെ-
കരളിന്റെ തിരുമുറ്റം-
വിരിച്ചൊരുക്കി.
അതിലൊടുങ്ങിയെന്നോർ-
ത്തൊതുക്കി ഞാനടക്കിയ
കവിതയാം സുമദളം-
വിടർന്നുപൊങ്ങി
സുമദളം മുഖം ചേർത്തെൻ-
ഹൃദയത്തോടുരുവിട്ടു
അവിരാമം സഖേ ഞാൻ നിൻ-
സഖിയായ് നില്ക്കാം
ഹൃദന്തത്തിൽ പ്രണയത്തിൻ-
നറുനിലകൊരുത്തിട്ടു
കവിതതൻ മലർവനി-
മെനഞ്ഞു നല്കാം
അന്നാദ്യം മനസ്സിന്റെ-
അരുമയാം എഴുത്താണി-
ചലിച്ചുപോയി.

കവിത

# കുളിർമാവ്



ഇന്ദിര വിശ്വനാഥ്

യാത്രക്കാർക്കും അയൽപക്കക്കാർക്കുമായി
സാന്ത്വന മാകുമാ കുളിർമാവ്
പറമ്പിന്നതിർത്തിയിൽ വെച്ചുപിടിപ്പിച്ച
കായ്ഫലം തരാത്ത ആ മരത്തിൽ
പുള്ളിക്കുയിൽ, കരിങ്കുയിൽ മൈനയും
കുരുവിയും തത്തയും വസിച്ചിരുന്നു.
മാമുണ്ണാൻ വരുമെന്ന് പറയുമ്പോൾ
ചൂണ്ടിക്കാട്ടുന്നവൾ ആ മരത്തെ
കലപിലാ ശബ്ദവും കുളിർതെന്നലും
ആനയിക്കും മുറ്റത്തേയ്ക്കായ്
കുയിൽനാദവും, കുളിർതെന്നലും, തണലും
ചേർന്നൊഴുകിയൊ ഭക്ഷണത്തിൽ
എന്തൊരാഹ്ലാദാമുഖത്തിലിരിപ്പൂ
നോക്കിയിരിപ്പൂ അമ്മമ്മയും
വേണ്ടെന്നു വെച്ച ഭക്ഷണവും കൂടി
അകത്താക്കിയവൾ ഉല്ലസിച്ചു.
ഇലകൊഴിഞ്ഞിടവഴിയും മുറ്റവും
താറുമാറായി നിന്നിടുമ്പോൾ
ശപിച്ചുവോ മറ്റുള്ളോർ ആ മരത്തെ
പരാതി പറഞ്ഞുവോ ഉടമയോടായി
ഒരുയാത്രകഴിഞ്ഞു എത്തിയപ്പോൾ
വെയിലും, വെളിച്ചവും മുറ്റമാകെ
ഞെട്ടിപ്പോയി അമ്മമ്മ കുട്ടിയോടായ്
എന്തുപറയു മെന്നാലോചിയ്ക്കെ
അങ്ങിങ്ങായി പറന്നു നടക്കും പറവകൾ
ചിലച്ചു ചിലച്ചു കരഞ്ഞീടുന്നു.

കവിത







ജനാർദ്ദനൻ കടുങ്ങപുരം

# കേരള പുരാണം

കേരമുണ്ടായിരുന്നെങ്കിലുമന്നെന്റെ
കേരളമില്ലാതിരുന്ന കാലം
കഞ്ഞിക്കരിപോലുമില്ലാത്ത ചാത്തന്മാർ
കീറമുണ്ടേറെ മുറുക്കിക്കുത്തി
നാട്ടരചന്മാരും ജന്മികളുമന്ന്
നാടായനാടൊക്കെ വാണ കാലം
നാട്ടിൽ പുലയർ തൻ മക്കൾ ഭുജിക്കേണ്ട
നേന്ത്രക്കുല ജന്മികൊണ്ടുപോകും
നാരികൾക്കാകില്ല മാറു മറയ്ക്കുവാൻ
നാണവും മാനവും കാക്കുവാനും
നാലക്ഷരം പഠിക്കേണ്ട പാവങ്ങളും
നേരത്തെണീറ്റ് പാടത്തു പോണം
ഓണമേ ഇല്ലില്ല, വിറ്റീടുവാൻ കാണം

ഒറ്റക്കുടിലിലും തീ പൂട്ടലില്ല
ഒട്ടിയ പള്ളയോടെത്തി മനക്കലെ
ഒട്ടുമേ വറ്റില്ലാ കഞ്ഞി മോന്താൻ
ക്ഷേത്രപ്രവേശനം വന്നതിൽ പിന്നേയും
കല്ലിട്ട ഭാഗത്തു നിൽക്കവേണം
ക്ഷിപ്രപ്രസാദത്താൽ സായൂജ്യം കൊള്ളുവാൻ
കണ്ടനും ചാത്തനുമില്ല ഭാഗ്യം
തേവരെ കൂപ്പിയുണർത്തിച്ചു സങ്കടം
തീർത്തില്ല കൽച്ചിത്ര തേവർരൂപം
തന്നിതു മാടത്തിൻ ഭൂമിയും പാടവും
താഴ്ത്തട്ടുകാരന്റെ ആദ്യസർക്കാർ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കഥ

# ആകാശമുത്ത്



എം.എസ്. കുമാർ



ഫ്ളാറ്റിന്റെ വലതുഭാഗത്തെ തൂവാനയുടെ മൂലയിൽ നിന്ന് ഒരു കുഞ്ഞുപക്ഷി ച്ലും എന്നു പറന്നു പോയപ്പോൾ അനുമോൾ ഒന്നു ഞെട്ടി. എവിടെനിന്നാണിത് ശരം വിട്ട പോലെ പറന്നുപോയത്? അവൾ തൂവാനയുടെ മൂലയിലായി മുകൾഭിത്തിയിൽ നിന്ന് ഒട്ടിച്ചുവെച്ചപോലെ തൂങ്ങികിടക്കുന്ന പഞ്ഞിക്കട്ട കണ്ടു. സൂക്ഷിച്ചു നോക്കിയപ്പോൾ അതിനു മുകളിൽ ഒരു ദ്വാരമുണ്ടെന്നു തോന്നി.

അവൾ നോക്കിനിൽക്കെ "ശ്രും" എന്ന ശബ്ദത്തോടെ ഒരു കുഞ്ഞുപക്ഷി പുറത്തു നിന്നു പറന്നെത്തി കൂടിനു മുകളിലെ ദ്വാരത്തിലൂടെ ഉള്ളിൽ കടന്നു. ഒന്നു കൂടി സൂക്ഷിച്ചുനോക്കിയപ്പോൾ സൂചിമുനപോലുള്ള കൊക്കു പിളർത്തി അത് ദ്വാരത്തിലൂടെ പുറത്തേക്കു നോക്കുന്നു.

കുരുവിക്കൂടു കണ്ട വിവരം അവൾ രഹസ്യമായി വെയ്ക്കാൻ തീരുമാനിച്ചു. ഫ്ളാറ്റ് വാച്ചുമേനറിഞ്ഞാൽ കൂട് തട്ടിക്കളയുകയോ പക്ഷിയെ ആട്ടിയോടിക്കുകയോ ചെയ്യും. സൂചി പോലെ വളഞ്ഞ കൊക്കുമായി ഇതുപോലുള്ള കുഞ്ഞു പക്ഷികൾ ഫ്ളാറ്റിനു മുന്നിലെ പൂച്ചെടികൾക്കു മുകളിലിരിക്കുന്നത് അവൾ കണ്ടിട്ടുണ്ട്. ചെമ്പരത്തി പ്പൂക്കളിലെ തേൻപൂവിൽ നീണ്ട കൊക്കു കടത്തിയും അതിന്റെ ഞാന്നു കിടക്കുന്ന കേസരങ്ങളിൽ കൊത്തിയും കുടിയ്ക്കുതവൾ കണ്ടിട്ടുണ്ട്.

അനുമോൾ കാലത്ത് എഴുന്നേറ്റ ഉടനെ പക്ഷിക്കൂടിനടുത്തേയ്ക്കു ചെല്ലും. കൂട് അവിടെ ത്തന്നെയില്ലേ എന്നു നോക്കി ആശ്വസിക്കും. ഫ്ളീറ്റിന്റെ വാച്ചുമേൻ പപ്പനെങ്ങാനും കണ്ടാൽ ഏറെ അപകടമാണ്. അനുമോൾ കൂട്ടിന്നു താഴെ എത്തുമ്പോഴേക്കും "കിം" എന്നു ശബ്ദിച്ചു. കൊണ്ട് കുരുവി പറന്നു. അവൾ സൂക്ഷിച്ചു നോക്കി. നീലച്ചിറകിൽ രണ്ടു ഭാഗത്തിലെ ചിറകിലും വെള്ളനിറത്തിൽ വീതിയുള്ള വരയുണ്ട്. നീണ്ട കൊക്ക് നേരെ മുന്നോട്ടായി അസ്ത്രം പോല പോകുന്ന കുരുവി പടിഞ്ഞാറെ മാനത്ത് ഒരു കറുത്ത പുള്ളിയായി കാണും വരെ അവൾ നോക്കി നിന്നു. അനുമോൾ നേരത്തെ പോകുന്നതും ഇടയ്ക്കിടെ പുറത്തുകടക്കുന്നതും കണ്ട് അച്ചമ്മയാണു ചോദിച്ചത്. "എന്താ മോളേ നീ ഇടയ്ക്കിടെ എന്തോ എടുത്തു വെച്ചതെടുക്കാൻ പോകുന്നത്?"

"ഏയ് ഒന്നുമില്ല അച്ചമ്മേ..." അവൾ പറഞ്ഞൊഴിഞ്ഞു. എങ്കിലും മനസ്സിലൊരു സംശയം! അച്ചമ്മയോടൊന്നു പറഞ്ഞാലെന്താ. പപ്പനോ മറ്റോ തൂത്തുവാരുമ്പോൾ അവൻ പക്ഷിക്കൂടു തട്ടിക്കളയാതിരിക്കാൻ അച്ചമ്മ കൂടി ശ്രദ്ധിക്കുന്നതു നന്നായിരിക്കും. അവൾ അച്ചമ്മയുടെ അടുത്തു ചെന്നു.

"എന്താ അനു. ഇന്നു ഹോം വർക്കൊന്നും ചെയ്യുന്നില്ലേ. അതോ വല്ല സംശയവുമുണ്ടോ.."

അവൾ സംശയത്തോടെ പറഞ്ഞു. "അച്ചമ്മേ നമ്മുടെ ഫ്ളാറ്റിൽ പക്ഷികൾ കൂടുകൂട്ടാറുണ്ടോ."

"ഓ! ചില തിത്തിരിപക്ഷികള് ചില ലൈറ്റ് ഷെയ്ഡിലോ ടെറസ്സിന്റെ മൂലയ്ക്കോ ചിലപ്പോൾ പഞ്ഞിയും ചകിരിയും കൊണ്ട് കൂട് കെട്ടാറുണ്ട്. ചിലവ മുട്ടിട്ട് വിരിഞ്ഞ് കുഞ്ഞുങ്ങളേയും കൊണ്ടു പറന്നു പോവുകയും ചെയ്യാറുണ്ട്. പപ്പനോ തൂപ്പുകാരിയോ കണ്ട് ആട്ടിക്കളയുന്ന പതിവുമുണ്ട്. എവിടെയാ പക്ഷി കൂടുണ്ടാക്കിയിരിയ്ക്കുന്നത്? ആ സൂചിമുഖിക്കുരുവിയല്ലേ?" അച്ചമ്മ മുൻപരിചയമുള്ള പോലെ ചോദിച്ചു.

"അതെ. കൂർത്തകൊക്കുള്ള, ചിറകിന്ന് നീലയും വെള്ളയുമുള്ള ..."

"ആകാശത്തിന്റെ മക്കളാണ്. അത് കിഴക്കു നിന്നുണരും പടിഞ്ഞാറുറങ്ങുകയും ചെയ്യുന്നു. മുട്ടയിടാനും കുഞ്ഞുങ്ങളെ വളർത്താനും മാത്രം ഇതുപോലുള്ള കൂടുണ്ടാക്കും. പഞ്ഞിയും ചകിരിനാരും വൈക്കോൽ തുറുമ്പും കൊണ്ടു മെനഞ്ഞ കൂട് മേൽച്ചുമരിൽ ഒട്ടിച്ചു തൂക്കിയ പോലിരിയ്ക്കും. സഞ്ചി പോലുള്ള കൂട്ടിൽ രണ്ടു മുട്ടയുണ്ടാകും. ഒരു മാസത്തിനുള്ളിൽ വിരിഞ്ഞ് കുട്ടികളുണ്ടാകും. തള്ളക്കുരുവി തേനും പൂമ്പൊടിയും കുഞ്ഞുങ്ങളുടെ വായിൽ വെച്ചുകൊടുക്കും."

അച്ചമ്മയുടെ കുരുവിവിജ്ഞാനം അനുമോൾക്കിഷ്ടമായി. പിറ്റേന്നു രാവിലെ അനു എത്തിയപ്പോൾ നീലച്ചിറകിൽ വെള്ളവരയുമായി കുരുവി പുറത്തു നിന്ന് പറന്നു വന്ന് കൂടിനു മുകളിലിരിയ്ക്കുന്നു. ഉള്ളിൽ "കീ കീ" ശബ്ദത്തോടെ വാ പിളർത്തിയ കുഞ്ഞുങ്ങളുടെ വായിലേക്ക് തേനും പൂമ്പൊടിയും കൊടുക്കുന്നു. കൂടിന്നു പുറത്തുകൂടെ വീണ പൂമ്പൊടിത്തരികൾ തറയിൽ ഗ്രാനൈറ്റിൽ വീണു. അനു കുനിഞ്ഞുനിന്ന് വിരൽ കൊണ്ടു തൊട്ടു മണത്തുനോക്കി. കിഴക്കുനിന്നു

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

പുസ്തക പ്രകാശനം

# പ്രഭാകരൻ നറുകര

**റെഡ്സ്റ്റാർ തിയേറ്റേഴ്സ്-നറുകര 45-ാം വാർഷികത്തോടനുബന്ധിച്ചുള്ള സാംസ്ക്കാരിക പരിപാടിയിൽ വെച്ച് രണ്ടായിരത്തി പതിനെട്ട് ഏപ്രിൽ ഇരുപത്തിയൊന്നാം തിയ്യതിയിൽ ശ്രീ. പ്രഭാകരൻ നറുകരയുടെ "നിഴൽതുടിപ്പുകൾ" കവിതാസമാഹാരം ഡോ. കെ. കെ. ബാലചന്ദ്രൻ (മലപ്പുറം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡണ്ട്) പ്രകാശനം ചെയ്തു.**

**പ്രഭാകരൻ നറുകരയുടെ "വിടരാത്തപൂക്കൾ"നോവലും അന്നേദിവസം ഡോ. കെ.കെ. ബാലചന്ദ്രൻ തദവസരത്തിൽ പ്രകാശനം ചെയ്തു.**

**ഡോ. കെ അബ്ദുൾ മജിദ് അദ്ധ്യക്ഷത വഹിച്ചു. ഡോ. എൻ. രാജൻ "നിഴൽതുടിപ്പുകൾ" പരിചയപ്പെടുത്തി.**

**നോവലിസ്റ്റ്, കവിയുമായ പി.എൻ. വിജയൻ "വിടരാത്തപൂക്കൾ" പരിചയപ്പെടുത്തി. "ഡോക്ടർ അംബേദ്ക്കർ സാഹിത്യ ശ്രീ" - ദേശീയ പുരസ്ക്കാര ജേതാവു കൂടിയായ പ്രഭാകരൻ നറുകരയെ ചടങ്ങിൽ ആദരിച്ചു.**





ഉണരുകയും പടിഞ്ഞാറു നോക്കി ഉറങ്ങുകയും ചെയ്യുന്ന ഈ ആകാശത്തിന്റെ മക്കൾ ഇനി എങ്ങോട്ടു പോകും ആവോ. അച്ചമ്മയോടു തന്നെ ചോദിയ്ക്കാം.

കുഞ്ഞുങ്ങൾക്കു തീറ്റി കൊടുത്ത ശേഷം "കിം"എന്ന ശബ്ദത്തോടെ കുരുവി പുറത്തു കടന്ന് പടിഞ്ഞാട്ടു പറന്നു. അനു നോക്കിനിൽക്കെ അത് നീലാകാശത്തിലെ വെളുത്ത മേഘത്തിന്നിടയിലേക്കു കടന്ന് അപ്രത്യക്ഷയായി.

അന്ന് അനു സ്കൂളിലേയ്ക്കു പോകുമ്പോൾ പപ്പനും രണ്ടു മൂന്നു തൂപ്പുകാരും ഫ്ളാറ്റിന്റെ പരിസരത്തു കൂടിനടുത്തു കൂടി നടക്കുന്നതും അവിടവിടെ തൂത്തു വാരുന്നതും കണ്ടു. തന്റെ നീലക്കുരുവിയ്ക്കും കുഞ്ഞുങ്ങൾക്കും വല്ല ആപത്തുമുണ്ടാകുമോ? അവൾ ഭയപ്പെട്ടു. സ്കൂൾ വിട്ടു വന്ന ഉടനെ അവൾ ലിഫ്റ്റ് ഓടി കയറി വരാന്തയിലെത്തി. ഭിത്തിയിൽ തൂങ്ങിയ കൂടുകാണുന്നില്ല. അവളറിയാതെ അയ്യോ ശബ്ദം പുറപ്പെടുവിച്ചു.

"എന്താ മോളേ..."

പപ്പനും രണ്ടു വേലക്കാരികളും ഓടിവന്നു.

"എന്തേ മോളേ.." ഒരു ചേച്ചി ചോദിച്ചു.

"എന്റെ കുരുവിക്കൂടു കാണാല്യ..." അവൾ സങ്കടത്തോടെ പറഞ്ഞു.

"അയ്യോ മോളേ അതൊക്കെ ഇവിടെ പെയിന്റടിയ്ക്കുന്നവർ തൂത്തുകളഞ്ഞല്ലോ ആ തിത്തിരി പക്ഷികളെ കുട്ടി വളർത്തിയതാണോ."

അനു ഉത്തരം പറയാതെ ലിഫ്റ്റിറങ്ങി. അവൾ ഫ്ളാറ്റിനു ചുറ്റും ഓടി നടന്നു. അനു മതിലിന്നു പുറത്തു കിടക്കുന്ന ചപ്പുചവറുകൾക്കിടയിൽ തിരഞ്ഞു കൊണ്ടിരുന്നു.

"അവറ്റയൊക്കെ പറന്നു പോയിരിയ്ക്കും. മക്കളേ.. അച്ചമ്മ പറഞ്ഞു."

ഇഷ്ടിക കഷ്ണങ്ങളും സിമന്റുപൊടികളും കൂടിക്കിടന്ന ഒരിടത്തുനിന്ന് പപ്പൻ ഒരു സാധനം തോണ്ടിയെടുത്തു. എല്ലാവരും നോക്കി.അതൊരു പക്ഷിക്കുഞ്ഞായിരുന്നു. അനുമോൾ അതിനെ വാരിയെടുത്തു. അച്ചമ്മയും അതിനെ തൊട്ടുനോക്കി. ഓ ഒരു കാൽ ഒടിഞ്ഞിരിയ്ക്കുന്നു.

"പാവം ഒരു കുട്ടിയെല്ലേ കളയേണ്ട."

അവർ അതിനെ പൊടി തട്ടി. അനു കാലിൽ ഒതിക്കൊടുത്തു. "കീ.. കീ.."ൽ കിളിക്കുഞ്ഞ് നേർത്ത ശബ്ദത്തിൽ കരഞ്ഞു.

"സാരല്യ മോളേ, ചേച്ചി മരുന്നു വച്ചുതരാം ട്ടോ."

അവൾ റൂമിലേക്കു കയറവെ അനു പറഞ്ഞു. അച്ചമ്മ തന്റെ കാലിലെ മുറുവിന്നു പുരട്ടാറുള്ള കാന്റിഡോ ക്രീം പക്ഷിക്കുഞ്ഞിന്റെ ഒടിഞ്ഞ കാൽമുട്ടിൽ പുരട്ടി പഞ്ഞിവെച്ചു കെട്ടി. അനുമോൾ ഒന്നുരണ്ടിറ്റു പാൽ കൊടുത്തു. കുഞ്ഞ് ചിറകുകളനക്കി. തൂവലിൽ നീലനിറം വരുന്നേയുള്ളു. വെള്ള നിറം തെളിഞ്ഞു വരുന്നു.

"അച്ചമ്മയും പേരമോളും കൂടി ഒരു പക്ഷിക്കുഞ്ഞിനെ വളർത്തുകയാണോ? മോളേ അത് ആകാ

കവിതകൾ



എം.കെ. രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി

# 1. കളിക്കളമുണരുകയായ്

കളിക്കള മുണരുകയായി
ലോകത്താകെയാവേശത്തിൻ- കൊടിപാറ്റി
നാലുകൊല്ലകാലത്തിന്നൊരു-
കാൽപന്തിന്റെ സ്വപ്നങ്ങൾ,
പൂവണിയാനായ്യുവതികൾ, കുട്ടികൾ
ആഘോഷിച്ചു നടക്കുന്നു
ഓരോ രാജ്യത്തിന്റെ കളികളിൽ
ചേരിതിരിഞ്ഞു തിമിർക്കുന്നു
മതവും ജാതിച്ചേരികളൊന്നും
കളിയിൽ കാര്യവുമില്ലാതെ
ഒരു ലോകത്തിൻ കീഴിൽ മനുഷ്യൻ
ഒരുമയിലങ്ങനെ നില്ക്കുന്നു
പലവർണ്ണത്തിൽ കുപ്പായങ്ങൾ
കുട്ടികളിട്ടു നടക്കുന്നു.
ജയവും തോൽവി വികാരം- പടരും
ലഹരിയിലങ്ങനെ നീങ്ങുന്നു
ജയവും തോൽവി വികാരം- പടരും
ലഹരിയിലങ്ങനെ നീങ്ങുന്നു
ഒരു കളിക്കളം വേണം നാട്ടിൽ
പൂവണിയാനായ് കൊതിയോടെ
കാത്തിരിപ്പിൻ ദിന മേറേയായ്
വയസ്സ്, കാലമെടുത്തല്ലോ.
ഉയരണമിനിയും പടവുകൾ താണ്ടി
വിജയപുരോഗതി നേടണം
കാൽപന്തുകളിൽ വിജയകിരീടം
നേടാനുള്ളൊരു യത്നത്തിൽ
നാടും നഗരവുമൊന്നിച്ചാൽ
നമുക്കുമൊരു കൈ നോക്കലോ-

# 2. ശക്തി പകർന്നു തന്നു

എഴുപതു ചിങ്ങം കടന്നു പോയി
എഴുതുവാനുള്ളൊരു ശക്തി തന്നു.
ഒരു പാടു ജീവിത ദുരിതമാർന്ന-
രനവധി സന്ധ്യ കൊഴിഞ്ഞു തീർന്നു.
പലരുടെ സ്നേഹ വിരുന്നുകളും
അവമതിപ്പിന്റെ വെറുപ്പുകളും
എല്ലാം സഹിച്ചിട്ടും, സ്നേഹിച്ചിട്ടും
എഴുപതു ചിങ്ങം കടന്നു പോയി
എനിയെത്ര രാവുകൾ, പകലുകളും
അറിയാതെ പോകുന്നു ജീവിതത്തിൽ
അന്ത്യവരേയും മനുഷ്യധർമ്മം
പരിപാലനം ചെയ്തു നീങ്ങിടേണം
അറിവിന്റെ ചക്രവാളത്തിലേയ്ക്ക്
അതിരുകളില്ലാത്ത ലോകത്തേക്ക്,
സ്നേഹത്തിൻ കവിതകൾ മൂളിക്കൊണ്ട്
ശാന്തിസമാധാനമായുറക്കം
ഹൃദയത്തിലെരിയുന്ന പ്രണയ ദുഃഖം
അതിരുകൾ കാണാതലഞ്ഞീടുന്നു.

ശത്തു നിന്നുവന്നതല്ലെ. ആകാശത്തേയ്ക്കുതന്നെ പോകും."

പക്ഷിക്കുഞ്ഞു വളരുന്നു. അനു അവൾക്ക് കൊടുക്കുന്ന ഭക്ഷണം തന്നെ കൊടുത്തു. കുഞ്ഞ് "കീ കീ" ശബ്ദിച്ചു. അനു അതിനെ കൈയ്യിലെടുത്തു. "മോളേ" വിളിച്ചു. കീ... പക്ഷിക്കുഞ്ഞു ശബ്ദിച്ചു. അവളുടെ കവിളിലും ചെവിയിലും കൊക്കുരുമ്മി.

ഒരു പ്രഭാതത്തിൽ ജനലരികിൽ നിന്ന് "കീ കീ" ശബ്ദം കേട്ടു. കുഞ്ഞിക്കുരുവി ജനലരികിലേക്കു പറന്നു. ചില്ലിന്നപ്പുറത്തു നിന്ന് നീലയിൽ വെള്ളവരയും നീണ്ട കൊക്കുമുള്ള കുരുവിയും അതേ രൂപത്തിലുള്ള കൊച്ചുകുരുവിയും ജനലിൽ തട്ടി "കീ കീ" ശബ്ദിച്ചു. അനുമോൾ കുഞ്ഞിക്കുരുവിയെ അടക്കിപ്പിടിച്ച് അതിനെ തടവി. കുരുവി ചിറകിട്ടടിച്ച് കീ കീ" ശബ്ദിച്ചു.

"മോളേ നീ പോവല്ലേ ട്ടോ..."

അനു ഒരു കൈയ്യിൽ പക്ഷിക്കുഞ്ഞിനെ പിടിച്ച് അതിന്റെ കാലുകളിൽ തടവി. പുറത്ത് ജനാലയ്ക്കൽനിന്ന് അമ്മക്കുരുവി വിളിച്ചു

"കീ കീ.."

"കീ.."അനുവിന്റെ കൈയ്യിലെ കുഞ്ഞുപക്ഷി പിടഞ്ഞു ശബ്ദിച്ചു. ചിറകു വിടർത്തി പറന്നു പുറത്തേക്ക് അമ്മക്കുരുവിയുടെ അടുത്തേക്ക് "കീ കീ" ശബ്ദിച്ചു അവരൊന്നിച്ചു പറന്നു പടിഞ്ഞാറെ ആകാശത്തേയ്ക്ക്. നീലയും വെള്ളയും നിറം പടർന്ന ആകാശത്തേയ്ക്ക് ബിന്ദുക്കളായി ലയിച്ചു.

അനുമോൾക്കന്ന് ഉറക്കം വന്നില്ല. പലപ്പോഴും കുഞ്ഞിക്കുരുവി ആകാശത്തുനിന്നിറങ്ങിവരുന്നതായും അവൾ നീട്ടിയ കൈയ്യിലിരിക്കുന്നതും സ്വപ്നം കണ്ടു. പ്രഭാതത്തിലെ കൊച്ചുറക്കത്തിൽ അവൾ കുരുവിയുടെ "കീ കീ" വിളി കേട്ടു. ഞെട്ടിയുണർന്നു. റൂമിന്റെ വാതിലിൽ കുരുവിയുടെ ശബ്ദം. അനുമോൾ പിടഞ്ഞെഴുന്നേറ്റു വാതിൽ തുറന്നു കുരുവിയ്ക്കു നേരെ കൈനീട്ടി. അത് വായുവിൽ ചിറകു വിടർത്തി നിന്നു. അനുമോൾ നീട്ടിയ കൈകളിൽ ഒരു നുള്ളു പൂമ്പൊടിയും ഒരിറ്റു തേനും വെച്ചു.

"കീ കീ" ശബ്ദിച്ച് അവൾക്കൊരുമ്മയും നൽകി കുഞ്ഞിക്കുരുവി പടിഞ്ഞാട്ടു പറന്നു. നീലയും വെള്ളയും പടർന്ന ആകാശച്ചെരുവിൽ ഒരു ബിന്ദുവായി കണ്ടു.

അനുമോൾ കൈയ്യിലെ പൂമ്പൊടിയും തേനും മുഖത്തോടടുപ്പിച്ചു. പൂമ്പൊടി കുറച്ച് കാറ്റിൽ ചിതറി നിലത്തു വീണു. "അനൂ" എന്നു വിളിച്ച് ഓടിയെത്തിയ അച്ഛമ്മ നിലത്തുവീണ പൂമ്പൊടി കുനിഞ്ഞു നോക്കി. അവരുടെ കണ്ണുകൾ വിടർന്നു. അത്ഭുതം! അതു നിറയെ മുത്തുമണികളായി തിളങ്ങി. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കവിത

# മെഴുകുതിരി



രജികുമാർ പുലാക്കാട്

ഞാനൊരു പാവം മെഴുകുതിരി
പുകയില്ലാതെ
പകയില്ലാതെ
ശബ്ദമില്ലാതെ
എന്റെ തന്നെ ഉപമക്കുടുക്കുകളിൽ-
ഊരാക്കുടുക്കുകളിൽ
ഇളം നിറത്തിൽ
ഗന്ധരഹിതയായി
കണ്ണാടിക്കൂട്ടിൽ തിളച്ചുരുകുന്നു.
എത്രകരഞ്ഞിട്ടും മുഖമൊളിക്കാനൊരു-
മാറുകിട്ടാത്ത
കുഞ്ഞിന്റെ നിസ്സഹായ വിതുമ്പൽ
നട്ടുച്ചയ്ക്ക്
പാടത്തെ വിജനതയിൽ
അലഞ്ഞു തിരിയുന്ന
പൊട്ടിതിരിച്ച പേരുവിളി
ഒരു വൃത്തം പുതച്ച്
തുടങ്ങിയേടത്തെത്തുന്ന
സ്വപ്നാടനപ്പക്ഷി
സർവ്വം തികഞ്ഞവന്റെ കവിതയെഴുതി
കാവ്യസുന്ദരനെത്തിരയുന്ന
വിഭ്രാന്ത കാമുകി
പൂർണ്ണത ധ്യാനിച്ച
അപൂർണ്ണമാകുന്ന വേദാന്തി
ഇരുട്ടിന്റെ താഴ്വരയിൽ മുളച്ചുനിൽക്കുന്ന
അശോകത്തലപ്പുകളുടെ
ഇനിയും നിർവകാരമാകാത്ത
ഒരാർദ്രത-
സഹനത്തിന്റെ കറകൾ ചുമന്ന്
വഴികളിൽ നീണ്ട നിഴലുകൾ വീഴ്ത്താതെ
എത്രദൂരം?
ചളിവരമ്പിന്റെ വഴുപ്പുരളിൽ
അഹല്യാമോക്ഷം നാടകം
പകരക്കാരൻ റിഹേഴ്സലില്ല
ആവശ്യം മറന്ന അവയവം പോലെ
നീണ്ട സംഭാഷണങ്ങൾ
കാണിയും കളിക്കാരനും
ഒരേ വേദിയിൽ രണ്ടുറോൾ
ഗൗതമൻ, അഹല്യ.
അതൊരു പരീക്ഷണമായിരുന്നു.
ആരോ പറഞ്ഞ് സൃഷ്ടിയുടെ കഥ കേട്ട്
അർത്ഥമില്ലാത്തൊരസ്വാസ്ഥ്യം പോലെ
ഞാൻ-മകം നാളിൽ പിറന്നവൾ
മറ്റൊരു പേരിൽത്തുങ്ങി
സ്വന്തം കാൽക്കീഴിൽ
ഉരുകി കുമിഞ്ഞു നിറയുന്നു.
ഒരു മെഴുകുതിരിയെന്ന നിലയിൽ
തണുക്കുമ്പോൾ കായാൻ ഇത്തിരി ചൂടും
അൽപം വെളിച്ചവും കൊടുത്തതിൽ
തെറ്റായൊന്നും ഞാൻ കാണുന്നില്ല
നിങ്ങളോ?

കവിത

# മഞ്ഞളരുവിയിൽ



പ്രഭാകരൻ നറുകര

മഞ്ഞളരുവിയിൽ മുങ്ങുവാനല്ലിവർ
മാതാവിൻ ദർശനം സായൂജ്യമടയാൻ
നഗ്നനേത്രങ്ങളാലർക്കനോർക്കുന്നു
അഗ്നിച്ചുടുകാട്ടിലെരിയും കണ്ണുകൾ
ആരുടെയാജ്ഞകളാന്ധവിശ്വാസങ്ങ-
ളാത്മാസംതൃപ്തിയിൽ ആലിംഗനം ചെയ്വു
അറിയാതെയാളുകൾ ആഴ്ന്നിറങ്ങുന്നുവോ
അകതാരിലാവേശം വീഴ്ത്തും ചുഴികൾ
കലികയായ് തുള്ളുമാശ ദൈവരൂപങ്ങൾ
പൊലിമയിൽ കാന്തമിരുമ്പു വർഷങ്ങൾ
കോപ്പുകൂട്ടുന്നതാശിർവദിക്കുവാൻ
കൂരമ്പുചിന്തകളേറ്റുവീഴുന്നു
താരാട്ടുപാട്ടുകൾ പാടിയുറക്കുന്നു
താളക്കൊഴുപ്പുകൾ ആനകൾ മേളകൾ
ഏലസ്സുമന്ത്രങ്ങൾ തന്ത്രകുതന്ത്രങ്ങൾ
മേലാപ്പണിയും മുഖംമൂടി ചാർത്തുകൾ
മാന്തും നഖങ്ങളിൽ മൂർച്ചയാം വാളുകൾ
ചീന്തും ചിരകാല സ്വപ്നക്കുടിലുകൾ
വിഷലിപ്തമാം കാറ്റിൻ ക്രൂരനിഷാദങ്ങൾ
വികലമാക്കുന്നതന്തരംഗങ്ങൾ
ചേതസ്സുമരവിച്ച് ഊമകളായി നാം
ബോധിവൃക്ഷത്തണൽ തട്ടിയകറ്റുന്നു.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

# കല്ലേരി ചിട്ട് ഫണ്ട് (P) LTD
Reg No. PTC 037949, V.P. BUILDING,
POOVATUPARAMBA

ഉടൻ ആരംഭിക്കുന്ന പുതിയ ചിട്ടികൾ

SALA 300000 10000 × 30
" 100000 2500 × 40

Chairman
GOKULAVALSAN
9496615627

MD /
A.G. KISHORE
9995959157



# GLASSCO








GLASS & PLYWOOD

West Pantheerankave, Calicut
Email: glasscopkv@gmail.com
ഫോൺ : 9745222858, 9747778567








Etching, Coloring, Acid Work,
Polishing, Bevaling, Thoughning



# P.S. MOTORS
TWO WHEELER REPAIRING
കൈരളി ബിൽഡിംഗ്, തൊണ്ടയാട്
കോഴിക്കോട്
Mob: 9947355923







# R0YAL TECH





Aluminium Fabrication

North Kulangarapedika
Kozhikode
Mob: Abdul Nazer 9567 382 440





We Fabricates : PVC Doors, Kichen Cabinets, Windows, Showcases, Hand grills, Office Cabinets, Mosquito Window Works

All Kinds of Aluminium Fabrication, Fiber & Mosquito Window Works


## എഡിറ്റോറിയൽ

**(3-ാം പേജ് ബാക്കി)**

ത്തുമുണ്ടായിരുന്നില്ല. എന്നിട്ടും സ്ത്രീകളെ ശബരി മല കയറ്റാൻ ശ്രമിക്കുന്നതിന്റെ പേരിൽ നാട്ടിൻ പുറങ്ങളിലും ഗ്രാമീണരും നഗര വാസികളും ഒരു ചെറിയശത മാനം ആളുകളുമായി വാഗദാത ത്തിലാണ്. ഒരു തവണയെങ്കിലും ശബരിമല കയറാത്തവർ അത് കമ്മൂണിസ്റ്റായാലും, കോൺഗ്ര സ്സായാലും, ജാതിമതങ്ങളെ പ്രതി നിദാനം ചെയ്യുന്ന പാർട്ടികളായി രുന്നാലം, സോഷ്യലിസ്റ്റുകളായി രുന്നാലും, ആരായിരുന്നാലും അവർക്കാണ് ഇതുപോലുള്ള കാര്യങ്ങളിൽ അതിയായ പ്രത്യേകം താല്പര്യം. ശബരിമ ലയിൽ ശബരിമലയുടെ കീഴ്വഴ ക്കങ്ങളും ആചാരങ്ങളുമാണ് നിലനിൽക്കേണ്ടത്. ആരുടെയെ ങ്കിലും വെറുതെയുള്ള ചിന്ത യിൽനിന്നുത്ഭവിക്കുന്ന അഭി പ്രായം കേട്ട് തിരുത്തൽ വാദിയാ കാൻ ശബരിമലകാര്യത്തിൽ ഭക്തന്മാർ നിലപാടെടുക്കരുത്. സ്ത്രീകൾ ഉൾപ്പെടെ ഉത്സവനാ ളുകളിലും, മണ്ഡലത്തിനും, മക രവിളക്കിനും, എല്ലാ മാസങ്ങളിലും ആർക്കും പോകാ വുന്ന അനുഷ്ടാനങ്ങളിൽ നിന്നു വ്യതിചലിക്കാതെ ഇന്നുള്ള നില യിൽ ശബരിമല തീർത്ഥാട കർക്ക് സൗകര്യങ്ങൾ ഒരുക്കു കയും വേണം. ഭക്തന്മാരുടെ മന സ്സിൽ ശബരിമലയെ നിയന്ത്രിക്കു കയും അതിന്റെ വസ്തുവകകൾ ഉപയോഗിക്കാനുള്ള അധികാ രവും അവകാശവും കൈപ്പിടി യിൽ വെക്കുകയുംചെയ്യുന്നവ രോട് കോപവും എതിർപ്പും ഉണ്ടാകുന്ന വിചിത്രമായ നിലപാ ടുകളിലൂന്നാതിരിക്കാൻ ശ്രദ്ധിക്ക ണം. ഖണ്ഡിപ്പിക്കുവാതിരിക്കാൻ വിചാരിക്കണം. ആത്മീയകാര്യ ങ്ങളിലെങ്കിലും ഇഷ്ടദൈവങ്ങ ളേയും ഇഷ്ടദേവാലയങ്ങളിലും പ്രാർത്ഥിക്കുവാനും വിശ്വസിക്കു വാനുമുള്ള സ്വാതന്ത്ര്യം ജന ങ്ങൾക്കുണ്ടാകണം. അതാണ് ഒരു നാടിന്റെ നിവർത്തി. ആത്മീ യകാര്യങ്ങളിലെങ്കിലും സ്വന്തം ഇഷ്ടദേവാലയങ്ങളിൽ പ്രാർത്ഥി ക്കാൻ ഭക്തന്മാർക്കായില്ലെങ്കിൽ അത് ഒരു നിവർത്തികേടാകും എന്ന് ഓർക്കുന്നത് ആരാധനാല യങ്ങളുടെ/ദേവാലയങ്ങളുടെ നല്ലതിനായിരിക്കും. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കഥ

# സോറി മാഡം..,
# മടക്കയാത്രക്ക് തടസ്സമില്ല ...!!



**ടി.എ. മടക്കൽ**

“...........ന്റെ ഈശ്വരാ..! എത്ര ദിവസംങ്ങനെ കാത്ത്കെട്ടി കെടക്കണം ആവോ...?”

നഗരത്തിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ‘ICU’ എന്ന് ചുവന്ന അക്ഷരത്തിൽ മരണഗന്ധം വലയം ചെയ്തു നിൽക്കുന്ന വാതിൽപ്പുറത്ത്, മാർബിൾ വരാന്തയിലെ ഫൈബർ ബെഞ്ചിലിരുന്ന് ഭാര്യയുടെ അസഹ്യതയോടെയുള്ള പിറുപിറുക്കൽ കേൾക്കാത്ത മട്ടിൽ വിനയൻ ഇരുന്നു.

നല്ല റിട്ടയേർഡ് അധ്യാപകൻ എന്ന കിരീടശേഷിപ്പുമായി ശിഷ്ട ജീവിതം തീർക്കുന്ന അച്ഛനെ അതീവഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതും ‘ICU’വിൽ ആക്കിയതും അവസാനമായി മക്കളെ ഒന്ന് കാണണം എന്ന് ബോധം മറയുന്നതിന് മുമ്പ് വിതുമ്പിയ വിവരവും കേശുപിള്ള വിളിച്ച് പറഞ്ഞപ്പോൾ തന്നെ ഭാര്യ കൃത്യമായി കണക്കുകൂട്ടലുകൾ നടത്തി ചിട്ടപ്പെടുത്തിയിരുന്നു.

മരിക്കാൻ ഏറിയാൽ മൂന്ന് ദിനം, സഞ്ചയനം അടക്കമുള്ള ശേഷക്രിയകൾക്ക് വേണ്ടി മൂന്ന് ദിനം, മടക്കയാത്ര ഉൾപ്പെടെ നാലു ദിവസവുംകൂടി ആകെ പത്ത് ദിവസത്തെ ലീവും തരപ്പെടുത്തി മക്കളെയൊന്നും കൂട്ടാതെ കാനഡയിൽ നിന്നും വന്നതാണ്. എന്നിട്ടിപ്പോൾ നാലാം ദിവസവും ഓക്സിജൻസിലിണ്ടറിൽ നിന്നുള്ള ജീവനാഡിയും മൂക്കിൽ തിരുകിവെച്ച് ജീവശ്വാസം വലിക്കുന്നത് ‘ICU’ ജാലകത്തിന്റെ വൃത്തവിടവിലൂടെ കണ്ടതിന്റെ വേവലാതിയാണ് അവൾക്ക്.

അരുമയോടെ വളർത്തിവലുതാക്കിയ നാലു മക്കളും സകുടുംബം ഭൂമിയുടെ വിവിധ കോണുകളിൽ സുഖമായി വാഴുകയാണ്. അമ്മയുടെ മരണം അച്ഛന്റെ മനസ്സിന് ഏൽപ്പിച്ച ആഘാതം വളരെ കടുത്തതായതുകൊണ്ട് ഏകനായി വിടാതെ പിന്നെ വീടുംപറമ്പും നോക്കിനടത്താനുംവേണ്ടി കേശുപിള്ളയെ ഉയർന്ന കൂലിക്ക് തന്നെ ഏൽപ്പിച്ച ശേഷമാണ് കഴിഞ്ഞ പ്രാവശ്യത്തെ ലീവും കഴിഞ്ഞ് മടങ്ങിയത്.

“....ന്റെ ഭഗവത്യേ..!! പത്ത് ദിവസത്തിനുള്ളിൽ കണക്കുകൂട്ടിയതുപോലെ കാര്യങ്ങളെല്ലാം നടന്നില്ലെങ്കിൽ അവിടെ മക്കളുടെ വിറയ്ക്കുന്നകൈകളാൽ ഓക്സിജൻ സിലിണ്ടറിന്റെ നോബ് പെട്ടെന്ന് പൂട്ടി...?

കിട്ടാത്ത വായുവിന് വേണ്ടി വക്രിച്ച് വലിച്ച് ജീവന്റെ അവസാന കണികയും വിട്ടകലുമ്പോഴും ബാല്യകാലത്തെ ലാളനയും അരുമയാർന്ന മാസ്മരിക വശ്യതയും മുഖത്ത് മിന്നിമറഞ്ഞത് അമ്പരപ്പോടെ കണ്ടെങ്കിലും മടക്ക യാത്രയ്ക്ക് തടസ്സം നേരിടാത്തതിന്റെ നെടുവീർപ്പും തീർത്ത് ഓക്സിജൻ സിലിണ്ടറിന്റെ നോബ് പൂർവ്വസ്ഥിതിയിലേക്കാക്കി വിനോദ് പതുക്കെ പുറത്തേക്ക് നടന്നു...! തൊട്ടരികിൽ കട്ടിയുള്ള പച്ച പുതപ്പുകൊണ്ട് വേർതിരിക്കപ്പെട്ട കട്ടിലിനു സമീപത്തുനിന്നും തണുത്ത കരം തോളിലമർന്നപ്പോൾ വിനയൻ ഞെട്ടി തിരിഞ്ഞു നോക്കി. ജരനര ബാധിച്ച പടുവൃദ്ധൻ വിറയലോടെ പതുക്കെ പറഞ്ഞു.

‘..... തീർത്തു കളഞ്ഞുവല്ലേ....? വേണ്ടായിരുന്നു മോനെ.....’

പിന്നെ കർട്ടൺ നീക്കി ഒട്ടനവധി യന്ത്ര വയറുകളുമായി നിർജ്ജീവമായി കട്ടിലിൽ കിടക്കുന്ന യുവാവിനെ ചൂണ്ടി പറഞ്ഞു

‘അതുകണ്ടോ? ഒരു കുടുംബം ഒന്നിച്ചുനോക്കിയ മകനാണ്. ബൈക്ക് ആകിസന്റിൽപെട്ട് എട്ടു വർഷമായി ഈ കിടപ്പാ.... അവന്റെ കണ്ണു തുറന്നു കാണാൻ രാപ്പകലില്ലാതെ കാവലിരിക്ക്യാ ഞാൻ.... ഇതുപോലെ എന്നെ തീർക്കാനെങ്കിലും......’

വൃദ്ധൻ തേങ്ങി കരഞ്ഞുകൊണ്ട് കട്ടിലിനു സമീപത്തേക്ക് ഇഴഞ്ഞു പോയി. മൂലയിലെ കസേരയിലിരുന്നു.

ചെയ്തുപോയ പാതകത്തിന്റെ കടുന്നൽ കൂടുകൾ ഒരുമിച്ച് തലച്ചോറിനെ പൊതിഞ്ഞതുപോലെ വിനോദിനു തോന്നി. മരണം കെട്ടിയേൽപ്പിക്കപ്പെട്ട അച്ഛനെയല്ല മറിച്ച് വർഷങ്ങളായി കണ്ണിൽ എണ്ണ ഒഴിച്ച് മകന്റെ ജീവനു വേണ്ടികാവലിരിക്കുന്നു വൃദ്ധന്റെവാക്കുകളാണ് കടുന്നലുകളായി മനസ്സിനെ പൊതിഞ്ഞിരിക്കുന്നത്.

വെള്ളക്കോറയിൽ പൊതിഞ്ഞ് ICUവിൽനിന്നുംവരാൻ പോകുന്നസ്ട്രക്ച്ചറിന്റെ സീൽകാരത്തിന് കാതോർത്ത് തളർന്ന് പുറത്ത് ബെഞ്ചിലിരിക്കുമ്പോഴും ഭാര്യയുടെ വേവലാതിയുടെ ഭണ്ഡാരം ഒഴിഞ്ഞിരുന്നില്ല.

വിറക്കുന്ന ശബ്ദത്തിൽ വിനോദ് അറിയാതെ മനസ്സിൽ പിറുപിറുത്തു. “സോറി മാഡം..., മടക്കയാത്രക്ക് തടസ്സമില്ല..!!” ■


*ശ്രീനാരായണഗുരു ക്ഷേത്രം*
*കോട്ടൂളി സെന്റർ, കോഴിക്കോട് – 16*
**ശ്രീനാരായണഗുരുദേവന്റെ 164–ാം ജയന്തി ആഘോഷവും ശ്രീനാരായണ ഗുരുദേവ പ്രതിഷ്ഠയുടെ 3–ാം വാർഷികവും**
**2018 ആഗസ്റ്റ് 27 ന് (1194 ചിങ്ങം 11)**
**തിങ്കളാഴ്ച രാവിലെ 11 മണി**
*ശ്രീനാരായണഗുരു ക്ഷേത്ര പരിസരം*
*കോട്ടൂളി സെന്റർ*
*ശ്രീ. കണ്ടിയിൽ ബാലകൃഷ്ണൻ, ശ്രീ. രജീന്ദ്രൻ മരക്കാട്ടിൽ, ശ്രീമതി. രജിഷ മനോജ്, ശ്രീ. കൊടാപ്പള്ളി രവീന്ദ്രൻ വൈദ്യർ, ശ്രീ. നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ, ശ്രീമതി. പ്രഭാ പ്രഭാകരൻ പങ്കെടുക്കുന്നു.*
പ്രസിഡണ്ട് / സെക്രട്ടറി

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കോവൂർ വേണുഗോപാല പണിക്കർ

**KOVOOR VENU GOPALA PANICKAR**



Traditional Astrologer.

ജനറൽ സെക്രട്ടറി,

അഖില കേരള ജ്യോതിഷ താന്ത്രിക സഭ

**Kovoor, Kozhikode - 8**

**Mob: 9495846516**

Delegate In Guruvayur Devaprashnam

Delegate World Astrololgical Confrence In 1983

CUNSELTING TIME : 9 am to 1 pm, 3 to 5 pm



# ARCHA REAL ESTATE

## KANNADIKKAL, KOZHIKODE



ഫോൺ:

Sajeevan : 9447293024

Unni : 9388629325

Sanal : 9746425987

Basheer : 9567164167

വീടുകൾ, സ്ഥലങ്ങൾ വാങ്ങുവാനും വിൽക്കുവാനും വാടക, പണയത്തിനും സമീപിക്കുക

## BROTHERS ENGINEERING INDUSTRIES



NEAR B.E.M. U.P. School

Puthiyangadi P.O.,

Calicut - 673 021

Phone : 2391986(Shop), 2390049(Resi),

Mob : 9895458675





Rolling Shutter, Gate, Grills, Roof Tresses & General Engineering Works

## KAILAS ELECTRICALS & ELECTRONICS

Near govt. Girls High School Parayancheri, Calicut

Mob : Chithran 9895041004, 9037833006



Repairs of all kinds of Electricals & Electronics Equipments



## A.J. ALUMINIUM FABRICATION & INTERIORS





Karikkamkulam

Calicut - 10

Mob : 9947038019







Partition, Door, PVC Door, Kichen Cabinet Window, Showcase, Ceiling & Steel Fabricatin



നക്ഷത്രരാജ്യം ബുക്ക്സ്

നക്ഷത്രരാജ്യം ത്രൈമാസിക

കോഴിക്കോട്

Mob: 9847649567, 9744233997

e- mal:

nakshathrarajyam@gmail.com

WEB

nakshathrarajyameradhakrishnan.in

Whats App:

9072832823


നക്ഷത്രരാജ്യം ബുക്ക്സ് 2018 മാർച്ച് 22 വ്യാഴാഴ്ച ആയില്യം നക്ഷത്രം കഥാ സമാഹാരത്തിന്റെ പ്രകാശന ശേഷം ലേഖനങ്ങളുടെ സമാഹാരം പ്രസിദ്ധീകരിക്കുവാനും പുസ്തകപ്രകാശനവും 2018 ഡിസംബർ 2-ാം തിയ്യതി ഞായറാഴ്ച ടൗൺഹാളിൽവെച്ചു നടത്തുന്നു. ലേഖന സമാഹാരത്തിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാൻ താത്പര്യമുള്ള സാഹിത്യകാരന്മാർ കൂടുതൽവിവരങ്ങൾക്ക് നക്ഷത്രരാജ്യം ത്രൈമാസിക മാനേജിംഗ് എഡിറ്റർ നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണനുമായി നേരിട്ടോ മുകളിൽ പ്രസിദ്ധീകരിച്ച ഫോൺ നമ്പറിലോ ബന്ധപ്പെടുക.


Managing Editor

**Nakshatra Rajyam-**

**Quartarly Magazine,**

**ത്രൈമാസിക**

**P.B. No. 1205,**

**Mankave P.O.**

**Kozhikode 673007**

**Kerala**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly

DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കഥ

# പ്രൊപോസൽ

**അതുൽകിരൺ**

"ഇന്നെന്തായലും പറഞ്ഞേക്കണം" തെല്ലൊരു പരിഭ്രമത്തോടെ അവൻ കോളേജിനുമുന്നിലെ തിരക്കുള്ള റോഡിലേക്കിറങ്ങി. കോളേജിനകത്ത് പൂമുഖത്തിനു മുകളിൽ അവന്റെ സ്നേഹിതന്മാർ തോരണങ്ങൾ അഴിച്ചുവെക്കുന്ന തിരക്കിലായിരുന്നു ഒരുത്തൻ മരത്തിനുമേലെ വേറൊരുത്തൻ ബാൽക്കണിയിൽ. അന്നത്തെ കോളേജിലെ വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള തോരണങ്ങളായിരുന്നു അവ.

ഉന്മാദലഹരിയിലായിരുന്നു കോളേജ്. "ഹൃദ്യ അശോകിന്റെ" സ്വരവും ഗാനവും ഏവരുടെയും മനസ്സ് കീഴടക്കിയിരുന്നു. മൂന്നുവർഷങ്ങളായിട്ടും നാലാം വർഷത്തിലെ ആ ദിവസമാണ് അവളുടെ പ്രതിഭ എല്ലാവരും തിരിച്ചറിഞ്ഞ്. മരത്തിനു മേളിലിരിക്കുന്ന ഒരു ചങ്ങാതി ആ ഗാനത്തിന്റെ ഏതാനും വരികൾ മൂളുന്നത് അവന് കേൾക്കാമായിരുന്നു. അതെ ഹൃദ്യ അശോക് ഈ കഥയിലെ നായിക. അവൾക്കുവേണ്ടിയാണവൻ റോഡരികിൽ പരവശനായി കാത്തുനിൽക്കുന്നത്.

"ഇന്നു പറഞ്ഞില്ലെങ്കീ പിന്നെന്നു പറയാനാ? ഇപ്പമവൾക്ക് ആരാധകരും ഉണ്ട്. അവരിലാരെങ്കിലും അവളിൽ അനുരക്തനാകുന്നതിനു മുമ്പ് തനിക്ക് പറയണം. അവൻ ഓർത്തു പക്ഷേ മറ്റുള്ളവരെപോലെയല്ല അവളുടെ പ്രകടനത്തിനു മുമ്പു തന്നെ അവന്റെ ഖൽബ്ബിൽ അവളോട് അനുരാഗം തുടങ്ങിയിരുന്നു.



മൂന്ന് കൂട്ടുകാരികൾക്കൊപ്പം അവൾ പുറത്തേക്കിറങ്ങി നടന്നുവരുന്നുണ്ടായിരുന്നു. വാർഷികാഘോഷത്തോടനുബന്ധിച്ച് എല്ലാവരും സാരിയിലായിരുന്നു. വെളുത്ത ശരീരപ്രകൃതവും പൊക്കം കുറവുമുള്ള ഹൃദ്യ അണിഞ്ഞിരുന്ന കറുപ്പിൻമേൽ സ്വർണ്ണ കരയുള്ള വയലറ്റ് സാരി അവളെ മറ്റുള്ളവരിൽ നിന്നും വേറിട്ടുനിർത്തി. അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി തളർന്നുവാടിയ മുഖം അവളെ കൂടുതൽ സുന്ദരിയാക്കുന്നതായി അവന് തോന്നി. ഇതിലും വലിയൊരവസരം വേറെയില്ലെന്നുറപ്പിച്ച് രണ്ടു കൽപ്പിച്ച് റോഡിന്റെ മറുവശത്തു നിന്നും അവൻ വിളിച്ചു ഹൃദ്വാാാാ. ഒരു ചെറുചിരിയോടെ അവൾ തിരിഞ്ഞുനോക്കി. ആ ഒരു നോട്ടം അവന്റെ പാതി ധൈര്യത്തെ ചോർത്തിക്കളഞ്ഞു. "ഒന്ന് വെരോ" കൂട്ടുകാരികളെ അവിടെ നിർത്തി അവൾ റോഡിനു കുറുകെ അവനെ ലക്ഷ്യമാക്കി നടന്നു. തന്റെ കണ്ണുകൾ നോക്കിയിരുന്ന അവന്റെ നോട്ടം അസ്സലൊരു ചിരിയോടെ അവൾ തന്റെ കവിളുകളിലേക്കാക്കി. പരസ്പരമുള്ള നയനപ്രീതിയിൽ അവർ പരിസരം പോലും മറന്നുനിന്നു. പാഞ്ഞടുത്ത ഐഷർ ലോറി അവളെ തട്ടിതെറുപ്പിച്ചില്ല. പകരം രണ്ടു ചക്രങ്ങളും അവളുടെ അരയ്ക്കുമുകളിലൂടെ കയറി-കയറി ഇറങ്ങി. അല്പനേരത്തേക്ക് എല്ലാം മൂകം, ശാന്തം, നിശബ്ദം, ശ്വസനം പോലും നിലച്ചുപോയ അവസ്ഥ അവളുടെ അലർച്ചയ്ക്കുപോലും സ്ഥാനമില്ല.പെട്ടെന്ന് നിർത്താതെ പോകുന്ന ലോറിയുടെ ഇരമ്പൽ. സഹപാഠികളുടെ ഉച്ചത്തിലുള്ള കൂട്ട നിലവിളികൾ. അവന്റെ കണ്ണിൽ നിന്നും ചോരയൊലിക്കുന്നു. സത്യത്തിൽ അത് അവളുടെ കണ്ണുകളുടെ പ്രതിഫലനമായിരുന്നു. ചോരയിറ്റുന്ന വായയിൽ നിന്നും അവനോട് ഉരിയാടാൻ അവൾ ഒരു ശ്രമംനടത്തി. വിഫലം! അവളുടെ സാരിയിൽ പടർന്നുകൊണ്ടിരുന്ന നനവ് അതിന്റെ നിറം കടുപ്പമുള്ളതാക്കി. ചോരചുവപ്പാർന്ന ഹൃദ്യയുടെ മുഖം റോഡിൽ പതിച്ചു അവന്റെ ഹൃദയവും.!. ■

## പ്രശസ്ത സാഹിത്യകാരൻ എം.എസ്. കുമാറിന് ആദരാഞ്ജലികൾ

**പ്രശസ്ത ബാലസാഹിത്യകാരനും കഥാകൃത്തുമായ എം.എസ്. കുമാർ അന്തരിച്ചു**



എം.എംസ്. കുമാർ

**എഴുപതിൽപരം ബാലസാഹിത്യ കൃതികളും അഞ്ച് നോവലുകളും, അഞ്ച് ചെറുകഥാ സമാഹാരങ്ങളും മലയാള സാഹിത്യത്തിന് സമ്മാനിച്ച എം.എംസ്. കുമാർ ജൂലായ് 30-ാം തിയ്യതി രാവിലെയാണ് അന്തരിച്ചത്. 1945 ൽ ഞാങ്ങാട്ടിരി മുളക്കൽ വീട്ടിൽ ശങ്കുണ്ണി എഴുത്തച്ഛൻ-ജാനകി അമ്മ ദമ്പതികളുടെ മകനായി പിറന്നു. പിന്നീട് സൂര്യകുമാരൻ എം.എസ്. കുമാർ എന്ന പേരിൽ എഴുത്തിന്റെ ലോകത്ത് പ്രശസ്തനായി. സ. ഇ.എം. എസിന്റെ അവതാരികയോടെ പ്രസിദ്ധപ്പെടുത്തിയ മിടുക്കൻ ബാബുവാണ് ആദ്യകൃതി. കുഞ്ഞൻപ്പക്ഷി, സുന്ദരിപ്പാമ്പ്, പൂത്താങ്കിരി, സിനിമാനടൻ കുഞ്ചു, ഉണ്ണിരാമൻ ഉണർന്നു, സ്വർണ്ണത്തുമ്പി, മിഠായി മണിയൻ, ശാരി, നിലാവിന്റെ അപ്പൂപ്പൻ, അല്ലിറാണി, കല്യാണക്കുരുവി, പീലിക്കാവടി, കഴുത മന്ത്രി, കുക്കു തുടങ്ങിയവയാണ് പ്രധാനകൃതികൾ**

**ദേശീയ ശിശു വിദ്യാഭ്യാസ കൗൺസിൽ അവാർഡ്, കേന്ദ്ര സാംസ്ക്കാരിക ഫെല്ലോഷിപ്പ്, മാമ്മൻ മാപ്പിള അവാർഡ്, അദ്ധ്യാപക കലാവേദി, ചെറുകാട്, അബുദാബി ശക്തി, പി.ടി.ബി. ബാലസാഹിത്യ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം, ഗ്രന്ഥലോകം, തളിര്, തത്തമ്മ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപ സമിതി അംഗം തുടങ്ങിയ മേഖലകളിലും പ്രവർത്തിച്ചു. അദ്ധ്യാപികയും സാഹിത്യകാരിയുമായ പി.ആർ. കമലയാണ് ഭാര്യ. ദീപ, ദിലീപ് എന്നിവർ മക്കളാണ്.**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ചെറുകഥ

# ഉറക്കം നടിച്ച നിമിഷങ്ങൾ



വിജയൻ. ഒ




ടൗണിൽ യാതൃശ്ചികമായാണ് ശ്രീകുമാറിനെ കണ്ടത്. മിഠായി തെരുവിലെ കോർണറിൽ വെച്ചാണ് താനവനെ നേരിട്ടു ഇപ്പോൾ സന്ധിച്ചത്. കലാലയ ജീവിതത്തിലെ സുഹൃത്താണ്.

ശ്രീകുമാർ പെട്ടെന്ന് ഒരു നിമിഷം തിരിച്ചറിഞ്ഞില്ലെങ്കിലും, ഉടനെതന്നെ മനസ്സിലായി "എടാ നിനക്കെന്നെ മനസ്സിലായില്ലെ" കൈപിടിച്ചവൻ കണ്ണിലേക്കു നോക്കിനിന്നപ്പോൾ പെട്ടെന്നു തിരിച്ചറിഞ്ഞു. വർഷം മുപ്പതു കഴിഞ്ഞില്ലേ. മിഠായിതെരുവിലെ കവാടത്തിലെ ഒഴിഞ്ഞ ബെഞ്ചിൽ പോയിരുന്നു. പഴയകലാലയജീവിത ഓർമ്മകൾ അയവിറക്കി. അവൻ പഠിപ്പിൽ അത്രമിടുക്കനല്ലെങ്കിലും മിലട്ടറി സർവ്വീസിൽ കയറിപ്പറ്റി എക്സ് മിലട്ടറിയായി കഴിഞ്ഞുകൂടുന്നു. സംസാരത്തിനിടക്കവൻ പറഞ്ഞു "നിന്റെ ആ പഴയ സുശാന്തിനിയില്ലെ, അവളെ കഴിഞ്ഞാഴ്ച ഞാൻ കണ്ടു. ആകാംക്ഷയോടെ അവന്റെ മുഖത്തേക്കുനോക്കി.

"അവളുടെ പേരു പറഞ്ഞപ്പോഴേക്കും നിന്റെ മുഖം കണ്ടില്ലെ" തമാശ രൂപത്തിൽ അവൻ പറഞ്ഞു. മനസ്സിന്റെ ചെപ്പിൽ ഇന്നും മങ്ങാതെ കൊണ്ടുനടക്കുന്ന രൂപം. ഒരിക്കലെങ്കിലും എവിടെയെങ്കിലും വെച്ചു ഒന്നു കണ്ടെങ്കിൽ എന്നാഗ്രഹിച്ചു പോയിരുന്നു. വെറുതെ ദൂരത്തുനിന്നെങ്കിലും ഒന്നു കണ്ടിരുന്നെങ്കിലെന്നു് മോഹിച്ചിരുന്നു. ആൾക്കൂട്ടത്തിൽ രൂപസാദൃശ്യമുള്ളവരെ കാണുമ്പോൾ വെറുതെ തിരിഞ്ഞുനോക്കാറുമുണ്ട്. അതവൾ ആയിരിക്കുമോ എന്ന സംശയിച്ചു തിരിഞ്ഞു നോക്കിയിട്ടുണ്ട്.

"നീ എന്താ ആലോചിക്കുന്നത് ശ്രീകുമാർ ചിന്തയിൽ നിന്നും ഉണർത്തി." "അവളിപ്പോൾ എന്തു ചെയ്യുന്നു, എവിടെയാണ്, നീ ചോദിച്ചോ"

"എല്ലാം ഞാൻ ചോദിച്ചു, നിന്റെ കാര്യവും ചോദിച്ചു." അവൾ നിന്നെ പിന്നീടു കണ്ടില്ലെന്നു പറഞ്ഞു. അവളിപ്പോൾ കലക്ട്രേറ്റിൽ ബാച്ചിൽ രണ്ടുപേർക്കും അഡ്മിഷൻകിട്ടി. ഒരു നിമിഷം പോലും കാണാതിരുന്നാൽ പിണക്കമായി പരിഭവമായി. പിണങ്ങി ഉരിയാടാതെ ദിവസങ്ങളോളം നടന്നിട്ടുണ്ട്. പിണങ്ങിയും ഇണങ്ങിയും കോളേജ് ജീവിതം അവസാനിച്ചു. തമ്മിൽ കാണാതെഎങ്ങിനെ ജീവിക്കും എന്നാലോചിച്ചിട്ടുണ്ട്. എത്രയെത്ര കത്തുകൾ കൈമാറിയിട്ടുണ്ട്. കെട്ടുകണക്കിന് ലൗലെറ്റർ ഇപ്പോഴും ആരും കാണാതെ തന്റെ പെട്ടിക്കുള്ളിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.നിറം മങ്ങിയ കടലാസുകൾ ഇന്നും മനസ്സിൽ നിറം മങ്ങാതെ സൂക്ഷിക്കുന്നു.

ഇന്നവളെ കാണുമ്പോൾ എത്ര കാലത്തെ സൗഹൃദം പങ്കുവെയ്ക്കാനുണ്ടാകും. ആദ്യമൊക്ക അവളുടെ സാമിപ്യം കൊതിക്കുമ്പോൾ, അവൾ അടുത്തു വരുമ്പോൾ കൈകൾക്ക് ഒരു വിറയലായിരുന്നു. സംസാരിക്കുമ്പോൾ തൊണ്ടവരണ്ടുപോകുന്നതുപോലെ തോന്നിയിരുന്നു, കാലിന് ഒരു വിറയൽ അനുഭവപ്പെടുമായിരുന്നു. അവൾക്കും തന്നെ മറക്കാൻ കഴിയുമെന്നു തോന്നുന്നില്ല. വർഷങ്ങളുടെ കുത്തൊഴുക്കിൽ മാറ്റങ്ങൾ വന്നിട്ടുണ്ടാകാം. എന്നാലും അവൾ നൽകിയ ഊഷ്മള നിമിഷങ്ങൾ തനിക്കും അവൾക്കും ഓർക്കാതിരിക്കാൻ കഴിയില്ല.

സിവിൽസ്റ്റേഷനിൽ ബസ്സിറങ്ങി നേരെ കലക്ട്രേറ്റിലേക്ക്. എങ്ങിനെ അഭിമുഖീകരിക്കണം

ആദ്യം പിടികൊടുക്കരുത്. അവൾക്കെന്തൊക്കെ പറയാനുണ്ടാവും. തനിക്കെന്തൊക്കെ പറയാനുണ്ടാവും കുടുംബം, ബന്ധങ്ങൾ എന്നിങ്ങനെ പലതും പറയാനുണ്ടാവും. അവളെ ഓഫീസിൽ നിന്ന് പുറത്തേക്ക് വിളിക്കണോ, അതോ ഓഫീസിലേക്കു കയറി ച്ചെല്ലണോ. ആലോചിച്ചുകൊണ്ടയാൾ കോണിപ്പടികയറി.

ഓഫീസ്സുവരാന്തയിൽ അൽപനേരം ശങ്കിച്ചു നിന്നു. ഓഫീസുവരാന്തയിലേക്കുവന്ന സ്റ്റാഫെന്നു തോന്നിക്കുന്ന സ്ത്രീയോടു ചോദിച്ചു. "സുശാന്തിനി.... ഇവിടെയുണ്ടോ" അവൾ അല്പനേരം ആലോചിച്ച ശേഷം പറഞ്ഞു.

"ഒരു മിനിറ്റേ ഞാനൊന്നു നോക്കട്ടെ" അവർ അകത്തേക്കു പോയി. കുറച്ചുനിമിഷങ്ങൾക്കകം അവർ തിരിച്ചു വന്നു. "ക്യാബിനിൽ ഉണ്ട്, ചെന്നോളൂ,". ഹൃദയമിടിപ്പു വർദ്ധിച്ചതുപോലെ ഹാഫ്ഡോർ മെല്ലെ തുറന്ന് അയാൾ അകത്തേക്ക് പ്രവേശിച്ചു. സുശാന്തിനി ഫയലിൽ എന്തോ എഴുതുകൊണ്ടിരിക്കുകയാണ്. തലയുയർത്താതെ തന്നെ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ആംഗ്യം കാട്ടി മുമ്പിലെ സീറ്റിൽ ഇരിക്കാൻ പറഞ്ഞു. ഫയൽ മടക്കി കണ്ണട എടുത്തു തുടച്ചു വൃത്തിയാക്കി മുഖത്തേക്കുനോക്കി. ആകാംക്ഷയോടെ അതിലുപരി ആശ്ചര്യത്തോടെ താൻ സുശാന്തിനിയെ നോക്കി നിൽക്കുകയായിരുന്നു. " ങ്ഉം എന്താ" മുഖത്ത് ഒരു ഭാവഭേദവുമില്ലാതെ അവർ ചോദിച്ചു. വിക്കി വിക്കി കൊണ്ടയാൾ പറഞ്ഞു. "ഞാൻ സുധാകരൻ," മനസ്സു മന്ത്രിച്ചു നിന്റെ പഴയ സുധൻ "ഒന്നു കാണാൻ വന്നതാ."ഒരു വിധം പറഞ്ഞൊപ്പിച്ചു. "കാര്യമെന്താണെന്നു പറയൂ" അവൾക്ക് തന്നെ മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. വർഷം കുറെ കഴിഞ്ഞില്ലെ. "ഒന്നിച്ചു പഠിച്ച സുധാകരൻ, ഓർമ്മയില്ലെ!" അവൾക്കൊരുഭാവഭേദവുമില്ല."ആയ്ക്കോട്ടെ, ഇപ്പോഴെന്തുവേണം" അറിഞ്ഞിട്ടും അറിയാത്തഭാവം നടിക്കുകയാണന്നയാൾക്കു മനസ്സിലായി. ഇരുന്ന ഇരുപ്പിൽ വിയർക്കാൻ തുടങ്ങി. അയാൾ മെല്ലെ എഴുന്നേറ്റു എങ്ങിനെയോ അയാൾ പുറത്തേക്കുകടന്നു. മനസ്സിൽ ആഴത്തിലൊരു മുറിവേറ്റപോലെ അയാൾ നിസ്സഹായതയോടെ വരാന്തയിലെ തൂണിൽ പിടിച്ചുനിന്നു.

തന്റെ മനസ്സിൽ ഇന്നോളം കാത്തുസൂക്ഷിച്ച വിഗ്രഹം ഇടിഞ്ഞു വീണിരിക്കുന്നു. ഒരു സ്ത്രീ അകത്തേക്കു പോകുന്നതു കണ്ടു "സുശാന്തിനിയുടെ ഉച്ചത്തിലുള്ള സംസാരം വരാന്ത വരെ എത്തി. "ഓരോന്നു കയറിവന്നോളും, പഴയ ബന്ധങ്ങളും പറഞ്ഞ്" പിന്നീടു ഒരു നിമിഷം പോലും അവിടെ നിൽക്കണമെന്നു തോന്നിയില്ല. നിരാശയും ദുഃഖവും അതിലുപരി അവഗണനയും നിറഞ്ഞ മനസ്സുമായി അയാൾ ഇറങ്ങി നടന്നു. ■

കവിത

# താപനം




**ജോസഫ്പൂതക്കുഴി**

കൊടുംവേനലിൽതപിച്ചു
മണ്ണും മലകളും ജലാശയങ്ങളുമൊരുപോലെ
മാമരങ്ങളിലപൊഴിച്ചു
കുറ്റിക്കാടുകൾ വാടിവലഞ്ഞു
കറുകനാമ്പുകൾ കരിഞ്ഞുണങ്ങി
വയലേലകൾ വിണ്ടു മലച്ചു
പുഴകളിൽ നീരൊഴുക്കുനിന്നു
കിണറുകൾ, കുളങ്ങൾ വറ്റി വരണ്ടു
ഹരിതാഭമങ്ങി മഞ്ഞയായി
മാനത്തു മഴക്കാറു കാണാൻ
കണ്ണുകൾ പൊതി പൂണ്ടുനിന്നു.
എവിടെപ്പോയ് കാർമേഘങ്ങൾ
വേഴാമ്പൽകൂകിത്തളർന്നു.
കാറ്റില്ലിലയനക്കമില്ല
പ്രകൃതിയും കെതപ്പിച്ചുനില്പൂ
പാടുന്നില്ല പക്ഷികൾ
മൃഗങ്ങൾ കാടുവിട്ടുനാട്ടിലിറങ്ങുന്നു.
കാട്ടിൽ തീ പടർന്നീടുന്നു.
വയലിറമ്പിലെ നീർച്ചാലുകൾ
വറ്റി മത്സ്യകുഞ്ഞുങ്ങൾ ചത്തുപൊങ്ങി
കുടിനീരിനായ് കേഴുമീനാട്ടിലെത്ര-
നാൾ കാത്തിരിക്കണം ഹാ! കഷ്ടം?

കവിത

# വേഷം



**ബാബുരാജ് ചമ്പയിൽ**





ഈ കോലംകെട്ടി നടക്കല്ലെ പെണ്ണെ
കാണുന്നോന്റെ കണ്ണുപതിയും
കാണുന്നോന്റെ കണ്ണുപതിഞ്ഞാൽ
കണ്ടവരൊക്കെ പലതു പറയും
കണ്ടവരൊക്കെ പലതുപറഞ്ഞാൽ
കേട്ടവരൊക്കെ പറഞ്ഞുണ്ടാക്കും
ഈ കോലംകെട്ടി നടക്കല്ലെ പെണ്ണെ
കാണുന്നോന്റെ കണ്ണുപതിയും
കേട്ടവരൊക്കെ പറഞ്ഞുണ്ടാക്ക്യാ
നല്ലോരുചെക്കനെ കിട്ടൂല്ല പെണ്ണെ
നല്ലൊരുചെക്കനെ കിട്ടീലേ പെണ്ണെ
നല്ലോരു കുട്ടീനെ കിട്ടൂല്ല പെണ്ണെ
നല്ലോരു കുട്ടീനെ കിട്ടീലേ പെണ്ണെ
നല്ലോരു ജീവിതം കിട്ടൂല പെണ്ണെ
ഈ കോലംകെട്ടി നടക്കല്ലെ പെണ്ണെ
കാണുന്നോന്റെ കണ്ണുപതിയും
കാണുന്നോന്റെ കണ്ണുപതിഞ്ഞാൽ
കണ്ടവരൊക്കെ പലതു പറയും
ഈ കോലംകെട്ടുവാൻ ചൊല്ലിയതാരെടി
അച്ഛനുമമ്മയുംമാണോടി പെണ്ണെ
അയലത്തെവീട്ടിലെ ചേച്ചിമാരണോടീ
കൂടെപഠിക്കുന്ന അറിവില്ലാ പിള്ളേര്
ചൊല്ലിയതാണോടി ചൊല്ലടീ പെണ്ണെ
അച്ഛനുമമ്മയും അയലത്തെ വീട്ടിലെ
ചേച്ചിയുമെന്നോട് ചൊല്ലിയതല്ല
അന്നൊരുന്നാളിൽ സിനിമയ്ക്ക് പോയപ്പോൾ
കണ്ടൊരുകോലം ചേലെന്നുതോന്നി
ചേലെന്നുതോന്നിയ കോലംകെട്ട്യേപ്പം
ഏവരുംഎന്നെനോക്കീത്തുടങ്ങീ
ഈ കോലംകെട്ടി നടക്കല്ലെ പെണ്ണെ
കാണുന്നോന്റെ കണ്ണുപതിയും
കാണുന്നോന്റെ കണ്ണുപതിഞ്ഞാൽ
കണ്ടവരൊക്കെ പലതു പറയും

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

## സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർപ്പണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**








ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ പൊറ്റമ്മൽ, ഫോൺ : 3299956

**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**



## KODAPPALLY AYURVEDA PHARMACY

**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**

Mob : 9747868041




**Agency : KACOPS, KOTTOOLI**

**എം. കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി**



**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**



## ശാരദ

## ഇൻഡസ്ട്രിയൽസ്




**കാളൂർറോഡ് , മാങ്കാവ്**

കോഴിക്കോട് - 673 007

**Mob: 9846412070**

# PHOENIX ARTS

**C. RATNAKARAN**
**KALOOR ROAD**
**CALICUT - 673 007**
**MOB: 8129802214**





Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കഥ





രത്നാകരൻ ചെറുവത്ത്

# മൊയ്റാങ്ങ്

തിക്കും തിരക്കും ബഹളവും കൊണ്ട് ഹൌറ എന്നത്തേയും പോലെ അന്നും തന്റെ പ്രൗഢി വിളിച്ചോതി. ഗോഹട്ടി എക്സ്പ്രസ് അഞ്ചാം നമ്പർ പ്ലാറ്റ്ഫോമിൽ നില്പുണ്ട്.

വേഗം മിലിട്ടറി കമ്പാർട്ട്മെന്റിൽ കയറി. ലഗ്ഗേജ് താഴെ സീറ്റിനിടയിൽ വെച്ചു. ഞാനും ആനന്ദും രണ്ടു ബെർത്തിൽ ബഡ് നിവർത്തി. പിന്നീട് സൈഡ് സീറ്റിൽ കയറി ഇരുന്നു.

ലീവ് കഴിഞ്ഞ് ഇംഫാലിലേയ്ക്കുള്ള മടക്കയാത്രയാണ്. മിലിട്ടറി കമ്പാർട്ട്മെന്റിൽ തീരെ തിരക്ക് കുറവാണ്. അവിടെവിടയായി രണ്ടു മൂന്നു എ.എസ്.സിക്കാരും ബി.എസ്.എഫ് ക്കാരും മാത്രമേയുള്ളു.

അടുക്കടുക്കായി ആകാശം നിറയെ കറുത്ത മേഘങ്ങൾ. മഴ ചാറാൻ തുടങ്ങി. ഗ്ലാസ് ജനാല താഴ്ത്തിയിട്ടു. ആടിയുലഞ്ഞ് ആ ഇരുമ്പു പെട്ടികൾ മെല്ലെ വേഗത കൈവരിച്ചു.

മൺചട്ടിയും കെറ്റിലുമായി ഒരു പയ്യൻ ചായയുമായെത്തി. രണ്ടു ചായ് വാങ്ങി കാശ് കൊടുത്തു. ചൂടുള്ള ചായ. കെറ്റിലിൽ കിടന്ന് വെന്തത് കാരണം അല്പം ചവർപ്പുണ്ട്. ചായ ഊതിക്കുടിച്ച് പാത്രം പാളത്തിലേക്കിട്ടു.

“നാളെ ഗോഹട്ടിയിൽ തങ്ങണൊ? അതൊനേരെ പോയി റിപ്പോർട്ടു ചെയ്യണോ? ആനന്ദിന്റെ ചോദ്യം.

ഗോഹട്ടിയിൽ തങ്ങീട്ട് പോകാം. ഒരു ദിവസം ജേർണി റസ്റ്റ് എടുക്കാം. ഗോഹട്ടി റെയിൽവേസ്റ്റേഷനിലെ കേന്റീനിൽ നല്ല രുചികരമായ ഭക്ഷണം കിട്ടും. വസുമതി അരിയുടെ ചോറും കോഴിക്കറിയും, ദാലും, സബ്ജിയും ഒന്നാന്തരം തൈരും. സുഖമായി ഒന്നു കളിച്ച് ഊണു കഴിക്കാം. ബ്രിട്ടീഷുകാലത്തെ പ്രാതപത്തിന്റെ അവശിഷ്ടമായ ഡൈനിങ് ടേബിൾ. വലിയ ഡൈനിങ്ങ് ഹാൾ.

ഗോഹട്ടിയുടെ അരികത്തു കൂടെ ബ്രഹ്മപുത്ര ഒഴുകുന്നു. ഭാരതത്തിലെ എല്ലാ നദികളും സ്ത്രീ സങ്കൽപങ്ങളാണ്. ഒരേയൊരു നദിമാത്രം പുരുഷ സങ്കൽപത്തിൽ. ബ്രഹ്മാവിന്റെ പുത്രനായതുകൊണ്ടാണ്. ബ്രഹ്മപുത്രയെന്ന പേരുവന്നത്.

മറ്റന്നാൾ മൊയ്റാംഗിലെത്തിയാൽ പോരെ–?

മതി.

തണുത്ത കാറ്റേറ്റ് ആനന്ദിന്റെ കൺപോളകൾ അടയാൻ തുടങ്ങി. വീണ്ടു തുറക്കാൻ ശ്രമിക്കുതോറും അടഞ്ഞ് ആനന്ദ് മെല്ലെ ഉറക്കത്തിലേക്ക് ചാഞ്ഞു.

രാംകുമാർ പുറത്തേയ്ക്ക് കണ്ണയച്ചു. വളവുതിരിയുമ്പോൾ ട്രെയിനിന്റെ എഞ്ചിവ് നീങ്ങുന്നത് കാണാം. പത്ത് കമ്പാർട്ട്മെന്റ് പിറകിലാണ് മിലിട്ടറി കമ്പാർട്ട്മെന്റ്. മറ്റു കമ്പാർട്ടുമെന്റുകളെ അപേക്ഷിച്ച് പഴക്കം ബാധിച്ചതാണ്. മുന്നിലും പിന്നിലുമുള്ള ബോഗികളിൽ സാമാന്യം തിരക്കുണ്ട്.

നീണ്ടു പരന്ന് കിടക്കുന്ന നെൽവയലും, ആകാശവും വീദൂരയിൽ സന്ധിക്കുന്നു. ഉഴുതു മറിച്ചിട്ടതും, വെള്ളം നിറഞ്ഞതുമായ ചെറിയ കണ്ടങ്ങൾ. ചിലതിൽ പുതുതായി ഞാറു നട്ടിരിയ്ക്കുന്നു. വയൽ വരമ്പുകളിൽ പുല്ലുകൊണ്ടുണ്ടാക്കിയ കൂർത്ത തൊപ്പിചൂടി ബാലന്മാർ കുന്ന് കാലികളെ താറ്റുന്നു.

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിലേയ്ക്ക് ലക്ഷ്യം വെയ്ക്കുന്നു.

തല സീററിൽ ചാരി രാം കുമാർ പുറത്തേയ്ക്ക് നോക്കിയിരുന്നു. മൊയ്റാംഗിനെക്കുറിച്ച് ഓർത്തപ്പോൾ അനേകം ഗതകാല സ്മരണകൾ അയാളുടെ മനസ്സിൽ ഒഴുകിയെത്തി.

ആസ്സാമിന്റെ ഭാഗമായിരുന്ന മൊയ്റാംഗ് ഇന്ന് മണിപ്പൂരിന്റെ ഭാഗമാണ്.

“ഭാരതത്തിൽ ആദ്യമായി ദേശീയ പതാക ഉയർത്തിയ നാട്! 1944 ഏപ്രിൽ 12ന് ബ്രിട്ടീഷ് സർക്കാറിനെ വെല്ലുവിളിച്ച് നേതാജി സുഭാഷ് ചന്ദ്രബോസ് ഭാരതത്തിന്റെ ദേശീയപതാക ഉയർത്തി. ഭാരതത്തിന്റെ മണ്ണിൽ നിന്നും ആ0ദ്യമായി ദേശീയ പതാക വാനിലേയ്ക്ക് ഉയർന്ന് പാറിയ പുണ്യഭൂമി. അഭിമാനം കൊണ്ട് രാം കുമാറിന്റെ ദേഹം ഒന്നു കിടിലം കൊണ്ടു. ആ ജവാൻ പുളകം മണിഞ്ഞു.! സിരകളിൽ ആത്മാഭിമാനത്തിന്റെ രക്തം ഇരച്ചുകയറി!

ആസ്സാം എല്ലാകാലത്തും വിപ്ലവങ്ങളുടെ തോഴനായിരുന്നു.

ഗോഹാട്ടിയിൽ നിന്നും സീൽചാറിലേയ്ക്കൊ കൊഹീമയിലേക്കോ. ഇംഫാലിലേയ്ക്കൊ പോകുന്ന വഴികളിൽ മിക്കതിലും യുദ്ധസ്മാരകങ്ങളും ശ്മശാനങ്ങളും◌ം കാണാം. മൊയ്റാംഗിൽ വെച്ചുകണന്ട യുദ്ധസ്മാരകം മനസ്സിൽ ഇന്നു മായാതെ കിടക്കുന്നു. മരതകപച്ച നിറഞ്ഞ മൈതാനം. മൈതാനത്തിന്റെ ഒരറ്റത്ത് വെളുത്ത മാർബിളിൽ തീർത്ത കാലുകൾ ചട്ടുറ്റ ആകൃതിയുടെ വാലറ്റത്ത് നിന്നും പടവുകൾ. മദ്ധ്യത്തിൽ കറുത്ത ഗ്രാനേറ്റിൽ തീർത്ത മൂന്നുഘട്ടങ്ങളായുള്ള സ്കിയർ രൂപം. ആകാശത്തി

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ലേയ്ക്ക് ഉയർന്നു നില്ക്കുന്നു.

ധീരദേശാഭിമാനികളുടെ വന്ദേ മാാതര മാന്ത്രം അതിന്റെ കൂടെ പ്രസരിയ്ക്കുന്നു.ണ്ടെന്ന് രാംകുമാറിന് തോന്നി.

പ്രശാന്തമായ അന്തരീക്ഷത്തിൽ അടുക്കും ചിട്ടയുമാായി നിരന്നു കിടക്കുന്ന അനേകം കല്ലറകൾ എന്നാൽ ആത്മാഭിമാനത ച്തിൻങറെ കലവറയായ വാക്കുകൾ. എക്കാലത്തേയും ഓരോ ഭാരതീയനും ആവശ്യം അറിയേണ്ട സ്മരിക്കേണ്ട വാക്കുകൾ. ഭാരതത്തിന്റെ അനേകം ധീരദേശാഭിമാനികളുടെ ജീവത്യാഗികൾ ഓർത്തു നോക്കു!... ഒരു നിമിഷം നിന്ന് ചെവിയോർക്കു... കേൾക്കാം നിങ്ങൾക്ക് അവരുടെ ആത്മനാഭിമാനത്തിൽ പൂരിതമായ വന്ദേമാതരത്തിന്റെ ശക്തി!.

"WHEN YOU GO Home
TELL THEM US
AND SAY
FOR YOUR TOMMOROW
WE GAVE OUR TODAY!"

(വീട്ടിലെത്തുമ്പോൾ നിങ്ങൾ ഞങ്ങളെപ്പറ്റി അവരോടു പയുക. നിങ്ങളുടെ നാളേയ്ക്ക് വേണ്ടി ഞങ്ങൾ ഞങ്ങളുടെ ഇന്ന് നൽകി!)

എന്നാൽ-?

ഇന്ന് അവർ ചോദിയ്ക്കുന്നു...

ഞങ്ങളെപ്പോലുള്ളവരെ ഓർക്കാൻ ഇന്ന് ആർക്കാണ് സമയം? ഭരിക്കുന്നവർക്കോ, രാഷ്ട്രീയക്കാർക്കോ,

തൊഴിലാളികൾക്കോ, ബുദ്ധിജീവികൾക്കോ...?

മനുഷ്യരുടെ സ്വാർത്ഥത യോർത്ത് അസ്വസ്ഥമായ മനസ്സോടെ അങ്ങു ദൂരെ ചക്രവാളത്തിലേയ്ക്ക് രാംകുമാർമിഴിനട്ടിരുന്ന.

1942 സപ്തംബർ18 ന്ബഹരാംപൂർ കോൺഗ്രസ്സ് ഭവനിലേയ്ക്ക് സദ്യയുണ്ണാൻ പോയ സമരസേനാനികളെ പോലീസ് നിഷ്ക്കരുണം വെടിവെച്ചു. ലാത്തിയും, ബയണറ്റും, ബൂട്ട്സും കൊണ്ട് ആൺ, പെൺ വ്യത്യാസമില്ലാതെ ചതച്ചരച്ചു!

നിങ്ങൾ ജീവിച്ച് ജീവത്യാഗം ചെയ്ത മണ്ണിൽ ചവിട്ടാൻ എനിയ്ക്ക് ഭാഗ്യംതന്ന ജഗദീശ്വരനെ നമിയ്ക്കുന്നു...!

വെറും രണ്ടു ദിവസം കഴിഞ്ഞ് 1942 സപ്തംബർ 20 ന് രാവിലെ കതലമാറയിൽ ഒത്തുകൂടിയ ആറായിരം പേർ ആറു മൈൽ അകലെയുള്ള ധെക്കിയാജൂലിയിലേക്ക് പതാകയുമായി പ്രയാണമാരംഭിച്ചു!

ധെക്കിയാജൂലിയിൽ നിന്നും നാലുഫർലോങ്ങ് ഇപ്പുറം വെച്ച് ജാഥ പോലീസ് തടഞ്ഞു. പതാക ഉയർത്തും മുൻപ് തന്നെ വെടിവെപ്പാരംഭിച്ചു. ഒറ്റുകാരായ ഗുണ്ടകൾ പോലീസിനോട് ചേർന്ന് സ്ത്രീകളെ നഗ്നരാക്കി ക്രൂരമായി പീഢിപ്പിച്ചു!

"കിഴക്കൻ ഭാരതത്തിലെ ജാലിയൻവാലാബാഗ്ഭ എന്നാണ് അതിനെ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്.

ആനന്ദ് കണ്ണ് തിരുമ്മി നേരെയിരുന്നു. അയാൾ അഞ്ച് കൊല്ലമായി മൊയ്റാംഗിലും, തേസ്പൂരും, ഇംഫാലിലുമൊക്കെയായി ഡ്യൂട്ടി ചെയ്യുന്നു. ആനന്ദ് അവിടത്തെ കുറെ ചരിത്രസത്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്.

മൊയ്റാംഗിനെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം പറഞ്ഞു. ജപ്പാന്റെ ബോംബിങ്ങിൽ കുറച്ച് ഇംഗ്ലീഷ് സൈനികരും അനേകായിരം ഇന്ത്യൻ ശിപായികളും മരിച്ചു!

അവരിൽ പലദേശക്കാരുടെ കൂടെ നിരവധി മലയാളികളുമുണ്ടായിരുന്നു.

1944 ഏപ്രിൽ 12 ന് ആ ചരിത്രമുഹൂർത്തത്തിന്റെ സമയം ആഗതമായി. മെയ്റാംഗിലെ അരുണാഭയാർന്ന തെളിഞ്ഞ നീലാകാശത്തിൽ ദേശീയപതാക പാറി. ഭാരതഭൂമി രോമാഞ്ചമണിഞ്ഞു!

രാഷ്ബിഹാരിയും, മലയാളിയായ അനന്തൻ നായരും കൂടി കൈമാറിയ ദേശീയ പതാക ഭാരതത്തിന്റെ വീരപുത്രൻ സുഭാഷ് ചന്ദ്രബോസ് മെയ്റാംഗിന്റെ ആകാശത്തിലേയ്ക്കുയർത്തി. വന്ദേമാതരത്തിന്റെ മാറ്റൊലിയിൽ ജന്മഭൂമി പുളകമണിഞ്ഞു!

അന്നത്തെ സമരമുന്നണികളിൽ ആ നാട്ടുകാരായ പല സ്ത്രീകളുമുണ്ടായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം പോലുമില്ലാത്തവർ, കോളേജ്, സ്ക്കൂൾ വിദ്യാർത്ഥിനികൾ, തെരുവിൽ വെറ്റില, തുണി, വസ്ത്രങ്ങൾ എന്നിവ വിറ്റിരുന്നവർ.

വെള്ളക്കാർക്കെതിരെ സമരത്തിനിറങ്ങ "ഡെറാങ്ങിലെഭ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് ചെയ്ത നാലായിരത്തോളം പേരുടെ മുൻപിൽ ദേശീയ പതാകയേന്തി ഒരു ധീരയായ പെൺകുട്ടി. പതിനാറുകാരിയായ കനകലതയെന്ന വിദ്യാർത്ഥിനി! ഗോഹ്പൂർ സ്റ്റേഷനടുത്ത് ആ ധീരസുന്ദരിയുടെ നെഞ്ചിൽ പോലിസിന്റെ ബുള്ളറ്റ് ആണ്ടിറങ്ങി. ഒരു കൈയിൽ പതാക മുറുകെ പിടിച്ച് ഇൻക്വിലാബ് വിളിച്ച് അവൾ മാതൃഭൂമിയുടെ മാറിൽ വീണുമരിച്ചു.

സ്വാതന്ത്രത്തിന്ന് ശേഷം എത്രയെത്ര പേർ സ്വാതന്ത്ര്യ പോരാളികളായി മാറി. ഒറ്റുകാരായിരുന്നവർ രാജ്യസ്നേഹികളായി ചരിത്രതാളുകളിലേയ്ക്ക് അവരോധിക്കപ്പെട്ട് പെൻഷനും മറ്റാനുകൂല്യങ്ങളും കവർന്നെടുത്തു!

അന്ന് ഡെക്കിയജൂലിയിൽ വെച്ച് മറ്റൊരു പെൺകുട്ടി കൂടി വീരമൃത്യു വരിച്ചു!

അനന്തൻ നായരെ സ്നേഹിച്ച മജ്ജൂലി പെൺകുട്ടി. ലക്കിദേവി(ലക്ഷ്മിദേവി). അവളുടെ കുടുംബം കുറെ മുൻപ് മജ്ജൂലിയിൽ നിന്നും ഡെക്കിയാജൂലിയിലേക്ക് താമസം മാറിയവരാണ്. പൊതുവെ മജൂലി പെൺകുട്ടികൾ അതീവ സുന്ദരികളാണ്.

ആ പാരമ്പര്യം തന്നെയായിരുന്നു ലക്കിയുടേയും സൗന്ദര്യത്തിന്ന് പിന്നിൽ. അവൾ നേതാജിയുടെ കടുത്ത ആരാധികയാണ്. ധീരനായ അനന്തൻ നായരെ അവൾ കാണാനിടയായി. അവർ പരസ്പരം സ്നേഹിച്ചു. അവർ പല സ്വപ്നങ്ങളും നെയ്തെടുത്തു.

സ്വാതന്ത്ര്യാനന്തരം ഭാരതം മുഴുക്കെ സഞ്ചരിക്കണമെന്നും, കേരളത്തിൽ വെച്ച് വിവാഹിതരാകണമെന്നും അവർ തീരുമാനിച്ചു.

പക്ഷെ

1942 സപ്തംബർ 20. മൂടിക്കെട്ടിയ കനത്ത അന്തരീക്ഷം. ഒരൊറ്റ കിളികൾപോലും ചിലയ്ക്കാതിരുന്ന പ്രഭാതം. മന്ദമാരുതനും നിശ്ചലനായി!

തെലമാറയിൽ നിന്നും അയ്യായിരം പേരടങ്ങിയ ഒരു സംഘത്തിൽ ലക്കിയുമുണ്ടായിരുന്നു. വെളുത്ത വസ്ത്രത്തിൽ ത്രിവർണ്ണ പതാകയേന്തിയ അവൾ ഭാരതാംബയെപ്പോലെ പ്രശോഭിച്ചു! ഡെക്കിയജൂലിയിൽ വെച്ച് പോലീസ് അവരെ തടഞ്ഞു. പോലീസിന്റെ ഇരച്ചുവരുന്ന ബയണറ്റ് ട്രൂപ്പിൻ മുൻപിൽ പതറാതെ വന്ദേമാതര മന്ത്രം മുഴക്കി ആ ധീര വനിത മുന്നോട്ടു നീങ്ങി.

പോലീസിന്റെ നീണ്ട ബയനറ്റ്


(ശേഷം 44-ാം പേജിൽ)

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

കഥ

# സമവായം





മഞ്ചേരി ബാലചന്ദ്രൻ

ഇന്നത്തെ രാഷ്ട്രീയത്തിലെ വിവിധ മുഖങ്ങളും ഭാവങ്ങളും. സമകാലീന രാഷ്ട്രീയത്തിൽ ചേരിതിരിഞ്ഞുള്ള അണികൾ. അഭിപ്രായഭിന്നതയിൽ നിന്ന് ഒരു സമന്വയത്തിലേക്കുള്ള യാത്ര. രാജ്യത്തെ സാമൂഹിക ജീവിതത്തിൽ ജനങ്ങൾ വ്യത്യസ്ഥ ചിന്താഗതിയിൽ നില്ക്കുന്നു. സ്വന്തം നിലനില്പിന് വേണ്ടി കൂറുമാറുന്നു. നേതൃത്വത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ കേൾക്കാൻ പറ്റാതാവുമ്പോൾ രാഷ്ട്രീയത്തിൽനിന്ന് വിടപറയുന്നു. സത്യസന്ധത ചിലപ്പോൾ ബലികഴിക്കുന്നു. പത്രത്തിൽ ചൂടുള്ള വാർത്തയായി രാഷ്ട്രീയകാര്യങ്ങൾ സ്ഥലം പിടിക്കുന്നു. വായനക്കാർ പത്രത്തിലൂടെ സമകാലീന സംഭവങ്ങളെ രാഷ്ട്രീയ കാഴ്ചപ്പാടിൽ വിലയിരുത്തുന്നു.

എഴുതി തീർന്നത് ആദ്യം മുതൽ വായിച്ചു കഴിഞ്ഞപ്പോൾ ആശ്വാസമായി. പുതിയ ഇതിവൃത്തം പുതിയ ശൈലിയിൽ എഴുതി തീർന്നതോടെ ഒരു വലിയ ദൗത്യം നിറവേറ്റിയിരിക്കുന്നു. എഴുത്തുകാരന്റെ അനുഭൂതികൾ ചിറക്‌വിരിച്ച് പറക്കാൻ തുടങ്ങിയിരിക്കുന്നു.

"രജനിചേച്ചി അകത്തില്ലേ?"

ശബ്ദം കേട്ട് പുറത്തേക്ക് നോക്കി. ഗെയിറ്റിന്റെ അടുത്ത് അയൽക്കാരി ജയശ്രീയുടെ ചോദ്യം.

എന്താണാവ്വോ കാര്യം!

"ഉണ്ട്. അടുക്കള പണിയിലാണ്."

ഗെയിറ്റ് തുറന്ന് അകത്തേക്ക് വന്നു. ജയശ്രീയോട് കാര്യം അന്വേഷിച്ചു.

"എന്താ ഇന്നത്തെ പരിപാടി"

"പട്ടണത്തിലെ എക്സിബിഷന് രജനിചേച്ചി കൂടെ വരണം"

ജയശ്രീയുടെ അന്വേഷണം പൂർത്തിയാവുന്നതിന്റെ മുന്നെ അടുക്കളയിൽ നിന്ന് രജനി ഉമ്മറത്തേക്ക് വന്നു. രണ്ടു പേരും ചിരിച്ചു. അവരുടെ ചിരി കണ്ടപ്പോൾ, ഇന്ന് വൈകുന്നേരം പത്രമാപ്പീസിൽ പോകുന്ന കാര്യം പറയാൻ മടി തോന്നി. അതെങ്ങിനെ രജനിയോട് പറയും. അവൾക്ക് ഇഷ്ടക്കേടായിരിക്കും. രാവിലത്തെ പ്രോഗ്രാം ഇന്ന് ഉറപ്പിച്ചതാണല്ലോ!!.

ഫോണിൽ പത്രമാപ്പീസിലേക്ക് വൈകുന്നേരം വരാമെന്നു പറഞ്ഞ കാര്യം ജനിയോട് പറഞ്ഞില്ല. എല്ലാം രജനിയും കൂട്ടുകാരി ജയശ്രീയും പരസ്പരം തീരുമാനിക്കട്ടെ.

വീടിന്റെ അടുത്ത അയൽക്കാരിൽ ഏറ്റവും ആത്മാർത്ഥതയുള്ള കുടുംബമാണ് ജയശ്രീയുടേത്. ഭർത്താവ് ബാങ്കിൽ ജോലി. ഏകമകൾ കോൺവെന്റിൽ പഠിക്കുന്നു. വീട്ടിൽ വേലക്കാരി. ചെറിയ കുടുംബം. ആരോടും പരിഭവമില്ല. ജീവിതം പരസ്പര സ്നേഹത്തിലൂടെ കഴിയുന്നു.

രജനിക്കെപ്പോഴും സംസാരിക്കുവാനും അഭിപ്രായങ്ങൾ പറയുവാനും ഒരു കൂട്ടുകാരി. നാട്ടുകാര്യവും വീട്ടുകാര്യവും ലോകവിവരങ്ങളും ചർച്ച ചെയ്യുന്നത് അവരുടെ ജീവിതത്തിലെ അസുലഭനിമിഷങ്ങളായിരുന്നു.

വൈകുന്നേരത്തെ വെയിൽ നാളങ്ങൾ കുറഞ്ഞതോടെ പട്ടണത്തിലേക്ക് ജനങ്ങളുടെ പ്രവാഹമായി. കലാ സാംസ്ക്കാരികത നിറഞ്ഞ വിവിധയിനം കാഴ്ചകളുടെ എക്സിബിഷൻ. നഗരത്തിൽ ഒരു ഉത്സവത്തിന്റെ പ്രതീതിയൊരുക്കിയിരിക്കുന്നു. എക്സിബിഷന്റെ പരസ്യങ്ങളും പ്രക്ഷേപണവും ജനങ്ങൾക്ക് സിനിമലോകത്തിനപ്പുറം മറ്റൊരു വിനോദമായിമാറിയിരിക്കുന്നു.

എന്തോ ചിന്തിച്ചിരുന്നതിൽ നിന്ന് മനസ്സ് തിരിച്ച് രജനിയും ജയശ്രീയും തീരുമാനിച്ച കാര്യം എന്താണെന്ന് അറിയാൻ ചോദിച്ചു.

"ഇന്നത്തെ എക്സിബിഷന് നിങ്ങൾ രണ്ടു പേരും പോവുക. എനിക്ക് പത്രമാപ്പീസിൽ ചെന്ന് സ്ക്രിപ്റ്റ് കൊടുത്ത് സംസാരിക്കാനുണ്ട്."

അങ്ങിനെ പറഞ്ഞ് രജനിയുടെ മുഖത്തേയ്ക്ക് നോക്കി ചിരിച്ചു. ജയശ്രീയുടെ മുഖത്ത് ചിരിയുടെ ഭാവം വന്നെങ്കിലും അത് അർത്ഥം വെച്ച ഒരു നോട്ടമായി കലാശിച്ചു.

"ചേട്ടന് പത്രമാപ്പീസിൽ നിന്ന് ഫോൺ വന്നപ്പഴേ ഓർത്തു ഇന്നത്തെ പരിപാടിക്ക് ആളെകിട്ടില്ലെന്ന്." രജനിയുടെ മറുപടി.

സമാധാനിപ്പിക്കുവാൻ പറഞ്ഞു.

"ഓ കെ എക്സിബിഷൻ ഗെയിറ്റിന്റെ പുറത്ത് രാത്രി എട്ടു മണിക്ക് ഞാൻ വരും."

രജനിയും ജയശ്രീയും ഒന്നിച്ചു ചിരിച്ചു. അകത്ത് നിന്ന് രണ്ടു പേരും എക്സിബിഷൻ കാണാൻ പുറത്തേക്ക് നടന്നു. പെട്ടെന്ന് വാച്ചിൽ നോക്കി. സമയം അഞ്ച് മണി. പട്ടണത്തിലേക്ക് ജനങ്ങളേയും കൊണ്ട് വാഹനങ്ങൾ മത്സരിക്കാൻ പുറപ്പെടുകയാണ്. സമയം പോയതറിയുന്നില്ല.

ഗെയിറ്റിനപ്പുറം ഓട്ടോയിൽ രജനിയും ജയശ്രീയും കയറി പട്ടണത്തിലെ എക്സിബിഷൻ കാണാൻ യാത്ര തിരിച്ചപ്പോൾ പെട്ടെന്ന് സ്വന്തം കസേരയിൽനിന്നെണീറ്റ് ധൃതിയിൽ സ്വയം പറഞ്ഞു.

"വേഗം പത്രമാപ്പിസ്സിൽ എത്തണം. എഴുതിയ കഥയുടെ കോപ്പി ഏല്പ്പിക്കണം."

അപ്പോഴും മനസ്സിൽ കഥയുടെ നൊമ്പരങ്ങളായിരുന്നു.

കൂടെ രജനിയുടെ അഭിലാഷങ്ങളും. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

മൊയ്റാങ്ങ് (42 – ാം പേജ് തുടർച്ച)

ആ ധീരയുടെ മാറ് കുത്തിക്കീറി, വയറ് പിളർന്ന് കുടൽ പുറത്ത് ചാടി. ഒരു കൈയിൽ പതാകയും, നെഞ്ചിലെ ചുടുരക്തവുമെടുത്ത് അവൾ മാതൃഭൂമിയുടെ നെഞ്ചിൽ അർപ്പിച്ചു. മനോഹരങ്ങളായ അധരങ്ങളാൽ വന്ദേമാതരം ഉരുവിട്ട് തന്റെ ജന്മദൗത്യം പൂർത്തികരിച്ചു!

ലക്കിദേവിയുടെ ബലിദാനം അനന്തൻ നായരെ വല്ലാതെ ഉലച്ചു. 1944 സപ്തംബർ 24 ന് അനന്തൻ നായരും കൂട്ടുകാരും പോലീസ് സ്റ്റേഷൻ ആക്രമിച്ചു. അനവധി പോലീസുകാരും, വെള്ളക്കാരും യമപുരിയ്ക്ക് യാത്രയായി. ഒരു ബുള്ളറ്റ് സ്വന്തം വിരിമാറിലേയ്ക്ക ഏറ്റുവാങ്ങി ആ ധീരദേശാഭിമാനി മറ്റു പടയാളികളെ കണ്ണീരിലാഴ്ത്തി മാതൃഭൂമിയുടെ വിരിമാറിൽ അവസാന ശ്വാസവും അർപ്പിച്ചു.

മൊയ്റാങ്ങിൽ നമുക്ക് ആ കുടീരങ്ങൾ കാണാം. ഒരു നിശ്വാസമെങ്കിലും അവർക്കർപ്പിക്കാൻ കഴിഞ്ഞാൽ... ■

# നൈസി വയോ ക്ലബ്ബ്

## ഈസ്റ്റ് കൊമ്മേരി, കോഴിക്കോട് – 673 007

**വയോജന സംഗമവും ആയുർവ്വേദ വൈദ്യ പരിശോധനയും ഈസ്റ്റ് കൊമ്മേരി നൈസി വയോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 01. 07 2018 ന് ഞായറാഴ്ച നടത്തുകയുണ്ടായി. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് വേണ്ടി നടത്തിയ ഈ പരിപാടിയിൽ നൈസി വയോ ക്ലബ്ബ് സിക്രട്ടറി ശ്രീ. പി.വി. പോൾരാജൻ സ്വാഗത പ്രസംഗം നടത്തി. യോഗത്തിൽ ശ്ര. വി. ശ്രീധരൻനായർ (പ്രസിഡണ്ട്) അദ്ധ്യക്ഷം വഹിച്ചു. കോഴിക്കോട് കോർപ്പറേഷൻ 30–ാം വാർഡ് കൗൺസിലർ ശ്രീ. എം.സി. അനിൽകുമാർ (നഗരാസൂത്രണ വികസന സമിതി ചെയർമാൻ) ഉൽഘാടനം നിർവ്വഹിച്ചു. ശ്രീ. എം. ശ്രീധരൻ കുഴിങ്ങര, ഒരുമ റെസിഡന്റ്സ് അസോസിയേഷൻ പ്രസിഡണ്ട് ശ്രീ. ജയരാജൻ, കൊമ്മേരി റെസിഡന്റ്സ് അസോസിയേഷൻ സിക്രട്ടറി ശ്രീ. കെ. ഷാജി, ഡോ. പ്രവീണ ബി എ. എം. എസ്, എന്നിവർ ആശംസാ പ്രസംഗം നടത്തി. നൈസി അംഗൻവാടി ടീച്ചർ ജമീല നന്ദി പ്രകടിപ്പിച്ചു. തുടർന്ന് രോഗികൾക്ക് ആയുർവ്വേദ ഡോക്ടർമാരുടെ പരിശോധനയും മരുന്നുവിതരണവും നടത്തുകയുണ്ടായി. പ്രഷർ, ഷുഗർ എന്നിവയുടെ പരിശോധനയും സൗജന്യമായി നല്കുകയുണ്ടായി. 2018 ആഗസ്റ്റ് 5–ാം നു ഞായറാഴ്ച രാവിലെ 9 മണി മുതൽ 12 മണി വരെ പ്രഷർ, ഷുഗർ എന്നിവയുടെ പരിശോധന തുടർ പ്രവർത്തനമെന്ന നിലയിൽ നൈസി അംഗൻ വാടിയിൽ വെച്ച് നടത്തുന്നു. എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച ഈ പരിപാടി സൗജന്യമായി നടത്തുവാൻ നൈസി വയോ ക്ലബ്ബ് തീരുമാനിച്ചിരിക്കുന്നു.**



**സിക്രട്ടറി**

**THE KERALA PRIVATE COLLEGE MINISTERIAL STAFF FEDERATION**
**Guruvayurappan College Unit, Kozhikode - 14**

**കാലിക്കറ്റ് യൂണിവേഴ്സിറ്റി അനദ്ധ്യാപക മണ്ഡലത്തിൽ സെനറ്റിലേക്ക് മത്സരിക്കുന്ന കെ.പി. നജീബ് എന്നവർക്ക് 1 st വോട്ടായും ജിജോ ജോണിക്ക് 11 nd വോട്ടായും രേഖപ്പെടുത്തി വിജയിപ്പിക്കുവാൻ ഗുരുവായൂരപ്പൻ കോളേജ് യൂണിറ്റ് കെ.പി.സി.എം.എസ്.എഫ് ഒന്നടങ്കം തീരുമാനിച്ചു. കൂടാതെ ഈ വർഷത്തെ ഓണം 2018 ആഗസ്റ്റ് 20 ന് വിപുലമായി ആഘോഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.**


**എം. ശ്രീധരൻ (പ്രസിഡണ്ട്)**




**കോഴിക്കോട് ജില്ലാ പവർലിഫ്ടിംഗ് മത്സരത്തിൽ തുടർച്ചയായി മൂന്നാം വർഷവും ഓവർറോൾ ചാമ്പ്യൻമാരായ കുതിരവട്ടം കാലിക്കറ്റ് ബാർബെൽ ക്ലബ്ബ് ടീം**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

ലേഖനം



# പ്രപഞ്ചസൃഷ്ടി

**സുരേഷ് ബാബു**
**(ജ്യോതിഷ ആചാര്യ, ജ്യോതിഷ രത്നം)**

പ്രപഞ്ചം ഉണ്ടായതെങ്ങനെ എന്നതിൽ ആധുനിക ശാസ്ത്രകാരന്മാരിൽ തന്നെ ഭിന്നാഭിപ്രായങ്ങളാണ് ഉള്ളത്. അവയിൽ ഒന്ന് ഈ കാണുന്ന പ്രപഞ്ചം മുഴുവൻ കോടിക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഒരു കടുകു മണിയോളം ചെറുതായിരുന്നത്രെ. വിശ്വസിക്കാൻ പ്രയാസം തോന്നും എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അത് സത്യമാണത്രെ. ആ കടുകുമണിയോളം വലിപ്പത്തിനു പുറത്തേക്ക് ലോകം ഇല്ല. തലപുകയ്ക്കേണ്ട കാര്യമില്ല. അങ്ങനെയങ്ങ് വിശ്വസിക്കാൻ മതി എന്നാണ് ശാസ്ത്രജ്ഞർ പറഞ്ഞിട്ടുള്ളത്. കാരണം, ഈ പ്രപഞ്ചത്തെ നാം കാണുന്നത് പിണ്ഡമുള്ളതുകൊണ്ടാണ്. സൂര്യനും ഗ്രഹങ്ങളും മറ്റു സൗരയൂഥങ്ങളും ഗാലക്സികളിലെ നക്ഷത്ര സമൂഹത്തെയുമൊക്കെ നാം കാണാൻ കാരണം അവക്ക് പിണ്ഡമുള്ളതുകൊണ്ടാണ്. പിണ്ഡമില്ലെങ്കിൽ ഒന്നുമില്ല. അതിന് ഭാരതീയ വേദത്തിൽ ബ്രഹ്മാവസ്ഥ എന്നു പറയാം. പിണ്ഡമില്ലെങ്കിൽ പ്രപഞ്ചപദാർത്ഥങ്ങളെല്ലാം അതിനുണ്ടായിരുന്ന കേന്ദ്രത്തിലേക്ക് ഉൾവലിഞ്ഞ് ഒരു കടുകുമണിയോളം വലിപ്പത്തിൽ അദൃശ്യമായി സ്ഥിതിചെയ്യുന്നു. ഈ ബ്രഹ്മാവസ്ഥയിലുള്ള പ്രപഞ്ചത്തിന് ഒരു കടുകുമണിയോളമേ വലിപ്പമുള്ളെങ്കിലും നമുക്കു നിർവചിക്കാൻ പറ്റാത്തത്ര ശക്തമായ ബലങ്ങൾ അതിൽ സ്ഥിതി ചെയ്യുന്നുണ്ടാവും വളരെക്കാലം അങ്ങനെ സ്ഥിതിചെയ്യുമെങ്കിലും ബലങ്ങളുടെ ശക്തികാരണം ഈ ബ്രഹ്മാവസ്ഥക്കുള്ളിൽ അതിഭയകരമായ താപം ഉയർന്നുവരുന്നു. അത് കാരണം ഒരു മുഹൂർത്തത്തിൽ ആ ബ്രഹ്മാവസ്ഥയ്ക്ക് വിസ്ഫോടനം സംഭവിക്കുകയും ചുറ്റുഭാഗത്തേക്ക് വളരെവലിയ വേഗത്തിൽ അഗ്നിസ്ഫുലിംഗ



ങ്ങളോടുകൂടി ചിതറി പായുന്നു. അപ്പോഴുണ്ടായ വിസ്ഫോടനത്തിന്റെ ശബ്ദമാണ് "ഔം". നമ്മൾ ഇതിനെ ഓം എന്നാണ് വിളിക്കാറുള്ളതെങ്കിലും അത് അങ്ങനെയല്ല. ഈ ഓംകാരത്തിന്റെ ശരിയായ പ്രയോഗം അ-ഉ-മ് എന്നിങ്ങനെയാണ്. അകാരം ഉകാരം മകാരം എന്നിവ ചേർന്നാൽ എങ്ങനെയാണോ വായിക്കുക അങ്ങനെ. അതുകൊണ്ടാണ് "ഓം" എന്ന് വിശേഷിപ്പിച്ചത്. ഇത് സംസ്കൃതത്തിൽ എഴുതുന്നത്  ഇങ്ങനെയാണ്. ഇങ്ങനെയും  എഴുതിക്കാണാറുണ്ട്. ഇതിനെ മറ്റൊരുരീതിയിൽ, അതായത്  ഇങ്ങനെ എഴുതിയാൽ എന്താണ് വായിക്കുക. ഇത് അറബിഭാഷയായി. അത് എന്താണ് വായിക്കുക എന്ന് ഒരു മുസ്ലീമിനോടു ചോദിച്ചാൽ പറഞ്ഞു തരും. ബ്രഹ്മത്തിന് വിസ്ഫോടനം സംഭവിച്ചത് ഇന്നത്തെ പ്രപഞ്ചം ഉണ്ടാകുമ്പോൾ ഉണ്ടായ ശബ്ദമാണ് ആദ്യത്തെ ശബ്ദം. അതായത് ആദിശബ്ദം. അതായത് ഓങ്കാരം. ഓങ്കാരപ്പൊരുളാണ് ഈ ലേഖകൻ ഇത്രയും എഴുതിയിത്. ബ്രഹ്മരൂപപ്രപഞ്ചത്തിന്റെ നാഥൻ അല്ലെങ്കിൽ വളരെക്കാലം ആ സ്ഥിതിയിൽ നിന്നതിന്റെ കാരണക്കാരൻ ബ്രഹ്മാവാണെങ്കിൽ നാം ഇന്നുകാണുന്ന പ്രപഞ്ചത്തിന്റെ നാഥൻ ശിവൻ ആകുന്നു. പക്ഷേ ബ്രഹ്മാവിനെയും ശിവനേയും നാം മനുഷ്യരൂപത്തിൽ ഒരിക്കലും കാണരുത് അവയ്ക്ക് അങ്ങനെയൊരുരൂപമില്ല. പ്രപഞ്ചത്തിന് മൊത്തം എന്തുരൂപമാണോ ഉള്ളത് അത് തന്നെയാണ് ശിവന്റെ രൂപം. ശിവനെ മഹേശ്വരൻ എന്നു തുടങ്ങി പല പേരുകളും നമ്മൾ വിളിക്കാറുണ്ട്. ആധുനിക ശാസ്ത്രകാരന്മാരുടെ സിദ്ധാന്തവുമായി ഭാരതീയ നിർമിതമായ വേദവാക്യങ്ങൾക്ക് വളരെയധികം സാമ്യമുണ്ട് അതിപുരാതനകാലത്ത് വേദം എഴുതിയ മഹാഋഷിമാരെ നമിക്കുക തന്നെ വേണം. അവർക്ക് എന്തെങ്കിലും ഉപകരണങ്ങൾ ഉണ്ടായിരുന്നോ ഈ പരമസത്യം കണ്ടു പിടിക്കാൻ. ഇല്ലായിരിക്കാം. അനേകം അടി ഉയരത്തിൽ മഞ്ഞുമലകളിൽ ഭൗതികസുഖങ്ങളെല്ലാം വെടിഞ്ഞ് ജീവൻ ജീവൻ നില നിർത്താൻ മാത്രം ആഹാരം കഴിച്ച് തപസ്സനുഷ്ടിച്ചാൽ തലച്ചോറിനുണ്ടാകുന്ന വികാസമായിരിക്കാം ഈ ബുദ്ധിക്ക് കാരണം.

നാം മനുഷ്യർ മഹേശ്വരനെ അതായത് പരമേശ്വരനെ മനുഷ്യരൂപത്തിൽ കാണുന്നു. ശിവന് ഭാര്യയായി പാർവ്വതിയും. എന്താണ് ഇതിനു കാരണം. നമ്മൾ വെറും മനുഷ്യർക്ക് അങ്ങനെയെ ചിന്തിക്കാൻ കഴിയു. എങ്കിലും ഈ ആധുനിക കാലഘട്ടത്തിൽ നാം മാറ്റിചിന്തിക്കേണ്ടതല്ലെ. ശിവൻ എന്നാൽ ഈ പ്രപഞ്ചം തന്നെയാണ്. ഈ പ്രപഞ്ചത്തിലെ അഗ്നി മുതലായ ഭൂതങ്ങൾ കാരണമുണ്ടാകുന്ന ശക്തി തന്നെയാണ് ശിവശക്തി. വെള്ളപ്പൊക്കം, അഗ്നിബാധ, ഉരുൾപ്പൊട്ടൽ, കടൽക്ഷോഭം, ഇടിമിന്നൽ തുടങ്ങിയവയെല്ലാം തന്നെ ശിവതാണ്ഡവം. നമ്മുടെ ചിന്താരീതിക്ക് മാറ്റം വരുത്തിയാലേ ഹിന്ദുക്കൾക്ക് മറ്റു മതക്കാരുടെ മുമ്പിൽ പിടിച്ചുനിൽക്കാൻ പറ്റുകയുള്ളു.

ശിവന്റെ പത്നി പാർവ്വതി, എന്നതൊന്നു ആധുനികരീതിയിൽ വിശകലനം ചെയ്യാം. നാം ഇന്നു കാണുന്ന സകലജീവജാല

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55



**Yes Key Electricals & Engineering Works**

Puthiyapalam, Calicut

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ ഇലട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob: 9847390950

Ph: 0495-2702073, Resi: 9048594525

**HASBI**

**TOURS & TRAVELS**



Meenchanda

Areekad

Calicut-27

Mob: SAHIR

9895 999 100

9349 666 100





**ഷിബിൻ ബേക്കറി**

ചായ, കോഫി, സ്നാക്സ്



ജിലേബി, മൈസൂർപാക്ക്, മോത്തിചോർ, ഗുലാം ജാം

ലൈവ് കിച്ചൻ ചെയ്തുകൊടുക്കുന്നു

പാർട്ടി ഓർഡറുകൾ സ്വീകരിക്കുന്നതാണ്

കല്ലിട്ടനട – പുതിയപാലംറോഡ്, കോഴിക്കോട് – 16

ഫോൺ : 9847556937





**ധീരജ് സൗണ്ട്സ്**

H.O. പുതിയപാലം

Br. പൊറ്റമ്മൽ, കോഴിക്കോട്

Mob : 9847213890, 8281129890







**LAMBOOS**

DIGITAL CAMERAS AND ACCESSORIES

5/3394 Sajina Building
Near Nandilath G-Mart
Mavoor Road, Kozhikode,
Kerala - 673004 & Palakkad
Mob: 97 45 25 26 40 Tel: 0495 310 3426
E-mail: lambooscameras@gmail.com
Web: www.lambooscameras.com





Opening Shortly : 1st Floor, Hill Tower, Opp. Old Bus Stand, Kalpetta, Wayanad


Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55



ങ്ങൾക്കും ആൺ-പെൺ രൂപങ്ങളുണ്ട് എന്നത് ഒരു സത്യമല്ല. അങ്ങനെയാണെങ്കിൽ പ്രപഞ്ച നാഥനിലും ആ രൂപങ്ങളുണ്ടാവണമല്ലൊ. ശിവനും പാർവ്വതിയും കൂടി ചേരുമ്പോഴല്ലേ ദൈവത്തിന്റെ പൂർണ്ണരൂപമാവുകയുള്ളു. പിന്നെ ശിവനും പാർവ്വതിയും ഇടക്കിടെ തമ്മിൽ തെറ്റി നില്ക്കുന്നതോ നോക്കൂ; മനുഷ്യരിലും മറ്റുജീവജാലങ്ങളിലും ആണും പെണ്ണും തെറ്റി നില്ക്കുന്നില്ലെ. അപ്പോൾ ആ കാരണം ദൈവത്തിലും ഉണ്ടാകുമല്ലൊ. പല മൂലകങ്ങൾ ചേർന്ന പ്രപഞ്ചം തമ്മിൽ ചേരാത്ത മൂലകങ്ങൾ ചേർന്നാൽ വിസ്ഫോടനമോ മറ്റൊന്തെങ്കിലും പ്രവൃത്തിയോ നടക്കുന്നില്ലെ. കാരണം ദൈവത്തിൽ തന്നെ ഈ അവസ്ഥയുണ്ട് എന്നതാണ്. ഇനി ഒരു പുരുഷനെ നോക്കുക. അയാളിൽ സ്ത്രീയുണ്ട്. സ്ത്രീയുടെ അവയവങ്ങളെല്ലാം മുരടിച്ച വളർച്ചയിലാണ് പുരുഷനിൽ ഉണ്ടാവുക. തിരിച്ച് സ്ത്രീയിൽ പുരുഷത്വം മുരടിച്ചുനില്ക്കുന്നു. ഉദാഹരണം സ്തനം, മൂത്രക്കുഴൽ, മുതലായവ. ഗർഭപാത്രം പുരുഷനിൽ രൂപാന്തരം പ്രാപിച്ച് സ്ക്രോടത്തിനുള്ളിൽ സ്ഥതിചെയ്യുന്നു. ഇത്രയും പറഞ്ഞത് ഈ സ്ത്രീ-പുരുഷ ലക്ഷണം ദൈവത്തിലും ഉണ്ടാകണമല്ലൊ. അതുകൊണ്ടാണല്ലൊ ശിവൻ പാർവ്വതി എന്നിങ്ങനെ അവസ്ഥ ദൈവത്തിലും കണ്ടിട്ടുള്ളത്. നമ്മുടെ ശരീരത്തിൽ ജീവനുള്ള കാലത്തോളം അതിനെ ബ്രഹ്മത്തിന്റെ വിഷ്ണുരൂപം എന്നു പറഞ്ഞാൽ തെറ്റില്ല. മരിച്ചു കഴിഞ്ഞാൽ പിന്നെ എല്ലാം ശിവനിൽ ലയിക്കുന്നു- അഥവാ പ്രപഞ്ചത്തിൽ ലയിക്കുന്നു. ചിലർ പറയും പ്രപഞ്ചത്തിൽ ദൈവം വ്യാപിച്ചു കിടിക്കുന്നു എന്ന്. ഇത് തീർത്തും ശരിയല്ല. ഒരു മുറിയിൽ വായു വ്യാപിച്ചു കിടക്കുന്നു. എങ്കിൽ വായുവിനെ പിൻവലിച്ചാൽ മുറി അവിടെത്തന്നെ ഉണ്ടാകുമല്ലൊ. ദൈവം പ്രപഞ്ചത്തിൽ വ്യാപിച്ചുകിടക്കുന്നു. എങ്കിൽ ദൈവം പിൻവാങ്ങിയാൽ പ്രപഞ്ചം അവിടെത്തന്നെ ഉണ്ടാകുമല്ലൊ. ഇത് അസംഭവ്യം. പ്രപഞ്ചം ദൈവത്തിൽ വ്യാപിച്ചു കിടക്കുന്നു എന്നതാണ് ശരി. ദൈവം പിൻവാങ്ങിയാൽ പിന്നെ പ്രപഞ്ചവുമില്ല. ചിന്തിക്കുക. ■




## വളയനാട് വില്ലേജ് പൗരസമിതി (രജി. നമ്പർ 432/03)

**26-ാം വാർഡ് കമ്മറ്റി, കൊമ്മേരി, കോഴിക്കോട് - 673 007**

വളയനാട് വില്ലേജ് പൗരസമിതി 26-ാം വാർഡ് കമ്മറ്റിയുടെ വാർഷിക ജനറൽ ബോഡി കൊമ്മേരി എ.എൽ.പി സ്ക്കൂളിൽ വെച്ച് 22.07.2018 രാവിലെ 10 മണിക്ക് ചേരുകയും, പുതിയ വർഷത്തെ ഭാരവാഹികളായി താഴെ കൊടുത്തവരെ ഐക്യകണേഠന തിരഞ്ഞെടുക്കുകയും ചെയ്തു.

പ്രസിഡണ്ട് പി. രാജൻ, ജനറൽ സെക്രട്ടറി ഒ. വിനയകുമാർ, വൈസ് പ്രസിഡന്റുമാർ കെ.എം. ബഷീർ, കെ.പി. ശിവാന്ദൻ, സിക്രട്ടറിമാർ എൻ.സി. പ്രമോദ്കുമാർ, പി. ഹരീഷ്കുമാർ, ട്രഷറർ ഇർഷാദ് മനു എന്നിവരെ തിരഞ്ഞെടുത്തു. 2017-18 വർഷത്തെ റിപ്പോർട്ടും, വരവ് ചിലവ് കണക്കും അംഗീകരിച്ചും യോഗം താഴെ പറയുന്ന തീരുമാനങ്ങൾ പ്രമേയം മുഖേന ആവശ്യപ്പെട്ടു.

1. കൊമ്മേരി പ്രദേശത്ത് വർഷങ്ങളായി നിലനിൽക്കുന്ന രൂക്ഷമായ വെള്ളക്കെട്ടിന് ശ്വാശ്വതമായ പരിഹാരം കണ്ടെത്തിയും, മാങ്കാവ് ശ്മശാനം - മേത്തോട്ടുത്താഴം റോഡ് യാഥാർത്ഥ്യമാക്കി ജനങ്ങളുടെ യാത്രാദുരിതമടക്കമുള്ള പ്രയാസങ്ങൾക്ക് പരിഹാരം.
2. ജപ്പാൻ കുടിവെള്ള പൈപ്പിടൽ പദ്ധതി പ്രവൃത്തിമൂലം തകർന്ന കുളങ്ങരപീടിക - അനന്തൻ ബസാർ റോഡിന്റെ പുനർനിർമ്മാണവും, നിർത്തിവെച്ച ബസ്സ് ഗതാഗതവും പുനരാരംഭിക്കണം.
3. ലാന്റ്മാർക്ക് ബിൽഡേർസിലേക്കുള്ള ജപ്പാൻ കുടിവെള്ള പൈപ്പിടൽ പ്രവൃത്തിമൂലം മേനിച്ചാലിൽ പ്രദേശത്ത് മണ്ണ് ഇടിഞ്ഞും, കിണർ ഇടിഞ്ഞും മുണ്ടായ ഉത്കണഠാകുലമായ സംഭവത്തിന് ശാശ്വത പരിഹാരം കാണുക. കിണറിന്റെ ഉടമസ്ഥനായ ഇ. സനികുമാറിന് കിണർ പുനർനിർമ്മിക്കാൻ ആവശ്യമായ തുക ലാന്റ്മാർക്ക് നൽകക.

ഈ വക കാര്യങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ തീരുമാനിച്ചുകൊണ്ട് യോഗം ട്രഷറർ ഇർഷാദ്മനുവിന്റെ നന്ദിപ്രകാശനത്തോടെ അവസാനിച്ചു.

പ്രസിഡണ്ട് / സിക്രട്ടറി

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

സ്പോർട്സ്

# എട്ട് ലോകകപ്പ് ഫുട്ബോൾ ഫൈനൽ സ്മരണകൾ




**ഭാസി മലാപ്പറമ്പ്**

1982 മുതൽ 2014 വരെ, നാല് കൊല്ലങ്ങളുടെ ഇടവേളകളിൽ അരങ്ങേറിയ ഫിഫ ലോകകപ്പ് ഫുട്ബോളിൽ "യു.എസ് എ 1994 "ഒഴികെയുള്ള എട്ട് ചാമ്പ്യൻഷിപ്പുകളിലെ ഫൈനൽ മത്സരങ്ങൾ സ്റ്റേഡിയങ്ങളിലെ മീഡിയാ സീറ്റുകളിൽ ഇരുന്നുകൊണ്ട് കണ്ടപ്പോൾ ഉണ്ടായ ഹൃദയവികാരങ്ങൾ മരണം വരെ ബുദ്ധിമണ്ഡലത്തിൽ സ്ഥിരപ്രതിഷ്ഠ സ്ഥാപിച്ചിട്ടുണ്ട്.

ദിനോ സോഫ്, പോളോ റോസ്സി, ഡിയേഗോ മറഡോണ, ഷുമാക്കർ, ബ്രഹ്മെ, പീറ്റർ ഷിൽട്ടൺ, സിനദിൻ സിദാൻ, റൊണാൾഡോ, റൊണാൾഡിഞ്ഞോ, ബുഫൺ, തോമസ് മുള്ളർ, ഡിയേഗോ ഫോർലാൻ, ലയണൽ മെസി, ഹിഗ്വയിൻ, വെയിൻ റൂണി, നെയ്മാർ, എന്നിവരുടെ പാദചലനങ്ങളും ഹെഡ്ഡറുകളും ഹൃദയമണ്ഡലത്തിൽ ജ്വലിച്ചുനിൽക്കുന്നവയാണ്.

റഷ്യ വേൾഡ് കപ്പ് 2018ലെ ഫ്രാൻസ് - ക്രൊയേഷ്യ ഫൈനൽ മത്സരം 1982 - 2014 (1994 ഒഴികെ) ലോകകപ്പ് ഫൈനലുകളുടെ ഉജ്ജ്വലസ്മരണകളുടെ സൃഷ്ടാക്കൾകൂടിയായി എന്നത് ഫുട്ബോൾ ലേഖകൻ, മുൻകളിക്കാരൻ എന്നി നിലകളിൽ ഉൾകൊണ്ട സ്പോർട്സ്മാൻ സ്പിരിറ്റ്കൊണ്ട്കൂടിയായിരുന്നു!

"ഫിഫ ലോകകപ്പ് റഷ്യ 2018 "ന്റെ ഫൈനലിൽ ഫ്രാൻസും ക്രൊയേഷ്യയും തമ്മിൽ മോസ്ക്കോയിലെ ലുഷ്നിക്കി സ്റ്റേഡിയത്തിൽവെച്ച് ഏറ്റുമുട്ടിയ മത്സരം ടെലിവിഷനിൽ വീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു ഞാൻ; ഫ്രാൻസ് തങ്ങളുടെ രണ്ടാമത്തെ ലോകകപ്പ് വിജയത്തിലേക്ക് കാൽവെക്കുന്നത് ടെലിവിഷനിൽ കണ്ടുകൊണ്ടിരിയ്ക്കുന്ന കേരളത്തിലെ ഒരു കോടി എഴുപത്തിയെട്ട് ലക്ഷം ടെലിവിഷൻ കാണികളിൽ ഒരാളായി സ്വന്തം സ്വീകരണമുറിയിൽ ടെലിവിഷനിൽ മുഖമർപ്പിച്ചുകൊണ്ടിരിക്കുകയാണ്.



**ലേഖകൻ ഫിഫ ലോകകപ്പ് 1982 ജേതാവ് ബെർഗോമി (ഇറ്റലി) യുടെ കൂടെ 2010 ലോകകപ്പ് വേദിയിൽ**

കളിയുടെ ആരംഭനിമിഷങ്ങളിൽ മൈതാനത്ത് ആധിപത്യം സ്ഥാപിച്ച ക്രൊയേഷ്യക്കെതിരെ ഫ്രാൻസ് ലീഡ് നേടിയ സന്ദർഭം വളരെ കൗതുകകരമായിരുന്നു. ഫ്രാൻസിന്റെ വലതത് വിങ്ങിൽ കൂടിയുള്ള ആക്രമണമുന്നേറ്റത്തിൽ അന്റോയ്ൻ ഗ്രീഷ്മാന്റെ ഉയർന്നുവന്ന ഫ്രീകിക്ക് ക്രൊയേഷ്യൻ ഡിഫന്റർ മരിയോ മന്റ്സൂക്കിച്ചിന്റെ ഹെഡ്ഡറിൽ സ്വന്തം ഗോൾനെറ്റിലെത്തിയപ്പോൾ ഫ്രാൻസിന് ഒരു ഗോളിന്റെ ലീഡ് ലഭിക്കുന്നു.

അല്പനിമിഷങ്ങൾക്കുള്ളിൽ തന്നെ ക്രൊയേഷ്യക്കു വേണ്ടി ഐവൻ പെരിസിച്ച് ഫ്രാൻസിന്റെ പെനാൽറ്റി ഏരിയയ്ക്കുമുന്നിൽ വെച്ച് ഷാർപ്പ് ഷൂട്ടിങ്ങിലൂടെ ഗോൾ നില 1-1 ൽ സമനിലയാക്കുന്നു. പക്ഷേ സമനില ഗോളിലൂടെ ഹീറോ ആയ പെരിസിച്ച് അല്പനിമിഷങ്ങൾക്കുള്ളിൽ ടീമിന്റെ വില്ലൻ സ്ഥാനത്തേക്ക് പതിക്കുകയാണ്. വലതുഭാഗത്തുകൂടി ഫ്രാൻസ് നടത്തിയ ആക്രമണമുന്നേറ്റത്തെ തടയുവാൻ വേണ്ടി ക്രൊയേഷ്യയുടെ നാലാം നമ്പർ ജഴ്സി അണിയുന്ന പെരിസിച്ച് കൈപ്രയോഗം നടത്തിയപ്പോൾ റഫറി വിസിൽ മുഴക്കി വിരൽചൂണ്ടി പെനാൽട്ടി സ്പോട്ടിലേക്ക്! "വീഡിയോ അസിസ്റ്റന്റ് റഫറിയുടെ" വീക്ഷണത്തിനു ശേഷമാണ് റഫറി പെനാൽറ്റി കിക്ക് എടുക്കുവാൻ അനുമതി നൽകിയത്. ഫുട്ബോളിൽ റഫറിമാർക്ക വാർ " VAR" ഉപയോഗപ്രദമാകുന്നതിന്റെ മികച്ച ഉദാഹരണമായി ക്രൊയേഷ്യക്കെതിരെയുള്ള പെനാൽറ്റി കിക്കിന്റെ അനുമതി.

ഇടവേളക്കുമുമ്പ് അങ്ങിനെ ഫ്രാൻസ് 2 - 1 ന്റെ ലീഡ് നേടുകയാണ്.

ഇടവേളയ്ക്കുശേഷം പോൾ പോഗ്ബ എന്ന യുവതാരത്തിൽകൂടി ഫ്രാൻസ് 3-1 ന്റെ ലീഡിൽ എത്തി. ക്രൊയേഷ്യൻ പ്രതിരോധ നിരയിൽ ഇടിത്തീ പ്രയോഗങ്ങൾ നടത്തിയ ഫ്രാൻസിന്റെ യുവതാരം കൈലിയൻ എംബപ്പെ വീണ്ടും ഒരു ഗോളിൽകൂടി ഫ്രാൻസിന്റെ ഗോൾ മാർജ്ജിൻ 4-1 ൽ എത്തിച്ചു. ക്രൊയേഷ്യൻ താരം മന്റ്സൂക്ക്ച്ചിന്റെ അവസാന ഗോൾ ഫ്രാൻസിന്റെ ലീഡ് 4-2 ലേക്ക് മാറ്റി. ഫ്രാൻസിന്റെ ഗോൾകീപ്പർ ഹുഗോ ലോറിസിന്റെ അശ്രദ്ധ ഗോളിന്ന് വഴിയൊരുക്കി.

ഫ്രാൻസ് സ്വന്തം മണ്ണിൽവെച്ച് 1998 ൽ ഫിഫ ലോകകപ്പ് ചാമ്പ്യന്മാരാകുന്നത് നേരിൽകണ്ട് റിപ്പോർട്ട് ചെയ്ത നിമിഷങ്ങളാണ് റഷ്യയിലെ ഫ്രാൻസിന്റെ കപ്പ്

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

വിജയം മനസ്സിലെത്തിച്ചത്. ഫ്രാൻസ് കോച്ച് ദീദിയർ ദെഷാമ്പ്സ് ലോകകപ്പ് നേടുന്ന കളിക്കാരനും പരിശീലകനുമായി ഡബ്ബിൾറോളിലേയ്ക്ക് ഉയർന്നതും സന്തോഷമുണ്ടാക്കി. 1998ൽ കളിക്കാരന്റെ ജർസിയിൽ; പിന്നീട് 20 വർഷങ്ങൾ കഴിഞ്ഞ ശേഷം, 2018ൽ വീണ്ടും വിജയ മെഡൽ ടീം കോച്ച് എന്ന റോളിൽ! കൈലിയൻ എംബാപ്പെ എന്ന പത്തൊൻപത് കാരൻ 1958 ൽ ലോകകപ്പ് ഫൈനലിൽ പെലെ എന്ന പതിനേഴ് വയസ്സുകാരൻ സ്വീഡനെതിരെ സ്ക്കോർ ചെയ്ത് ലോകകപ്പ് നേടിയ ഏറ്റവും പ്രായംകുറഞ്ഞ കപ്പ് നേട്ടക്കാരനായതിന്റെ പിൻഗാമിയായി ഉയരുന്നതും ആവേശത്തിന്റെ പൊലിമയായി!

ഫ്രാൻസ്- ക്രൊയേഷ്യ ഫൈനൽ മത്സരം ടെലിവിഷനിൽ വീക്ഷിച്ചുകൊണ്ടിരിക്കെ മനസ്സിൽ ഉയർന്ന കാര്യം റഷ്യൻ ലോകകപ്പ് വേദിയിൽ എത്തുവാൻ കഴിഞ്ഞില്ലല്ലോ എന്നതായിരുന്നു. ഫുട്ബോൾ ലോകസംഘടനയായ ഫിഫയിൽനിന്നും മീഡിയാ അക്രഡിറ്റേഷൻ അനുവദിക്കപ്പെട്ടിരുന്നുവെങ്കിലും റഷ്യൻ യാത്ര വ്യക്തിപരകാരണങ്ങളാൽ ഉപേക്ഷിക്കുകയായിരുന്നു.

ഫൈനൽ മത്സരം ടെലിവിഷനിൽ വീക്ഷിച്ചുകൊണ്ടിരിക്കേ മനസ്സിൽ ഉയർന്നു വന്നത് 1982 മുതൽ 2014 വരെ അരങ്ങേറിയ ഒമ്പത് ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പുകളിൽ 19994 ൽ യു.എസ്.എ. ആതിഥേയത്വം വഹിച്ച ലോകകപ്പ് ചാമ്പ്യൻഷിപ്പ് ഒഴികെ മറ്റ് എട്ട് ലോകകപ്പ് മത്സരങ്ങളിൽ (1982, 1986, 1990, 1998, 2002, 2006, 2010, 2014) മീഡിയാ അക്രഡിറ്റേഷനോടുകൂടി നേരിട്ട് സാക്ഷിയായതും ആദ്യത്തെ ഏഴ് ലോകകപ്പ് മത്സരങ്ങൾ മലയാള മനോരമ ദിനപത്രത്തിന്നും, 2014 ലെ ലോകകപ്പ് ജനയുഗം പത്രത്തിന്നും റിപ്പോർട്ടു ചെയ്തതുമായ ആവേശനിമിഷങ്ങളായിരുന്നു. ലോകകപ്പ് ഫൈനൽ മത്സരങ്ങൾ ഉന്നത നിലവാരം പുലർത്തിയാലും ഇല്ലെങ്കിലും അവയെല്ലാം എക്കാലത്തും മനസ്സിന്റെ ഭിത്തിയിൽ രേഖപ്പെടുത്തപ്പെട്ടതായിരിയ്ക്കും എന്നതിന് ഫ്രാൻസ്-ക്രൊയേഷ്യ മത്സരം വീക്ഷിച്ചുകൊണ്ടിരിക്കെ ഹൃദയഭിത്തിയിൽ രേഖപ്പെടുത്തപ്പെട്ട മറ്റ് എട്ട് ലോകകപ്പ് ഫൈനൽ മത്സരങ്ങളുടെ ചിത്രങ്ങൾ ജ്വലിച്ചു തിളങ്ങിയത് ഉദാഹരണമായി.

ഞാൻ ലോകകപ്പ് റിപ്പോർട്ടിങ്ങ് ആരംഭിച്ചത് "സ്പെയിൻ 1982" ലോകകപ്പിലായിരുന്നു. ഇന്ത്യയിൽ ഇന്റർനെറ്റോ, മൊബൈൽഫോണോ നിലവിൽ വന്നിട്ടില്ലാത്ത കാലഘട്ടത്തിൽ സ്പെയിനിൽ നിന്ന് മലയാള മനോരമ ദിനപത്രത്തിന്ന് പ്രത്യേക ലേഖകൻ എന്ന നിലയിൽ റിപ്പോർട്ട് നൽകിയത് ടെലക്സിൽകൂടിയും ടെലിഫോൺ ട്രങ്ക് കോൾ വഴിയുമായിരുന്നു. മലയാള മനോരമ അന്ന് കോട്ടയം, കോഴിക്കോട്, കൊച്ചി എഡിഷനുകൾ മാത്രമാണ് പ്രസിദ്ധികരിച്ചിരുന്നത്. മുൻ ഫുട്ബോളറും, മലയാളമനോരമ വാരികയിൽ "നീണ്ട കഥ" എന്ന ബാനറിൽ നോവലുകൾ പ്രസിദ്ധികരിച്ചിരുന്ന എഴുത്തുകാരനും എന്ന നിലയിലാണ് ഫുട്ബോൾ ലോകകപ്പ് കവറേജിനു വേണ്ടിയുള്ള എന്റെ ആഗ്രഹത്തിന്ന് മലയാള മനോരമ പത്രാധിപർ കെ.എം. മാത്യുസാർ പിന്തുണ നല്കിയത്. അപേക്ഷ സ്വീകരിച്ചുകൊണ്ട് ഫിഫ മീഡിയ അക്രഡിറ്റേഷൻ അനുവദിക്കുകയും ചെയ്തു. ഇന്ത്യയിൽ നിന്ന് കൽക്കത്തക്കാരനായ ഒരു ലേഖകനും ഞാനും മാത്രമാണ് സ്പെയിൻ ആതിഥേയത്വം നൽകിയ 1982 ലെ ലോകകപ്പ് റിപ്പോർട്ട് ചെയ്തത് എന്നാണ് ഓർമ്മ.

1982 ജൂലൈ 11 ന്റെ ഫൈനൽ മത്സരം ഇറ്റലിയും പശ്ചിമ ജർമ്മനിയും തമ്മിലായിരുന്നു. അക്കാലത്ത് ജർമ്മനി പശ്ചിമജർമ്മനിയും പൂർവ്വ ജർമ്മനിയുമായി രണ്ടു രാഷ്ട്രങ്ങളാണ്. ഫൈനലിൽ പശ്ചിമജർമ്മനിയെ 3-1ന്ന് പരാജയപ്പെടുത്തിക്കൊണ്ട് ഇറ്റലി ലോകകപ്പ് ജേതാക്കളായി. ഗോൾരഹിതമായ ആദ്യപകുതിയ്ക്ക് ശേഷം മത്സരത്തിലെ നാലു ഗോളുകളും നെറ്റിലെത്തിയത് രണ്ടാം പകുതിയിലായിരുന്നു. 1934 ലും

1938ലും ലോകകപ്പ് നേടിയ ഇറ്റലിയുടെ മൂന്നാമത്തെ ലോകകപ്പ് വിജയത്തിന്നാണ് സ്പെയിൻ 1982 ൽ വേദിയായത്- 44 വർഷത്തെ ഇടവേളയ്ക്കുശേഷം! ഫൈനലിൽ ഇറ്റലിയുടെ ഈ ഗോൾ സ്ക്കോർ ചെയ്ത പോളോ റോസി ടൂർണ്ണമെന്റിലെ ടോപ് സ്ക്കോററുമായി!

1982 ജൂലൈ 12 ന്റെ മലയാള മനോരമയുടെ മുൻപേജിൽതന്നെ "കപ്പ് ഇറ്റലിക്ക് " എന്ന തലക്കെട്ടിൽ എന്റെ ബൈലൈനോടുകൂടി ഫൈനൽ മത്സര റിപ്പോർട്ടും ഇറ്റലി ടീമിന്റെ ഫോട്ടോയും പ്രസിദ്ധീകരിച്ചു. റിപ്പോർട്ടിലെ പ്രധാന ഭാഗങ്ങൾ ഇപ്പോഴും ഓർമ്മിക്കുന്നു:

"ഇറ്റലി ലോകകപ്പ് വീണ്ടെടുത്തു. 44 വർഷത്തെ ഇടവേളക്കു ശേഷം ലോകകപ്പ് കിരീടം വീണ്ടെടുക്കുവാൻ അവർ 3-1 ന്ന്



P.A.S. TRADERS
Hardwares, Paints & Sanitary fitting
Door No : 28/6/3391
Majestic Building, Palazhi Road, Pottammal
Calicut- 673 016, Ph : 0495 2744547
Mob - 9447884878






Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55

പശ്ചിമജർമ്മനിയെ തോല്പിച്ചു.

എല്ലാ ഗോളുകളും രണ്ടാം പകുതിയിലാണ് വീണത്. ആദ്യഗോൾ സ്കോർ ചെയ്ത പോളോ റോസ്സി ഈ മേളയിലെ ടോപ് സ്കോറർ ആയി മാറി. (ആറ് ഗോൾ). രണ്ടാം ഗോൾ മാർക്കോ ടാർഡെല്ലിയുടെ വകയായിരുന്നു. മൂന്നാമത്തേത് ആന്റോ ചെല്ലിയും നേടി.

പശ്ചിമജർമ്മനിയുടെ ഏക ഗോൾ പോൾ ബ്രൈറ്റ്നർ നേടി.

1934 ലും 1938 ലും കപ്പ് നേടിയ ഇറ്റലി ഇതോടെ മൂന്നു ലോകകപ്പ് വിജയവുമായി ബ്രസീലിന്റെ റിക്കാർഡിനൊപ്പമെത്തി. ലോക കപ്പ് ജയിക്കുന്ന ടീമിലെ ഏറ്റവും കാരണവരായി മാറിയ നാല്പതു വയസ്സുള്ള ഇറ്റലിയുടെ ക്യാപ്റ്റൻ ദിനോ സോഫ് ട്രോഫി ഏറ്റു വാങ്ങി...

ഒരു ലക്ഷത്തോളം വരുന്ന കാണികളെക്കൊണ്ട് തിങ്ങി നിറഞ്ഞ സാന്റിയാഗോ ബെർണാബോ സ്റ്റേഡിയത്തിൽ ഇറ്റലിയുടെ ആക്രമണത്തോടെയാണ് കളി തുടങ്ങിയത്..."

തുടർന്ന് കളിയുടെ പൂർണ്ണ വിവരങ്ങളും ഉൾപ്പെടുത്തിയിരുന്നു. ഇതുകൂടാതെ "റോസി ലോകം കീഴടക്കുന്നു" എന്ന ടൈറ്റിലിൽ പ്രത്യേക കോളവും രണ്ടാം സ്ഥാനം നേടിയ പശ്ചിമ ജർമ്മനിയുടേയും മൂന്നാം സ്ഥാന ക്കാരായ പോളണ്ട് ടീമിന്റേയും ഫോട്ടോകളും പ്രസിദ്ധീകരിച്ചു.

എന്റെ പ്രഥമ ലോകകപ്പ് റിപ്പോർട്ടിങ്ങ് മലയാള പത്രമേഖലയിൽ ശ്രദ്ധപിടിച്ചുപറ്റിഎന്നാണ് തോന്നിയത്. മറ്റൊരു മലയാള പത്രത്തിന്നും വേദിയിൽനിന്ന് നേരിട്ട് റിപ്പോർട്ട് ചെയ്യുവാൻ സാധിച്ചിരുന്നില്ല.

എന്റെ പ്രഥമ ലോകകപ്പ് റിപ്പോർട്ടിങ്ങിന്റെ വൈകാരിക വശങ്ങൾ മെക്സിക്കോ ആതിഥേയത്വം വഹിച്ച 1986 ലെ ലോകകപ്പ് റിപ്പോർട്ട് ചെയ്യുന്നതിന്നും വഴിയൊരുക്കി. വീണ്ടും മലയാള മനോരമ പത്രത്തിന്റെ പേരിൽ മീഡിയ അക്രഡിറ്റേഷൻ ലഭിച്ചു. അർജന്റീനയുടെ ഡിയേഗോ മറഡോണ എന്ന് ലോകപ്രശസ്ത താരത്തിന്റെ പ്രകടനങ്ങൾ നേരിൽ കണ്ട് റിപ്പോർട്ടു ചെയ്യുവാൻ ഭാഗ്യമുണ്ടായിഎന്നതാണ് മെക്സിക്കോ ലോകകപ്പിൽ എനിയ്ക്ക് കൈവന്ന അനുഗ്രഹം.

"ദൈവത്തിന്റെ കൈകൊണ്ടുള്ള ഗോൾ" എന്ന ലോക പ്രശസ്തമായ മറഡോണയുടെ "ഹാൻഡ് ബോൾഗോൾ" നേരിൽ കാണാനും റിപ്പോർട്ട് ചെയ്യാനും സാധിച്ചതും അനുഗ്രഹമായി. ഇംഗ്ലണ്ടിന്റെ ഗോൾകീപ്പർ പീറ്റർ ഷിൽട്ടൺ 2015 ഡിസംബറിൽ കോഴിക്കോട് സന്ദർശിച്ചപ്പോൾ മറഡോണയുടെ ഗോൾ വീണ്ടും ചർച്ചാവിഷയമാവുകയും മലയാള മനോരമയിൽ പ്രത്യേക കോളത്തിൽ 1986 ൽ പ്രസിദ്ധികരിച്ച എന്റെ റിപ്പോർട്ട് വീണ്ടും രംഗത്തെത്തുകയുമുണ്ടായി.

പശ്ചിമജർമ്മനിയെ രണ്ടിന്നെതിരെ മൂന്നു ഗോളുകൾക്ക് പരാജയപ്പെടുത്തിക്കൊണ്ട് അർജന്റീന ലോക കപ്പ ജേതാക്കളായതിന്റെ വികാരാവേശം മത്സരംഓർക്കുമ്പോൾ ഇപ്പോഴും ഹൃദയത്തിലേക്ക് തള്ളി വരുന്നുണ്ട്. 1986 ജൂൺ 29ഞായറാഴ്ച മെക്സിക്കോസിറ്റിയിലെ ആസ്ടെക്ക സ്റ്റേഡിയത്തിൽഅരങ്ങേറിയ ഫൈനൽ മത്സര റിപ്പോർട്ട് ജൂൺ 30 ന്റെ മലയാള മനോരമയിൽമറഡോണയുടെ ആക്ക്ഷൻ ഫോട്ടോയോടും മുഴുവൻ ടീമിന്റേയും ഫോട്ടോയോടും കൂടിയാണ് പുറത്തിറങ്ങിയത്. മത്സരം വീക്ഷിച്ചപ്പോൾ എന്നിൽ ഉണ്ടായ വികാരതീവ്രമായ ഓരോ നിമിഷവും അക്ഷരങ്ങളിലാക്കുവാൻ ശ്രമിച്ചപ്പോൾ അർജന്റീനയുടെ കപ്പ് നേട്ടവും പശ്ചിമജർമ്മനിയുടെ ഫൈനൽ പ്രവേശനമടക്കമുള്ള പ്രകടനങ്ങളും വായനക്കാരിൽ എത്തിക്കുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു. എക്കാലത്തും മനസ്സിൽ ഉയരുന്ന മത്സരവീക്ഷണങ്ങൾ!.



**ലൈബീരിയയുടെലോകകപ്പ്താരം ജോർജ്ജ് വിയയുടെകൂടെ ലേഖകൻ 2010 ലോകകപ്പ് വേദിയിൽ.**
**വിയ ഇപ്പോൾ ലൈബീരിയയുടെ ദേശീയ പ്രസിഡണ്ടാണ്.**

(തുടരും)


# സി.എം.എസ്. ഫർണീച്ചർ & ഗ്ലാസ്സ് പാലസ്

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ, കോഴിക്കോട് 673 017**

**നവീകരിച്ച സി.എം.എസ്. ഫർണീച്ചർ & ഗ്ലാസ്സ് പാലസ് ഷോറൂം 17.08.2018 വെള്ളിയാഴ്ച ചിങ്ങം 1 മുതൽ തുറന്നു പ്രവർത്തിക്കുന്നു.**

**സി.എം. സുന്ദരൻ 7592056056**
**ഫോൺ: മുസ്താക്ക് 7592057057**
**ഓഫീസ് 7592058058**

**അഡ്രസ്സ് : തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ, കോഴിക്കോട് 673 017**

**ഹോൾസെയിൽ & റീട്ടെയിൽ ഡീലേഴ്സ്: ഫർണീച്ചർ, ടഫൻ ഗ്ലാസ്സ്, ടോയ്സ്&ഫ്ളവേഴ്സ്**


Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Quartarly
DTP E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode-55


Authorised Distributer
RnC
RODS AND CLAMPS
WHOLESALE DISTRIBUTERS OF
ALL TYPE OF
BLINDS & CURTAIN ACCESSORIES
Rajeswari Building, Kalluthan Kadavu Road, Puthiyara, Kozhikode
Mob: 9048 990 737, Ph: 0495 404 44 45, E-mail: rccalicut@gmail.com


OUR DRESS MAKERS
GENTS & LADIES
Urgent Stitching For
Shirts 1 Hour
Pants 2 Hour
Blouse 1 Hour, Churidar 1 Hour
Suits 24 Hours
Room No. 12, First Floor, Mofussil Bus Stand Building
Mavoor Road, Kozhikode - 673 004
Ph: 0495 - 2723899

Vol : 1, Issue : 1
RNI Reg. No:KERMAL16195
NAKSHATHRARAJYAM
TRI-MONTHLY(QUARTERLY)
2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ

PK ELECTRICALS

# PEE KAY ELECTRICALS

WHOLE SALE AND RETAIL

0495 2560330 / 4060090

+91 9447393749

City Tower, Mavoor Road, Calicut - 673004

Web:www.peekayelectricals.in, E-mail: pkelectricals.clt@gmail.com

Finolex, legrand, BAJAJ, HAVELLS, ANCHOR, WIPRO, Vinay, POLYCAB, BONTON CABLES, Crabtree, RR KABEL, L&T SWITCHGEAR

# SOBHA INDUSTRIES

Mooriyad, P.O Chalappuram, Kozhikode- 673 002
Ph: Mohandas T- 9846235836, 9544475340, 9746591263
sobhaindustries3g@gmail.com
www.sbscalicut.com







**Manufacture of Centering Equipments**
**Adjustable Prop, Span, Centering Sheet, Column Box**
**Scaffolding, Etc.**

Edit, Printed by Nakshatrararajyam E. Radhakrishnan on behalf on Nakshatrarajyam Quarterly
DTP: E. Radhakrishnan, Printed at Geethanjali Web Offsets, Kundayithode, Kozhikode